**ധനകാര്യം**

## 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ V | - | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VI | - | ഭൂനികുതി |
| ധനാഭ്യർത്ഥന നമ്പർ VII | - | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ XI | - | ജില്ലാഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXI | - | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ XXVI | - | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് |
| ധനാഭ്യർത്ഥന നമ്പർ XXVIII | - | പലവക സാമ്പത്തിക സർവ്വീസുകൾ |

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024<br>സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |
| V | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 398,56,26,000 | - | 398,56,26,000 |
| VI | ഭൂനികുതി | 803,55,39,000 | - | 803,55,39,000 |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 303,32,81,000 | - | 303,32,81,000 |
| XI | ജില്ലാഭരണവും പലവകയും | 854,55,16,000 | - | 854,55,16,000 |
| XXI | ഭവനനിർമ്മാണം | 76,24,31,000 | 61,36,01,000 | 137,60,32,000 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 1284,66,00,000 | - | 1284,66,00,000 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 264,34,64,000 | 4232,25,08,000 | 4496,59,72,000 |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ചെയർമാൻ: ഏഴ് ധനാഭ്യർത്ഥനകളെയും സംബന്ധിച്ചുള്ള ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ

അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ V - ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വില വർദ്ധനവിന് ഇടയാക്കുന്നതായി പറയപ്പെടുന്നതിനാൽ, പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്താനുള്ള നിർദ്ദേശം പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഐ.ജി.എസ്.ടി. വിഹിതം നേടുന്നതിൽ വരുത്തിയ വീഴ്ച മൂലം ഖജനാവിന് നഷ്ടമുണ്ടായതായി പറയപ്പെടുന്ന വിഷയം

ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് ഇന്റലിജൻസ് ക്യാമറകൾ പ്രവർത്തിക്കാത്തതിനാലും ഇ-വേ ബില്ല് പരിശോധന നടക്കാത്തതിനാലും നികുതി നഷ്ടം വന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് കൂടുതൽ നികുതി വിഹിതം ലഭ്യമാക്കാൻ ജി.എസ്.ടി. കൗൺസിലിൽ ഇടപെടൽ നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പറയപ്പെടുന്ന തെറ്റായ ധനകാര്യ മാനേജ്മെന്റ്, നികുതി പിരിവിലെ കെടുകാര്യസ്ഥത എന്നിവ മൂലം ഉണ്ടായതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഉണ്ടായതായി പറയപ്പെടുന്ന ധൂർത്തുകളും ദുർചെലവുകളും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് ലഭിക്കാനുള്ള നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാതെ ജനങ്ങൾക്ക് മേൽ നികുതി ഭാരം അടിച്ചേൽപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാലുല്പന്നങ്ങളുടെ ജി.എസ്.ടി. വർദ്ധിപ്പിച്ച തീരുമാനത്തിൽ ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം എതിർപ്പ് രേഖപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതി കുടിശ്ശിക

പിരിച്ചെടുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ആംനെസ്റ്റി സ്കീമുകൾ തുടർച്ചയായി പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അരിയുടെ ജി.എസ്.ടി. ഉയർത്തുന്ന വിഷയത്തിൽ ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം എതിർപ്പ് രേഖപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീമതി കെ. കെ. രമ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിലുള്ള 2043-00-001-97-02(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 31,96,000 രൂപ നീക്കം ചെയ്യേണ്ടതാണ് (പി.എസ്.സി.യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും ഒഴിവാക്കി

താൽക്കാലിക നിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും നടത്തുന്നതിനായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 398,56,26,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കുറുക്കോളി മൊയ്തീൻ
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. പി. ഉബൈദുള്ള
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. നജീബ് കാന്തപുരം

## ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റീ സർവ്വെ നടപടികൾ പൂർത്തീകരിക്കാതെ നീട്ടിക്കൊണ്ടു പോകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലയോര മേഖലകളിൽ ദീർഘനാളായി താമസിച്ചു വരുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി നൽകുന്ന അപേക്ഷകളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുറംപോക്കു ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റീ സർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതായും ഭൂനികുതി ഈടാക്കുന്നതിന് വില്ലേജ് ഓഫീസർ വിമുഖത കാണിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിക്ക് ന്യായവില ഏർപ്പെടുത്തിയ നാൾ മുതൽ നാളിതുവരെ ന്യായവിലയിൽ 120 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടുള്ളതായും എന്നാൽ വീണ്ടും ന്യായവില വർദ്ധനവ് നടത്തി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റവന്യൂ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (യൂണിക് തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്തുമ്പോൾ ഭൂരേഖകൾ ദുരുപയോഗം ചെയ്യപ്പെടുന്നത്

ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടയഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയ ഫണ്ട് കൈകാര്യം ചെയ്തതിൽ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അനധികൃതമായി കൈവശം വച്ചിരിക്കുന്ന

സർക്കാർ ഭൂമി തിരികെ പിടിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സിൽവർലൈൻ പദ്ധതിക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റവന്യൂ വകുപ്പിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തീരദേശവാസികളുടെ താമസ സ്ഥലത്തിന് പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 803,55,39,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. കുറുക്കോളി മൊയ്തീൻ

6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. നജീബ് കാന്തപുരം

## ധനാഭ്യർത്ഥന നമ്പർ VII - മുദ്രപത്രങ്ങളും രജിസ്ട്രേഷനും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വന്തമായി കെട്ടിടമില്ലാത്ത സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അണ്ടർ വാല്യുവേഷന്റെ പേരിൽ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് എന്നിവ കൈമാറ്റം ചെയ്യുന്നതിനുള്ള മുദ്രവില നിരക്കുകൾ വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന നിർദ്ദേശം പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗഹാനകളും ഗഹാൻ ഒഴിവുകുറികളും ഫയൽ ചെയ്യുന്നതിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതായി പറയപ്പെടുന്ന സർവ്വീസ് ചാർജ് പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കുന്നതുമൂലം ഭൂരഹിതരായവർക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിയുടെ ന്യായവില ഉയർത്തുന്നതായി പറയപ്പെടുന്നതിനാൽ ക്രയവിക്രയങ്ങൾ കുറയുകയും നികുതി വരുമാനം കുറയുകയും ചെയ്യാനുള്ള സാധ്യത

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 303,32,81,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. യു. എ. ലത്തീഫ്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. കുറുക്കോളി മൊയ്തീൻ
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. എ. കെ. എം. അഷ്റഫ്

9. ശ്രീമതി കെ. കെ. രമ

10. ശ്രീ. പി. സി. വിഷ്ണുനാഥ്

11. ശ്രീ. എം. വിൻസെന്റ്

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. അൻവർ സാദത്ത്

14. ശ്രീ. സി. ആർ. മഹേഷ്

15. ശ്രീ. ടി. ജെ. വിനോദ്

16. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

17. ശ്രീമതി ഉമ തോമസ്

18. ശ്രീ. സജീവ് ജോസഫ്

**ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അനധികൃത മണൽകടത്ത് തടയാൻ റവന്യൂ അധികാരികൾ ഫലപ്രദമായ നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാട്ടവ്യവസ്ഥകൾ ലംഘിച്ച്, ദീർഘകാലമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജനസംഖ്യയ്ക്ക് അനുസൃതമായി താലൂക്കുകളും വില്ലേജുകളും വിഭജിക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനർഹർ കൈക്കലാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളെ സമീപിക്കുന്ന സാധാരണക്കാരോട് ചില സർക്കാർ ഉദ്യോഗസ്ഥർ നിഷേധാത്മക നിലപാട് സ്വീകരിക്കുന്നതായും

അത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 854,55,16,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. ടി. വി. ഇബ്രാഹിം

3. ശ്രീ. യു. എ. ലത്തീഫ്

4. ശ്രീ. എൻ. ഷംസുദ്ദീൻ

5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

6. ശ്രീ. പി. ഉബൈദുള്ള

7. ശ്രീ. കുറുക്കോളി മൊയ്തീൻ

8. ശ്രീ. നജീബ് കാന്തപുരം

9. ശ്രീ. എ. കെ. എം. അഷ്റഫ്

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. ടി. ജെ. വിനോദ്

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. സണ്ണി ജോസഫ്

14. ശ്രീ. പി. സി. വിഷ്ണുനാഥ്

15. ശ്രീ. സജീവ് ജോസഫ്

16. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

17. ശ്രീ. എം. വിൻസെന്റ്

18. ശ്രീമതി ഉമ തോമസ്

19. ശ്രീ. സി. ആർ. മഹേഷ്

**ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചെലവു കുറഞ്ഞ ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാരിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ

ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിലെ അഴിമതി അന്വേഷിച്ച് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ സാമഗ്രികളിലെ വിലക്കയറ്റം തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഇരട്ട വീടുകൾ ഒറ്റ വീടാക്കി പുനരുദ്ധാരണം നടത്തുന്ന പദ്ധതിയിൽ ഉണ്ടായിട്ടുള്ള വലിയ കാലതാമസം മൂലം ജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇ.എം.എസ്. ഭവന പദ്ധതിയുടെ നിർവഹണ ഏജൻസി ആയി പ്രവർത്തിച്ച ഭവന നിർമ്മാണ ബോർഡിനെ ലൈഫ് ഭവന പദ്ധതിയിൽനിന്ന് ഒഴിവാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 137,60,32,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. ടി. വി. ഇബ്രാഹിം
4. ശ്രീ. പി. ഉബൈദുള്ള

5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

6. ശ്രീ. യു. എ. ലത്തീഫ്

7. ശ്രീ. കുറുക്കോളി മൊയ്തീൻ

8. ശ്രീ. നജീബ് കാന്തപുരം

9. ശ്രീ. എ. കെ. എം. അഷ്റഫ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. പി. സി. വിഷ്ണുനാഥ്

13. ശ്രീ. ടി. ജെ. വിനോദ്

14. ശ്രീ. സണ്ണി ജോസഫ്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

16. ഡോ. മാത്യു കുഴൽനാടൻ

17. ശ്രീ. സജീവ് ജോസഫ്

18. ശ്രീ. സി. ആർ. മഹേഷ്

19. ശ്രീമതി ഉമ തോമസ്

**ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള**

**ദുരിതാശ്വാസത്തിന്**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന**

**ഉപക്ഷേപങ്ങൾ**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്ത നിവാരണത്തിനു ലഭിക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ച മോക്ഡ്രില്ലിൽ യുവാവ് മുങ്ങി മരിച്ച സംഭവം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്ത നിവാരണ അതോറിറ്റിയുടെ മോക്ഡ്രില്ലിൽ യുവാവ് മരിച്ച സംഭവത്തിൽ ഉദ്യോഗസ്ഥർക്കുണ്ടായതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവു

ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭം മൂലം, ഭവനത്തിനോ വസ്തുവകകൾക്കോ സംഭവിക്കുന്ന നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നത് അനന്തമായി നീട്ടി ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനർഹരായവർ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം നല്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രളയ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1284,66,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. കുറുക്കോളി മൊയ്തീൻ

3. ശ്രീ. എൻ. ഷംസുദ്ദീൻ

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

5. ശ്രീ. പി. ഉബൈദുള്ള

6. ശ്രീ. ടി. വി. ഇബ്രാഹിം

7. ശ്രീ. നജീബ് കാന്തപുരം

8. ശ്രീ. എ. കെ. എം. അഷ്റഫ്

9. ശ്രീ. യു. എ. ലത്തീഫ്

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീമതി ഉമ തോമസ്

13. ശ്രീ. അൻവർ സാദത്ത്

14. ശ്രീ. ടി. ജെ. വിനോദ്

15. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. സജീവ് ജോസഫ്

18. ശ്രീ. പി. സി. വിഷ്ണുനാഥ്

19. ശ്രീ. എം. വിൻസെന്റ്

**ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന**

**ഉപക്ഷേപങ്ങൾ**

ശ്രീ. നജീബ് കാന്തപുരം: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഫലപ്രദമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മസാല

ബോണ്ട് വഴി സമാഹരിച്ച തുക, വിവിധ ന്യൂജെൻ ബാങ്കുകളിൽ കുറഞ്ഞ പലിശ നിരക്കിൽ നിക്ഷേപിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി 50,000 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കുമെന്ന് അവകാശപ്പെട്ടിരുന്നെങ്കിലും 6200 കോടി രൂപയുടെ പദ്ധതി മാത്രമാണ് പൂർത്തീകരിച്ചതെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയുടെ പ്രധാന വരുമാന സ്രോതസ്സ് സംസ്ഥാന സഞ്ചിത നിധിയിൽ നിന്നാണെന്ന് പറയപ്പെടുന്നതിനാൽ സി.ആൻഡ്.എ.ജി. നിയമത്തിന്റെ 20(2) പ്രകാരം ഓഡിറ്റ് നടത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയുടെ ഓഫീസ് പ്രവർത്തനങ്ങൾക്കായി വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ബഡ്ജറ്റിന് പുറത്ത് കിഫ്ബി മുഖേന വൻതോതിൽ കടം എടുക്കുകയും തിരിച്ചടവ് ബാധ്യതയായി സാധാരണക്കാരനുമേൽ അടിച്ചേൽപ്പിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

4496,59,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി വായ്പയുടെ തിരിച്ചടവിനായി തുടർച്ചയായ രണ്ടാം വർഷവും മോട്ടോർ വാഹന നികുതി വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4496,59,72,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. കുറുക്കോളി മൊയ്തീൻ
6. ശ്രീ. ടി. വി. ഇബ്രാഹിം

7. ശ്രീ. യു. എ. ലത്തീഫ്

8. ശ്രീ. നജീബ് കാന്തപുരം

9. ശ്രീ. എ. കെ. എം. അഷ്റഫ്

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. സണ്ണി ജോസഫ്

12. ശ്രീ. അൻവർ സാദത്ത്

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. ടി. ജെ. വിനോദ്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

18. ശ്രീ. എം. വിൻസെന്റ്

19. ശ്രീ. സി. ആർ. മഹേഷ്

20. ശ്രീമതി ഉമ തോമസ്

**ചർച്ച**

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുമ്പോഴും നമ്മുടെ സംസ്ഥാനത്ത് ഉയർന്ന ജീവിതഗുണമേന്മ ജനങ്ങൾക്കുറപ്പാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സാക്ഷരതാനിരക്ക്, ജീവിതദൈർഘ്യം, ശിശുമരണ നിരക്ക്, ജനനനിരക്ക് എന്നിവയിലെല്ലാം കേരളത്തിന്റെ സ്ഥാനം അഖിലേന്ത്യാ ശരാശരിയെക്കാൾ മുന്നിലാണ്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന സൂചികയിൽ രാജ്യത്തിന്റെ സ്കോർ 65 ശതമാനമാണെങ്കിൽ കേരളത്തിന്റേത് 75 ശതമാനമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ അവതരിപ്പിച്ച പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യങ്ങളാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ജനനമരണനിരക്ക് പരിശോധിച്ചാൽ, 13 വർഷം കഴിഞ്ഞാൽ കേരളത്തിലെ ജനസംഖ്യയിൽ അഞ്ചിലൊരാൾ വൃദ്ധനായിരിക്കും. അതിനർത്ഥം 84 ലക്ഷം വയോധികർ കേരളത്തിലുണ്ടാകുമെന്നാണ്. നിലവിൽ അവരുടെ സംരക്ഷണം ഉറപ്പാക്കുന്നത്, 15-നും 59-നുമിടയിൽ വയസ്സുള്ള ഇക്കോണമിക് എയ്ജുകാർ എന്ന വിഭാഗത്തിലുൾപ്പെടുന്നവരാണ്. 84 ലക്ഷം വരുന്ന കേരളീയരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഈ ഗവൺമെന്റിൽ

നിക്ഷിപ്തമായിരിക്കുന്നുവെന്നുള്ള സൂചനയാണ് അതിലുള്ളത്.

വയോജന സംരക്ഷണമുറപ്പാക്കാൻ കെയർ ഇക്കോണമിയിലേയ്ക്ക് പണം കണ്ടെത്തിയേ മതിയാകൂ. കേന്ദ്ര ഗവൺമെന്റ് കിഫ്ബി അനുവദിക്കില്ലെന്ന് മാത്രമല്ല പദ്ധതിവിഹിതവും വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. വായ്പാപരിധി ഒരു ശതമാനവും വർദ്ധിപ്പിക്കാൻ തയ്യാറുമല്ലാത്ത സ്ഥിതിക്ക് പിന്നെ എങ്ങനെയാണ് ഈ ഗവൺമെന്റിന് മുന്നോട്ടുപോകുവാൻ കഴിയുക. ഏകദേശം 62 ലക്ഷം വരുന്ന ഇന്നത്തെ പാവപ്പെട്ടവർക്ക് 1600 രൂപ പെൻഷൻ കൊടുക്കുന്നതിനുവേണ്ടി രണ്ടുരൂപ വർദ്ധിപ്പിച്ചപ്പോൾ ബി.ജെ.പി.-യുമായി ഒത്തുചേർന്ന് യു.ഡി.എഫ്. നടത്തിയ സമരാഭാസം കേരളം കണ്ടതാണല്ലോ; ഇതാണോ യു.ഡി.എഫ്.-ന്റെ ക്രിയാത്മകമായ പിന്തുണ; ഈ സാമ്പത്തിക ഞെരുക്കം പ്രതിപക്ഷവുംകൂടി കാണേണ്ടതും മനസ്സിലാക്കേണ്ടതുമല്ലേ?

കേരളത്തിന്റെ ലീക്കേജ് ഇക്കോണമിയാണ് രണ്ടാമത്തെ പ്രശ്നം. ഒരു വർഷം ഒന്നേകാൽലക്ഷം കോടിരൂപയിലേറെ ചരക്ക് അന്യസംസ്ഥാനങ്ങളിൽനിന്നും മറ്റുമായി കേരളത്തിലേയ്ക്ക് ഒഴുകിയെത്തുന്നു. എന്നാൽ കയറ്റുമതിയിനം 74,000 കോടി രൂപയുടേത് മാത്രമാണ്.

ആഭ്യന്തര വരുമാനത്തിന്റെ ഗണ്യമായ ചോർച്ച തടയാൻ 'മേക്ക് ഇൻ കേരള പദ്ധതി' പ്രഖ്യാപിച്ച സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇത്രയേറെ ഇറക്കുമതിയുണ്ടാകുമ്പോൾ ആനുപാതികമായ നികുതി ഖജനാവിലേയ്ക്ക് വരുന്നതിലുണ്ടാകുന്ന ചോർച്ച തടയാനാവശ്യമായ ഇടപെടൽകൂടി ധനമന്ത്രാലയത്തിൽ നിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റൂൾ 50 പ്രകാരം ഇന്ന് പ്രതിപക്ഷത്തുനിന്നും ശ്രീ. പി. സി. വിഷ്ണുനാഥ് ഏഷ്യാനെറ്റുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് അവതരിപ്പിച്ചത്. കഴിഞ്ഞദിവസം ചാനലുകാരുടെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അവരോട് സംസാരിക്കുന്നുണ്ടായിരുന്നു. കേന്ദ്ര സർക്കാരിന്റെ BBC റെയ്ഡും സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ ഏഷ്യാനെറ്റ് റെയ്ഡും ഒന്നാണെന്ന് പ്രചരിപ്പിക്കുന്നു. അതുരണ്ടും ഒന്നാണോ? പ്രതിപക്ഷത്തിന് അതറിയില്ലേ? ബഹുമാന്യ പ്രതിപക്ഷനേതാവും പ്രതിപക്ഷകക്ഷികളും ഒന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. ഗുജറാത്ത് കലാപത്തിനിടയിൽ മതന്യൂനപക്ഷങ്ങളായ മുസ്ലീം സമുദായത്തിൽപ്പെട്ട രണ്ടായിരത്തോളം ആളുകളെയാണ് അവർ കശാപ്പുചെയ്യുകയും കൂട്ടത്തോടെ ചുട്ടെരിക്കുകയും പാവപ്പെട്ട മുസ്ലീം

സഹോദരിമാരെ കൂട്ടബലാത്സംഗത്തിന് ഇരയാക്കുകയും ചെയ്തത്. അതിനുപുറകിൽ പ്രവർത്തിച്ച മതഭ്രാന്തിന് നേതൃത്വം കൊടുത്തത് ആർ.എസ്.എസ്., ബി.ജെ.പി., വിശ്വഹിന്ദു പരിഷത്ത്, ബജ്റംഗ് ദൾ അതോടൊപ്പം ശ്രീ. നരേന്ദ്ര മോദിയുടെ അദൃശ്യമായ കരങ്ങളുമുണ്ടെന്ന് BBC വെളിപ്പെടുത്തിയത് ചരിത്ര സത്യമാണ്. ആ ചരിത്രസത്യം വെളിപ്പെടുത്തിയ BBC-യെ അടച്ചുപൂട്ടണം. ഇ.ഡി.-യെയും ക്രൈംബ്രാഞ്ചിനെയുംകൊണ്ട് ഇവിടെ നടത്തിയ അന്വേഷണങ്ങൾ ഒന്നാണോ?

സ്വന്തം ആഫീസിലെ ജീവനക്കാരിയുടെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ മാനസികമായി സമ്മർദ്ദം ചെലുത്തി നേരും നെറിയുമില്ലാതെ എൽ.ഡി.എഫ്.-നെതിരെ വിഷലിപ്തമായ മാധ്യമവിരുദ്ധ ധർമ്മമല്ലേ ഏഷ്യാനെറ്റ് നിർവ്വഹിച്ചത്. നേരും നെറിയുമില്ലാത്ത ഇത്തരക്കാർക്കുവേണ്ടി കൂട്ടുനിൽക്കുന്നയാളുകളെ നാട്ടിൻപുറത്തുകാർ വിളിക്കുന്ന ഒരു വിളിപ്പേരുണ്ട്. പാർലമെന്റിൽ ആ പദം ഇപ്പോഴും നിരോധിക്കപ്പെട്ടിട്ടില്ല. പക്ഷെ ഈ സഭയുടെ അന്തഃസ്സ് മാനിച്ച് ഞാൻ ആ പദമുപയോഗിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ വിളിക്കുന്നില്ല.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ രേഖയും ഡിജിറ്റൽ',

ഒരു വർഷം നൽകാൻ തീരുമാനിച്ചിരുന്നത് 27,000 പട്ടയമാണെങ്കിൽ നൽകിയത് 54,535 എണ്ണവും ഇനി നൽകാനുള്ളത് നാല്പതിനായിരത്തിലേറെ പട്ടയവുമാണ്. ഒരു റേഷൻ കാർഡാണ് 'ഒരു കുടുംബം' എന്ന നിലയിൽ പരിഗണിക്കപ്പെടുന്നതെങ്കിൽ 92,92,398 കുടുംബങ്ങളുണ്ടെന്നാണ് നിലവിലുള്ള കണക്ക്. ഒരു പിടി മണ്ണ് അവർക്ക് സ്വന്തമായി നൽകാൻ മൂന്ന് സെന്റ് വീതമാണ് അനുവദിക്കപ്പെടുന്നതെങ്കിൽ 10,500 ഏക്കർ ഭൂമിയെങ്കിലും ഈ കേരളത്തിലുണ്ടാകണം. ലൈഫ് മിഷനിലൂടെ 3,41,000 പേരാണ് അതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തണം. അതിനായി വിവിധ ലാൻഡ് ബോർഡുകളിലായി 1,342 കേസുകൾ തീർപ്പാക്കാനുണ്ട്. ആ കേസുകൾ തീർപ്പാക്കുന്നതിലൂടെ 23,000 ഏക്കർ ഭൂമി വീണ്ടെടുക്കാൻ റവന്യൂ വകുപ്പിന് സാധിക്കും. റവന്യൂ വകുപ്പിന്റെ അത്തരം പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിയണം.

ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി 50 വർഷം പിന്നിട്ടിട്ടും പരിധിയിൽക്കൂടുതൽ ഭൂമി കൈവശം വച്ച് അനുഭവിക്കുന്നവർ കേരളത്തിലുണ്ടെന്നാണ് കണക്ക്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ

സംവിധാനത്തിൽ ഒരാൾക്ക് സംസ്ഥാനത്ത് എത്ര ഭൂമിയുണ്ടെന്ന് കണ്ടെത്തിയാൽ പരിധിയിൽക്കൂടുതൽ ഭൂമിയുള്ള ആളുകളിൽനിന്ന് ഭൂമി വീണ്ടെടുത്ത് മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഭൂരഹിതർക്ക് നൽകാൻ കഴിയുമെന്നതും ആശാവഹമാണ്. 50 വർഷം നിരന്തരമായി പരിശ്രമിച്ചാൽ നടക്കാത്ത റീസർവ്വെ, ഡിജിറ്റലൈസ് ചെയ്ത് രേഖകൾ ഡിജിറ്റലാക്കി നാല് വർഷംകൊണ്ട് ഡിജിറ്റൽ റീസർവ്വെ പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെയും റവന്യൂ വകുപ്പിനെയും ഞാൻ അഭിനന്ദിക്കുന്നു. അവനവന്റെ വീടുകൾ പോലെ നമ്മുടെ വില്ലേജ് ഓഫീസുകളെല്ലാം സ്മാർട്ടായിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് വില്ലേജ് ഓഫീസുകളുടെ സേവനം 'ഓൺ ദി ലൈൻ' ആയിരുന്നു. ക്യൂ നിന്ന് കാൽകുഴഞ്ഞ് പോകുന്ന സ്ഥിതി. ഇന്ന് അതെല്ലാം ഓൺലൈനായി മാറ്റാൻ നമുക്ക് കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ്. ഭരണപരമായി ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും വകുപ്പുതല ഉന്നത ഉദ്യോഗസ്ഥരുടെ റവന്യൂ സെക്രട്ടേറിയറ്റ്, ജില്ലകളിൽ നിയമസഭാ സാമാജികർ പങ്കെടുക്കുന്ന ജില്ലാ റവന്യൂ അസംബ്ലികൾ, പ്രശ്നപരിഹാരത്തിനായി വില്ലേജുതല ജനകീയ സമിതികൾ, ഇതെല്ലാം കൃത്യതയോടെ നടപ്പാക്കുന്ന സ്മാർട്ടായ

വകുപ്പുമന്ത്രിയെയും അതിലെ ഉദ്യോഗസ്ഥരെയും ഒരിക്കൽക്കൂടി ഞാൻ അഭിനന്ദിക്കുകയാണ്.

ഭവനരഹിതർക്കുവേണ്ടി നടപ്പിലാക്കി നിർമ്മിച്ചുനൽകിയതാണ് എം.എൻ. ഭവനപദ്ധതി. അന്നവർക്ക് അത് മതിയായിരുന്നു, എന്നാൽ ഇന്നവർ ഒന്നുറക്കെ വർത്തമാനം പറയാനും കരയാനും ചിരിക്കാനുംപോലും കഴിയാതെ അടക്കം പറഞ്ഞിരിക്കേണ്ട സ്ഥിതിയിലാണ്. ഈ ലക്ഷം വീടുകൾ ഒറ്റവീടാക്കുകയെന്നത് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അടിയന്തരമായി അതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം എൽ.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഉപകാരപ്രദമാകുമെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. നെന്മാറ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യങ്ങളിലൊന്നാണ് നെന്മാറ കേന്ദ്രീകരിച്ച് ഒരു താലൂക്ക് ഓഫീസ് അല്ലെങ്കിൽ മലയോര മേഖല കേന്ദ്രീകരിച്ച് ഒരു മലയോര താലൂക്ക് ഓഫീസ്. അത് കൊണ്ടുവരണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

കോവിഡാനന്തരമുള്ള മണ്ഡലകാലത്ത് ശബരിമല ദർശനത്തിന്

അൻപതുലക്ഷത്തിലധികംപേർ പങ്കെടുത്തുവെന്നാണ് അറിയുന്നത്. ഒരൊറ്റ ആരോപണത്തിനും ഇടനൽകാത്ത രൂപത്തിൽ എല്ലാ വകുപ്പുകളെയും സമന്വയിപ്പിച്ച് ആ മണ്ഡലകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത വകുപ്പുമന്ത്രിയെയും അതിൽ നേതൃത്വപരമായിനിന്ന എല്ലാ വകുപ്പുമന്ത്രിമാരെയും ഉദ്യോഗസ്ഥരെയും ഞാൻ അയ്യപ്പഭക്തർക്കുവേണ്ടി അഭിനന്ദനം അറിയിക്കുകയാണ്.

കേരളത്തിൽ 5 ദേവസ്വം ബോർഡുകളിലായി 3100 ക്ഷേത്രങ്ങൾ, 14000 ജീവനക്കാർ, 7600 പെൻഷൻകാർ ഉൾപ്പെടെയുണ്ട്. ഈ ക്ഷേത്രങ്ങളിലെ വരുമാനമെടുത്താൽ ഏകദേശം 10 മുതൽ 20 ശതമാനത്തിൽ താഴെ ക്ഷേത്രങ്ങൾക്കുമാത്രമാണ് സ്വയംപര്യാപ്തതയുള്ളത്. രണ്ട് പ്രളയകാലങ്ങളിൽ തകർന്നടിഞ്ഞ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, കോവിഡ് കാലത്ത് അടഞ്ഞുകിടന്ന ക്ഷേത്രങ്ങളിലേയ്ക്കാവശ്യമായ സഹായങ്ങൾ, മലബാർ ദേവസ്വം ബോർഡുകൾപോലുള്ള ബോർഡുകളിലേയ്ക്ക് ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായത്തിനുൾപ്പെടെ കേരളത്തിന്റെ ഖജനാവിൽനിന്നാണ് ഒരുവലിയ സംഖ്യ കൊടുക്കുന്നത്. എന്നാൽ ഹൈന്ദവ ക്ഷേത്രങ്ങളിൽനിന്നുള്ള സമ്പത്ത്

സംസ്ഥാന ഗവൺമെന്റ് എടുക്കുകയാണെന്നാണ് ചിലയാളുകൾ പ്രചരിപ്പിക്കുന്നത്. അത്തരം പ്രചരണം തിരിച്ചറിഞ്ഞ് അതിനുള്ള മറുപടി നൽകാൻകൂടി നമുക്ക് കഴിയണം. പൊതുവെ ദൈവങ്ങൾ സമ്പന്നരാണെന്ന വിശ്വാസമാണ് ഭക്തജനങ്ങൾക്കുള്ളത്. പക്ഷെ ദൈവസാമീപ്യമുണ്ടെന്ന് വിശ്വസിക്കുന്ന ക്ഷേത്രങ്ങളുടെ സ്ഥിതിയോ, പരമദരിദ്രവുമാണ്. അഷ്ടിക്കുവകയില്ലാത്ത ക്ഷേത്രങ്ങളാണ് 60 ശതമാനവും. ദൈവനാമ സാമ്യമുള്ള നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയാണെങ്കിൽ കുചേലഗൃഹമായ ഈ ക്ഷേത്രങ്ങളെ കൃഷ്ണഗൃഹമാക്കി മാറ്റാനുള്ള വലിയ പരിശ്രമമാണ് നടത്തുന്നത്. ആ തീവ്രമായ പരിശ്രമത്തിന് എല്ലാവിധ പിന്തുണയും അർപ്പിക്കുകയാണ്.

നാളെയാണ് ആറ്റുകാലമ്മയുടെ പൊങ്കാല. സ്വാഭാവികമായും ആ പൊങ്കാല മഹോത്സവത്തിനാവശ്യമായ നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചുകൊണ്ട് ഏറ്റവും നല്ലരീതിയിൽ അത് നടത്തുമെന്ന വിശ്വാസത്തിൽതന്നെയാണ് ജനങ്ങളും. സംസ്കാരത്തിന്റെയും സാംസ്കാരികതയുടെയും കേന്ദ്രങ്ങളായ ക്ഷേത്രങ്ങളും ഉത്സവങ്ങളും ആഘോഷങ്ങളും ജനകീയ പങ്കാളിത്തത്തോടെ ആചാരാനുഷ്ഠാനങ്ങളോടെ നടത്താൻ നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഈ

കേരളത്തിന്റെ ജനപിന്തുണയുണ്ടെന്ന് ഞാൻ പറയുകയാണ്. ഉത്സവങ്ങളും ആഘോഷങ്ങളും സംരക്ഷിക്കാൻ നിയമം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വെടിക്കെട്ട് പാടില്ല, ആന എഴുന്നള്ളത്ത് പാടില്ല, ആളുകൾ കൂടാൻ പാടില്ലായെന്ന അവസ്ഥയിൽനിന്നും അതിനെ രക്ഷപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്. ദേവസ്വം ബോർഡുകൾക്ക് കീഴിൽ തരിശ്ശായി കിടക്കുന്ന ഭൂമിയുണ്ട്. കൂടൽമാണിക്യ ക്ഷേത്രവളപ്പിലെ വഴുതന കൃഷിപോലെ, ക്ഷേത്രത്തിനാവശ്യമായ പൂക്കൾ, ധാന്യങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ ആ ക്ഷേത്രത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. ചിലയിടങ്ങളിൽ അത്തരം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിയമപരിഷ്കരണം അടിയന്തരമായി നടപ്പിലാക്കി മലബാർ ദേവസ്വം ബോർഡിനെ രക്ഷപ്പെടുത്താനാവശ്യമായ തീരുമാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അധികാര രാഷ്ട്രീയം പിടിച്ചെടുക്കാൻ മുട്ടൻ വടിയുമായി കവാത്ത് നടത്തുന്ന കപടവിശ്വാസികളെ ക്ഷേത്രാങ്കണത്തിൽനിന്നും പുറത്താക്കാനും ഈ ഗവൺമെന്റിന് കഴിയേണ്ടതുണ്ടെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു.

ശത്രുനാശമുണ്ടാകാനും ഈ സർക്കാരിന് ആത്മവീര്യവും

ഭൗതികനേട്ടവുമുണ്ടാക്കാനും യഥാർത്ഥത്തിൽ ജനങ്ങളിപ്പോൾ രക്തപുഷ്പാഞ്ജലിയും ശത്രുസംഹാര പൂജയും മാത്രമല്ല ചെയ്യുന്നത്. അതിനുമപ്പുറം ദേവീമാഹാത്മ്യത്തിലെ മന്ത്രോച്ചാരണംകൂടി ചെയ്യുന്നുണ്ടെന്നത് യു.ഡി.എഫ്. മനസ്സിലാക്കുന്നത് നല്ലതാണ്.

'സർവ്വബാധാ പ്രശമനം ത്രൈലോക്യസ്യാഖിലേശ്വരി।

ഏവമേവ ത്വയാകാര്യം അസ്മദ്വൈരി വിനാശനം।' അതിനർത്ഥം ഈ ഗവൺമെന്റിന് എതിരായിവരുന്ന എല്ലാ ശത്രുവിനും വിനാശമുണ്ടാകും. ഈ സർക്കാരിന്റെ ആത്മവീര്യം വർദ്ധിക്കാനും ഭൗതികനേട്ടമുണ്ടാക്കാനും ഈ സർക്കാരിന് കഴിയുമെന്നത് ദേവീ മാഹാത്മ്യത്തിലെ മന്ത്രമുച്ചരിക്കുന്ന കേരളത്തിലെ ജനങ്ങളുടെ ആഗ്രഹമാണ്. അതുകൊണ്ടു തന്നെയാണ് ഈ ഗവൺമെന്റ് ഇപ്പോഴും മുന്നോട്ടുപോകുന്നത്.

നിയമസഭകളിലേയ്ക്കുള്ള കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വട്ടപൂജ്യത്തിലുണ്ടായിരുന്ന ത്രിപുരയിൽ കോൺഗ്രസിന് 5 സീറ്റുകിട്ടി. പക്ഷെ ഞങ്ങൾ പരാജയപ്പെട്ടു. ഞങ്ങൾ പരാജയപ്പെട്ടതിൽ സ്വാഭാവികമായും ആഹ്ലാദം കൊള്ളുന്നവരാണ് ഇവിടത്തെ യു.ഡി.എഫ്./കോൺഗ്രസ്സുകാർ. അവരോട് ഒന്നേ ഓർമ്മിപ്പിക്കാനുള്ളൂ, ആ വട്ടപൂജ്യത്തിൽനിന്നും

അഞ്ചിലെത്തിച്ചതും ബംഗാളിലെ ഉപതെരഞ്ഞെടുപ്പിൽ ശ്രീമതി മമതാ ബാനർജിയെ പരാജയപ്പെടുത്തുന്നതിന് കോൺഗ്രസിന് പിന്തുണ നൽകിയതും ഈ ചെങ്കൊടിയുടെ പ്രസ്ഥാനമാണെന്നത് മറന്നുപോകരുതെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശ്രീ. കെ. ബാബു (നെന്മാറ) അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ദൈവങ്ങളെ, ക്ഷേത്രങ്ങളെ ക്വാട്ട് ചെയ്തുപറഞ്ഞതിനെ ഞാൻ അഭിനന്ദിക്കുന്നു. ഏറെ ഉപദ്രവങ്ങൾ ചെയ്ത് അവസാനം ദൈവത്തിലേയ്ക്ക് അദ്ദേഹം എത്തിയെന്നുള്ളതാണ് ഏറ്റവും വലിയ യാഥാർത്ഥ്യം. സത്യത്തിൽ കേരളത്തിലെ ജനങ്ങളുടെ നട്ടെല്ലൊടിക്കുന്ന ബഡ്ജറ്റാണ് ഇക്കഴിഞ്ഞ ബഡ്ജറ്റ്. 2018-19, 2020-21-കാലഘട്ടങ്ങളിലുണ്ടായ പ്രളയവും കോവിഡ് മഹാമാരിയും കാരണം ജനങ്ങൾക്ക് ഇന്നും സ്വൈര്യമായി ജീവിക്കാനോ ജീവിത സാഹചര്യങ്ങളിലേയ്ക്കെത്താനോ സാഹചര്യമുണ്ടായിട്ടില്ല. ഇന്ന് രാവിലെ പ്രിയപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ റൂൾ 50 അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന

വകുപ്പുമന്ത്രി പലവട്ടം എഴുന്നേറ്റുനിന്ന് തടസ്സപ്പെടുത്താൻ ശ്രമിച്ചു. മാത്രമല്ല, ഇവിടെ പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം നടത്തുമ്പോഴും തടസ്സപ്പെടുത്താൻ ശ്രമിച്ചു. ആ ആവേശം വയനാട്...

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ഒരു ക്ലാരിഫിക്കേഷൻ ചോദിച്ചതാണ്. വഴങ്ങുന്നോ എന്നൊരു റിക്വസ്റ്റാണ്. അത് തടസ്സപ്പെടുത്തലല്ല. ഇപ്പോൾ ഞാൻ അങ്ങയോട് ചോദിച്ചതുപോലെ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു കാര്യത്തിൽ റിക്വസ്റ്റ് ചെയ്യാൻ അവകാശമുണ്ടല്ലോ. 'തടസ്സപ്പെടുത്തുക' എന്ന വാക്ക് രേഖയിൽ വരുന്നത് ശരിയല്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വഴങ്ങില്ല എന്നുപറഞ്ഞിട്ടും വീണ്ടും വീണ്ടും എഴുന്നേൽക്കുകയാണ്. ഈ ആവേശം വയനാട് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ചെയ്തെങ്കിൽ വലിയ അനുഗ്രഹം കിട്ടുമായിരുന്നു. വയനാട് മെഡിക്കൽ കോളേജ് 2013-ൽ പ്രഖ്യാപിച്ചതാണ്. 2016-ലും 2021-ലും അധികാരത്തിൽവന്ന ഗവൺമെന്റുകൾ ആ മെഡിക്കൽ കോളേജ് ഇന്നും അവഗണിക്കുകയാണ്. ആ മെഡിക്കൽ കോളേജിന്റെ

പ്രവർത്തനങ്ങൾ യാഥാർത്ഥ്യമായിരുന്നെങ്കിൽ ഞാൻ ഇന്നിവിടെ സബ്മിഷനിൽ ചൂണ്ടിക്കാണിച്ച തോമസ് എന്ന വ്യക്തി കടുവയുടെ ആക്രമണത്തിൽ മരണപ്പെടില്ലായിരുന്നു. മാത്രമല്ല ആ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് സൗജന്യമായി ലഭിച്ച 50 ഏക്കർ ഭൂമി ഇന്ന് വയനാട് ജില്ലയിലുണ്ട്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്ക് അറിയാവുന്ന കാര്യമാണിത്. ഈ മെഡിക്കൽ കോളേജുമായും ഭൂമിയുമായും ബന്ധപ്പെട്ട് ചർച്ചകൾ നടക്കുമ്പോൾ വയനാടിനെ പ്രതിനിധീകരിച്ച് അവരുടെ പാർട്ടി സെക്രട്ടറിയായി പല സർവ്വകക്ഷിയോഗങ്ങളിലും പങ്കെടുത്ത വ്യക്തിയാണ് അദ്ദേഹം. ഇന്ന് മെഡിക്കൽ കോളേജ് ഇല്ലാതാക്കുകയാണ്, മാത്രമല്ല മെഡിക്കൽ കേളേജിൽ അഡ്മിറ്റ് ചെയ്യുന്ന രോഗികളെ തൊട്ടടുത്ത ജില്ലാ ആശുപത്രിയിലേയ്ക്കും താലൂക്കാശുപത്രിയിലേയ്ക്കും ജനറൽ ആശുപത്രിയിലേയ്ക്കും റഫർ ചെയ്യുന്ന സാഹചര്യമാണ് ഇന്ന് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്റ്റാഫില്ല, നഴ്സുമാരില്ല, ഡോക്ടർമാരില്ല, മരുന്നില്ല, വലിയ പ്രതിസന്ധിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പരിശോധിക്കണം. വയനാട് ആസ്പിരേഷണൽ ജില്ലയാണ്. കേന്ദ്രഗവൺമെന്റ് ഏറ്റെടുത്ത

ജില്ലയാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ജോയിന്റായി ആ ജില്ലയുടെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടുപോകേണ്ട സാഹചര്യമുണ്ട്. നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് അറിയാം, നമ്മൾ എത്രക്കാലം ചർച്ച ചെയ്തതാണ്. ശ്രീ. ഇ. ശ്രീധരന്റെ പേപ്പർ സർവ്വേയിൽ ഫീസിബിളാണെന്ന് കണ്ടെത്തിയ ആ റെയിൽവേ അട്ടിമറിച്ചത് ഈ ഗവൺമെന്റാണ്. അവസാനം 7 തവണ ബ്രിട്ടീഷുകാർ സർവ്വേ നടത്തി ഒഴിവാക്കിയ മൈസൂർ-തലശ്ശേരി പാതയ്ക്ക് 18 കോടി രൂപ മുടക്കി ഹെലി-ബോൺ സർവ്വേ നടത്തി പ്രസ്തുത തുക ദുർവിനിയോഗപ്പെടുത്തുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഗവൺമെന്റിന് ആ തുക നഷ്ടപ്പെടുകയാണുണ്ടായത്. ആ പാത ഫിസിബിളാണെങ്കിൽ അതിന്റെ റിപ്പോർട്ട് ഗവൺമെന്റ് സഭയിൽ വയ്ക്കേണ്ടതല്ലേ; നഞ്ചൻകോട്-നിലമ്പൂർ പാത സർവ്വേ നടത്തുന്നതിനുവേണ്ടി 8 കോടി രൂപയാണ് അനുവദിച്ചത്. അത് മാറ്റിയിട്ടാണ് 18 കോടി രൂപയ്ക്ക് ഈ സർവ്വേ നടത്തിയത്. അതുപോലെ വയനാട് ചുരത്തിൽ നിരന്തരം ബ്ലോക്കാണ്. ഇന്നലെ രാത്രി 11 മണി മുതൽ രാവിലെ 10 വരെ ചുരം ബ്ലോക്കായിരുന്നു. ആ ചുരത്തിലെ ബ്ലോക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഒരു തുരങ്കപാത 2020-ലെ

പഞ്ചായത്ത് തെരഞ്ഞെടുപ്പിനുമുമ്പ് പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈനായി ഉദ്ഘാടനവും ചെയ്തു. എന്നാൽ ഇന്നും അത് യഥാർത്ഥ്യത്തിലേയ്ക്കെത്തിക്കാൻ കഴിഞ്ഞിട്ടില്ല. വയനാടിന് തുരങ്കം വയ്ക്കുന്ന പദ്ധതിയായി ഈ ബഡ്ജറ്റിന്മേലുള്ള ധനഭ്യാർത്ഥന ഇവിടെ നടക്കുകയാണ്. മാത്രമല്ല, വന്യമൃഗ ശല്യവുമുണ്ട്. ഞാൻ പറഞ്ഞല്ലോ; കടുവ ആറു പേരെ മൃഗീയമായി ഭക്ഷിച്ചു, ആന നിരവധി ആളുകളെ കൊന്നു. ഇവിടെ ഞാൻ ഉന്നയിച്ച ഒരു കാര്യത്തിനും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വ്യക്തമായ മറുപടി നൽകിയിട്ടില്ല. അദ്ദേഹം വയനാട് ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയാണ്. വയനാടിനെക്കുറിച്ച് അറിയാവുന്ന മന്ത്രിമാർക്ക് അതിന്റെ ചാർജ്ജ് കൊടുക്കണം. വയനാടിലെ നാല് ചുരത്തിനുമുകളിൽ തുറന്നിട്ട ജയിലിൽ അവിടത്തെ ജനങ്ങളെ അടയ്ക്കുന്ന സാഹചര്യമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ അതുസംബന്ധിച്ച ഒരു കാര്യംപോലും അദ്ദേഹം പറഞ്ഞിട്ടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തൊക്കെ അനുവദിച്ച കിഫ്ബിയുടെ പദ്ധതികളുണ്ട്. ക്രാഷ് ഗാർഡ് ഫെൻസിംഗ്, ഹാംഗിംഗ് ഫെൻസിംഗ് ഇതൊക്കെ എന്താണെന്നുപോലും അറിയാതെ ഞങ്ങൾ കൊടുക്കുന്ന

കത്തിനുപോലും വ്യക്തമായ മറുപടി നൽകാതെ ഇന്ന് വനംവകുപ്പുമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ മുന്നോട്ടുപോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് ഞാൻ രണ്ടുതവണ ഈ സർക്കാരിനുമുന്നിൽ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളതാണ്. ആ സബ്മിഷൻ വെറുതെയല്ല, ഉന്നതവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ വളരെ കൃത്യമായിട്ടുള്ള എല്ലാ റിപ്പോർട്ടുകളോടുംകൂടി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ടുതവണയും മറുപടി പറഞ്ഞപ്പോൾ സാമ്പത്തിക സ്ഥിതി പരിശോധിക്കണമെന്നകാര്യം പറഞ്ഞു. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള ഒരു കോളേജിന്റെകാര്യം പറയുമ്പോൾ സാമ്പത്തിക സ്ഥിതി പരിശോധിക്കണമെന്ന് പറയുന്നു. ഈ ഗവൺമെന്റിന്റെ നിലപാട് അതാണോ; അങ്ങനെയാണോ വിദ്യാർത്ഥികളോട് ചെയ്യേണ്ടത്? ഈ ഗവൺമെന്റ് ഇത് രാഷ്ട്രീയമായി ഉപയോഗിക്കുകയാണ്. ഇനിയെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയടക്കം ഇക്കാര്യത്തിൽ ഇടപെട്ട് എന്താണ് സാമ്പത്തിക പ്രതിസന്ധിയെന്ന് പരിശോധിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് കോളേജാണ് ആവശ്യപ്പെടുന്നത്.

മറ്റെല്ലാ നിയോജകമണ്ഡലങ്ങളിലും ഗവൺമെന്റ് കോളേജുണ്ട്. ആദിവാസി കുട്ടികളും കർഷകരുടെ മക്കളുമടക്കം തിങ്ങിപ്പാർക്കുന്നതാണ് വയനാട് ജില്ല. ആ ജില്ലയിൽ ഒരു ഗവൺമെന്റ് കോളേജ് അനുവദിക്കാൻ ഈ ഗവൺമെന്റ് എന്തിനാണ് രാഷ്ട്രീയം കളിക്കുന്നത്? രാഷ്ട്രീയം കളിച്ചിട്ട് രാഷ്ട്രീയമായ ആയുധങ്ങളുമായി മറ്റുചിലയിടങ്ങളിലേയ്ക്ക് അവർ പോകുകയാണ്. എനിക്ക് രാഷ്ട്രീയമായി പ്രതികരിക്കാൻ അറിയാത്തതുകൊണ്ടല്ല. ആ കോളേജിനുവേണ്ടി ഞാൻ ഇതുവരെ രാഷ്ട്രീയമായി പ്രതികരിച്ചിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ ഇടപ്പെടണം. റവന്യൂ വകുപ്പുമായി ബഹുമാനപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്, രാഷ്ട്രീയമായല്ല വ്യക്തിപരമായി ഞാൻ അഭിനന്ദിക്കുകയാണ്. കാരണം, അദ്ദേഹത്തിന് വയനാട് ജില്ലയിലെ സി.പി.ഐ.-യുടെ ജില്ലാ സെക്രട്ടറിയായി ചാർജ്ജുണ്ടായിരുന്നപ്പോൾ ഞാൻ ഡി.സി.സി. പ്രസിഡന്റായിരുന്നു. അന്ന് ഞങ്ങളൊരുമിച്ച് പലകാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. ഇന്ന് വയനാട് ജില്ലയിൽ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അദ്ദേഹം നിലപാടുകൾ സ്വീകരിച്ചു. പക്ഷെ ചില ഉദ്യോഗസ്ഥർ ആ ഫയലുകൾ ഇന്ന് ചുവപ്പുനാടയിൽ കെട്ടി

സെക്രട്ടേറിയറ്റിലും കളക്ടറേറ്റിലും വച്ചിരിക്കുകയാണ്. ആ ചുവപ്പുനാട പൊട്ടിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യം അങ്ങ് കൈക്കൊള്ളണം. ധാരാളം ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനായി അങ്ങ് നാളെ വയനാട് ജില്ലയിൽ വരികയാണ്. അത് കൊടുക്കുമ്പോൾ വയനാട് ജില്ലയിലെ പൊതുസാഹചര്യങ്ങൾ വിലയിരുത്താൻ അങ്ങ് തയ്യാറാകണം. എന്റെ നിയോജകമണ്ഡലത്തിൽ ഇരുളം, മരിയനാട്, ഫെയർലാൻഡ്, പൂജാക്കുട്ടം എന്നിവിടങ്ങളിലെ ഭൂമിപ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ അങ്ങേയ്ക്കല്ലാതെ അങ്ങയുടെ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. മറ്റൊന്ന്, എൽ.എ. പട്ടയം നൽകുന്നത് സംബന്ധിച്ചാണ്, പതിച്ചുനൽകിയ ഭൂമിയിൽ ഒരു വീടുവയ്ക്കാൻ നിഷേധിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. അതിന് പെർമിറ്റ് നിഷേധിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. വീട് വയ്ക്കാനോ താമസിക്കാനോ ചെറിയ കടകൾ നിർമ്മിക്കാനോ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് ഈ ഗവൺമെന്റ് സാധാരണക്കാരായ ജനങ്ങളെ എത്തിച്ചിരിക്കുകയാണ്. മാത്രമല്ല, വയനാട് ജില്ലയിൽ 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ അപകടങ്ങൾ സംഭവിച്ച, ദുരന്തങ്ങൾ സംഭവിച്ച പല കുടുംബങ്ങൾക്കും ഇന്നും നഷ്ടപരിഹാരം കൊടുക്കാനുണ്ട്.

അതിനുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, എന്റെ നിയോജകമണ്ഡലത്തിലെ അമ്പലവയൽ അങ്ങേയ്ക്കറിയാം, അവിടെ പട്ടയവുമായി ബന്ധപ്പെട്ട വിഷയമുണ്ട്. പ്ലാന്റേഷൻ എന്ന് പറഞ്ഞുകൊണ്ട് ആ പാവപ്പെട്ട അഞ്ഞൂറോളം കുടുംബങ്ങളെ റവന്യൂ വകുപ്പിലെ ചില ഉദ്യോഗസ്ഥർ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ അങ്ങ് ഇടപെടേണ്ടതുണ്ട്. മാത്രമല്ല, ഇന്ന് ഫോറസ്റ്റ് മേഖലകളിൽ, കൃഷിയിടങ്ങളിൽ തീ ആളിപ്പടരുകയാണ്. അതിനൊന്നും ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. അതുപോലെ ഹൗസിംഗ് ബോർഡിന് ഏതാണ്ട് 322 കോടി രൂപ ഗവൺമെന്റ് കൊടുക്കാനുണ്ട്. ആകെ കൊടുത്തിട്ടുള്ളത് 52 കോടി രൂപ മാത്രമാണ്. അപ്പോൾ എല്ലാ വകുപ്പുകളുംകൂടി യോജിച്ചുകൊണ്ട് ഈ നാടിന്റെ പൊതുവികസനത്തിന് പൊതുവായി പ്രവർത്തിക്കേണ്ടതുണ്ട്. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ആ ബഡ്ജറ്റിന് മുന്നോടിയായി കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ നടപ്പായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് റിവ്യൂപോലും നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും റിവ്യൂ നടത്തണം. അക്കാര്യത്തിൽപോലും പരാജയമാണ് ഈ ഗവൺമെന്റ്.

അതുകൊണ്ടുതന്നെയാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. ഇപ്പോൾ ട്രഷറി പൂട്ടും, ശമ്പളം മുടങ്ങും, പെൻഷൻ മുടങ്ങും, വികസനപ്രവർത്തനങ്ങളെല്ലാം മുടങ്ങും തുടങ്ങിയ കാര്യങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽവന്നനാൾമുതൽ സ്ഥിരമായി കേൾക്കുന്ന പല്ലവിയാണ്. ഈ ഗവൺമെന്റ് രണ്ടാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ശമ്പളമോ പെൻഷനോ വികസനപ്രവർത്തനങ്ങളോ മുടങ്ങിയിട്ടില്ലെന്ന് മാത്രമല്ല കൂടുതൽ വികസന ക്ഷേമപ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയുമാണ്. സാമ്പത്തിക പ്രതിസന്ധിയില്ലേയെന്ന് ചോദിച്ചാൽ, അതുണ്ട്, എന്നാൽ അത് ഇവിടെ മാത്രമാണോ ഉള്ളത്? ലോകത്തുതന്നെ മിക്കവാറുമുള്ള രാജ്യങ്ങളെല്ലാം വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കോവിഡ് സാഹചര്യത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ സാമ്പത്തിക പ്രതിസന്ധി സംസ്ഥാന സർക്കാരിന്റെ സൃഷ്ടിയാണോ; കേന്ദ്ര സർക്കാരിന് അതിൽ ഒരുപങ്കുമില്ലേ; അതിനെക്കുറിച്ച് നിങ്ങൾ ഒരക്ഷരവും

മിണ്ടുന്നില്ലല്ലോ? ഇവിടെ ശ്രദ്ധേയമായൊരു കാര്യം, കോവിഡ്-പ്രളയ പശ്ചാത്തലത്തിലും കേരളത്തിന്റെ വളർച്ചാനിരക്ക് കൂടിയെന്നുള്ളതാണ്. 2021-22-ലെ ദേശീയ വളർച്ചയെക്കാൾ ഉയർന്ന വളർച്ചാനിരക്കാണ് കേരളത്തിലേതെന്ന് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് സൂചിപ്പിക്കുകയാണ്. 2021-22-ലെ ദേശീയ വളർച്ചാനിരക്ക് 8.75 ശതമാനമായിരുന്നുവെങ്കിൽ കേരളം നേടിയത് 12.8 ശതമാനമാണ്. നമുക്ക് നികുതി പിരിവിലൂൾപ്പെടെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മൾ സബ്സിഡികളെല്ലാം നിർത്തലാക്കണമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. പാവപ്പെട്ടവരെ സഹായിക്കാൻ പാടില്ല, അവരെ സഹായിക്കുന്ന ആനുകൂല്യങ്ങൾ മധുരംകിരിയുന്ന എള്ളുണ്ടയാണെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പരിഹസിച്ചത്. വായ്പ വാങ്ങി പാവപ്പെട്ടവരെ സഹായിക്കുന്ന രീതി മാറ്റണമെന്നും ബഡ്ജറ്റിൽനിർത്തി സഹായിക്കുന്ന നിലപാട് സ്വീകരിക്കണമെന്നുമാണ് ബഹുമാന്യരായ പ്രധാനമന്ത്രിയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയും പറയുന്നത്. ഇതെങ്ങനെ സാധിക്കും; വായ്പ വാങ്ങിക്കാതെ എങ്ങനെ വികസനപ്രവർത്തനങ്ങൾ നടത്താനും പാവപ്പെട്ടവരെ സഹായിക്കാനും

കഴിയും? അതൊരിക്കലും കഴിയുന്ന കാര്യമല്ല. ഈ സർക്കാർ സബ്സിഡികൾ നിർത്തലാക്കിയാൽ അത് സാധാരണക്കാരെ ബാധിക്കുന്ന സാഹചര്യമുണ്ടാകും. അതായത് നമ്മുടെ സാമൂഹ്യ പെൻഷൻ നൽകാനോ കുറഞ്ഞ നിരക്കിൽ വൈദ്യുതിയും കുടിവെള്ളവും ജനങ്ങൾക്ക് നൽകാനോ കഴിയാത്ത സ്ഥിതി വരും. അതുപോലെ യാത്രാചെലവ് വർദ്ധിക്കും, സൗജന്യ റേഷൻ വിതരണവും നിലയ്ക്കും. ഭവനനിർമ്മാണ സബ്സിഡിയെ അത് ബാധിക്കും, കുടുംബശ്രീക്കുള്ള സൗജന്യ പലിശ നിരക്ക് നിലയ്ക്കും, കിഫ്ബി നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കും ഇത്തരത്തിൽ അതിക്രൂരമായ ജനദ്രോഹ നയമാണ് കേന്ദ്രം മുന്നോട്ടുവയ്ക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വാദമെന്താണ്; ധനകമ്മി മൂന്ന് ശതമാനത്തിലൊതുക്കണമെന്നും അതാണ് ധനഉത്തരവാദിത്ത നിയമം അനുശാസിക്കുന്നതെന്നുമാണ് അവർ പറയുന്നത്. ധനകമ്മിയെ സംബന്ധിച്ച് കേന്ദ്ര നിലപാട് യാഥാസ്ഥിതികമാണെന്ന് സംസ്ഥാന ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ആരോപിച്ചത് എത്ര ശരിയാണ്. ധനകമ്മി അല്പം വർദ്ധിച്ചാൽ ആകാശം ഇടിഞ്ഞുവീഴുമോ? ധന ഉത്തരവാദിത്ത നിയമം കേരളത്തിന് മാത്രമല്ല, കേന്ദ്രത്തിനും ബാധകമല്ലേ;

കേരളത്തിന്റെ ധനക്കമ്മി ഒരിക്കൽപ്പോലും മൂന്ന് ശതമാനത്തിൽ ഒതുങ്ങിയിട്ടില്ലെന്നതല്ലേ യാഥാർത്ഥ്യം. ഇപ്പോഴത്തെ ധനക്കമ്മി 6 ശതമാനത്തിന് മുകളിലാണ്. കഴിഞ്ഞ വർഷം ഇത് 6.9 ശതമാനമായിരുന്നു. കേന്ദ്രത്തിന് ധനകമ്മിയാകാം കേരളത്തിന് അത് പാടില്ല. ഇതെന്ത് നിലപാടാണ്? കേന്ദ്രത്തിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനോട് യു.ഡി.എഫ്.-ന്റെയും കോൺഗ്രസിന്റെയും നിലപാട് എന്താണെന്നാണ് അവർ വ്യക്തമാക്കേണ്ടതാണ്. കടം വാങ്ങുന്നത് തടസ്സപ്പെടുത്തുന്ന കേന്ദ്രം സംസ്ഥാനത്തിന് അർഹമായ വിഹിതം നൽകുന്നില്ലെന്നതാണ് വസ്തുത. ജി.എസ്.ടി. വിഹിതം നിർത്തലാക്കുന്ന നിലപാട് സ്വീകരിക്കുകയും കേന്ദ്ര നികുതി വിഹിതം വെട്ടിക്കുറയ്ക്കുകയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഓരോ വർഷവും വെട്ടിക്കുറയ്ക്കുയുമാണ്. കടമെടുപ്പ് പരിധി നിയന്ത്രിക്കുന്നു. ഇത്തരത്തിൽ ഏകദേശം 32,000/- കോടി രൂപയുടെ കുറവാണ് സംസ്ഥാന സർക്കാരിന് ഒരു വർഷമുണ്ടാകുന്നത്. എങ്ങനെയാണ് സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ സാധിക്കുന്നത്; കേന്ദ്ര വരുമാനത്തിന്റെ 41 ശതമാനമാണ് എല്ലാ സംസ്ഥാനങ്ങൾക്കുമായി വീതിച്ചുനൽകുന്നത്. എന്നാൽ സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട പണം നൽകാതിരിക്കാൻ സെസ്സും

സർച്ചാർജ്ജുമായി കേന്ദ്രം ലെവിയായി തിരിച്ചെടുക്കുകയാണ്. ഫലത്തിൽ 41 ശതമാനത്തിന്റെ സ്ഥാനത്ത് 21.6 ശതമാനം മാത്രമാണ് കേന്ദ്രം സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കുന്നത്. ഫെഡറൽ സംവിധാനത്തിന്റെ ശക്തമായ ലംഘനമാണിത്. മറ്റ് ബഡ്ജറ്റിതര വായ്പകൾ പാടില്ലെന്ന് വിലക്കുന്ന കേന്ദ്ര ഗവൺമെന്റ് അവർക്ക് ഇത് ബാധകമാകാതെ പൊതുമേഖലസ്ഥാപനങ്ങളെ/ബാങ്കുകളെ ഉപയോഗിച്ചുകൊണ്ട് കോടിക്കണക്കിന് രൂപയാണ് സമാഹരിക്കുന്നത്. 2016-2019 വരെ 5.99 ലക്ഷം കോടിരൂപയാണ് അവർ ഇത്തരത്തിൽ സ്വരൂപിച്ചത്. കിഫ്ബിയെ എതിർക്കുന്ന കേന്ദ്ര സർക്കാർ നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ എന്ന പേരിൽ 111 ലക്ഷം കോടിരൂപയാണ് അത്തരത്തിൽ കടമെടുത്തത്. അവിടെ ഒരു നയവും ഇവിടെ മറ്റൊരു നയവുമാണ് ഇവരുടെ സമീപനം.

'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യം മുന്നോട്ടുവച്ചുകൊണ്ടാണ് കേരളത്തിലെ റവന്യൂ വകുപ്പ് മുന്നോട്ടുപോകുന്നത്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ വളരെ സുസ്മേര വദനനായി ഇവിടെ ഇരിക്കുകയാണ്. ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ച്

ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യാൻ പോകുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം ആലോചിച്ചുകൊണ്ടിരിക്കുകയുമാണ്. അത്രയേറെ ആത്മവിശ്വാസത്തോടെയാണ് അദ്ദേഹം അത്തരം കാര്യങ്ങളെ കാണുന്നത്. കാരണം വലിയ മാറ്റങ്ങളാണ് റവന്യൂ വകുപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പട്ടയവിതരണത്തിൽ വലിയ മുന്നേറ്റമാണ് കേരളത്തിലുണ്ടായത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 177494 പട്ടയങ്ങളാണ് നൽകിയത്. ബഹുമാനപ്പെട്ട ശ്രീമതി സോണിയാ ഗാന്ധി പട്ടയം നൽകിയതുപോലെയല്ല. ആളുകൾക്ക് വ്യക്തമായി കിട്ടിയകാര്യമാണ് ഞാൻ പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ വർഷം 54535 പട്ടയങ്ങളും ഈ വർഷം 40000 പട്ടയങ്ങളുംകൂടി നൽകാൻ പോകുകയാണ്. മാത്രമല്ല, പട്ടയമിഷൻ രൂപീകരിച്ച് അർഹതയുള്ള മുഴുവൻ ആളുകൾക്കും പട്ടയം നൽകാനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇതൊരു വലിയ മുന്നേറ്റമാണ്. വെറുതെ പട്ടയം കൊടുത്തതല്ല. ലാൻഡ് ട്രൈബ്യൂണലിൽ കെട്ടിക്കിടന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. 60000 കേസുകളാണ് തീർപ്പാക്കിയിട്ടുള്ളത്. 40000-ത്തോളം ക്രയ

സർട്ടിഫിക്കറ്റുകൾ വിതരണം നടത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഇങ്ങനെയാണ് പട്ടയവുമായി ബന്ധപ്പെട്ട കാര്യത്തിൽ വലിയ മുന്നേറ്റം സംഘടിപ്പിച്ചിട്ടുള്ളത്. മലയോര മേഖലയിലും ആദിവാസി മേഖലയിലും പട്ടയം നൽകാൻ സാധിക്കണം. അത് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി കാത്തിരിക്കുകയാണ്. അക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകളുണ്ടാകണം. ജോയിന്റ് വെരിഫിക്കേഷൻ നടത്താത്ത സ്ഥലങ്ങളിൽ അതിനാവശ്യമായ സംവിധാനം ഒരുക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ കനാൽ പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിടങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം നൽകാൻ സാധിക്കണം. അതുപോലെ വിവിധ കോളനികളിൽ താമസിക്കുന്ന ആളുകൾക്ക് പലപ്പോഴും പട്ടയം ലഭിക്കാത്ത സാഹചര്യമുണ്ട്. അവർ പ്രയാസങ്ങൾ നേരിടുന്നുണ്ട്. അതുകൊണ്ട് കോളനികളിൽ താമസിക്കുന്ന ആളുകൾക്ക് മുഴുവൻ പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഭൂമിയില്ലാത്തവരുടെ പ്രശ്നം ഭൂമിയില്ലാത്തവർക്ക് മാത്രമെ അറിയാൻ സാധിക്കുകയുള്ളൂ. അത് അറിയുന്ന ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നമ്മുടെ സംസ്ഥാനത്ത്

പതിനായിരക്കണക്കിന് ആളുകളാണ് ഭൂമിയില്ലാതെ പ്രയാസകരമായി നിൽക്കുന്നത്. അതേസമയം പരിധിയിൽ കവിഞ്ഞും സർക്കാർ ഭൂമി അനധികൃതമായും കൈവശം വച്ചിരിക്കുന്ന ആളുകളുണ്ട്. ഈ ഭൂമികൾ പിടിച്ചെടുക്കാൻ സാധിക്കണം. അർഹതയില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുത്ത് അർഹരായ ആളുകളുടെ കരങ്ങളിലേയ്ക്കെത്തിക്കാൻ സാധിക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലാവധിക്കുള്ളിൽ ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി നൽകാൻ സാധിക്കുന്ന തരത്തിലുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. റവന്യൂ വകുപ്പിനെ ശക്തിപ്പെടുത്തിയാൽ വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുന്നതാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട വിഷയത്തിൽ അത് കാണാൻ കഴിഞ്ഞതാണ്. ഒരുപാട് അപേക്ഷകൾ കെട്ടിക്കിടന്നു. 990-ഓളം താൽക്കാലിക തസ്തിക സൃഷ്ടിച്ചുകൊണ്ട് 340 വാഹനങ്ങൾ ക്രമീകരിച്ച് കമ്പ്യൂട്ടറും അനുബന്ധ സംവിധാനവും ഒരുക്കിക്കൊണ്ട് ഒരു വലിയ പരിപാടി നടത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ടരലക്ഷത്തോളം അപേക്ഷകൾക്ക് തീർപ്പുകൽപ്പിച്ചു. 1000 കോടി

രൂപയിലധികം വരുമാനമാണ് നമ്മുടെ ഖജനാവിലേയ്ക്ക് വന്നത്. ഇത് ചെറിയകാര്യമാണോ? പരാതികൾക്ക് പരിഹാരമുണ്ടാകുകയും സർക്കാരിന് വരുമാനം ലഭിക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോടും എനിക്ക് സൂചിപ്പിക്കാനുള്ളത്, വില്ലേജ് ഓഫീസുകളുടെ സ്ഥിതിയെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കണമെന്നുള്ളതാണ്. വില്ലേജ് ആഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. 80 ശതമാനത്തിലധികം ഫീൽഡ് ജോലി ചെയ്യുന്ന ഓഫീസാണ് വില്ലേജ് ഓഫീസ്. ഒരുപാട് ജോലി അവർക്കുണ്ട്. പക്ഷേ ഉദ്യോഗസ്ഥർക്ക് സഞ്ചരിക്കാൻ വാഹനമില്ല. പാരാതിക്കാരുടെ/അപേക്ഷകരുടെ വാഹനത്തിൽ അവർക്ക് സഞ്ചരിക്കേണ്ടതായി വരുന്നുണ്ട്. ഇത് നല്ലൊരു കാര്യമാണോ; ഇത് അഴിമതിക്ക് കാരണമാകില്ലേ; അതുകൊണ്ട് അവർക്ക് വാഹനം നൽകുന്നതിന് സാധിക്കണം. എല്ലാ വില്ലേജ് ഓഫീസിലും വാഹനം നൽകാൻ സാധിച്ചാൽ അത് നല്ലതാണ്. ഒരുപക്ഷേ എല്ലാ ഓഫീസിലും നൽകാൻ സാധിക്കില്ലെങ്കിലും രണ്ടുമൂന്ന് വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച്

ഒരു വാഹനം ക്രമീകരിച്ച് നൽകിയാൽ നല്ലരീതിയിൽ അവർക്ക് പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. നികുതിപിരിവ് വർദ്ധിക്കുകയും നല്ല സർവ്വീസ് നൽകാനും ഒരുപാട് പരാതികൾക്ക് പരിഹാരമുണ്ടാക്കാനും സാധിക്കുന്നതാണ്. ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഒരു ഓഫീസ് എന്ന നിലയിൽ ആ ഓഫീസുകളുടെ പ്രവർത്തനം വളരെ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും അത് ജനങ്ങൾക്ക് വളരെ പ്രയോജനകരമായി മാറുന്ന സാഹചര്യവും ഉണ്ടാകുന്നതാണ്. ഏറ്റവും കൂടുതൽ പ്രളയം ബാധിച്ചതും പ്രളയ സാധ്യത കൂടുതലുള്ളതുമായ സംസ്ഥാനമാണ് നമ്മുടേത്. ഒരു സംസ്ഥാനത്ത് പ്രളയമുണ്ടാകുമ്പോൾ സഹായിക്കാനുള്ള ബാധ്യത കേന്ദ്ര സർക്കാരിനുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് നൽകുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് വിവേചനമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പല സംസ്ഥാനങ്ങൾക്കും വാരിക്കോരി പ്രളയഫണ്ട് നൽകുമ്പോൾ സംസ്ഥാനത്തിന് അർഹമായ പ്രളയഫണ്ട് നൽകാത്ത നിലപാട് കേന്ദ്രം സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി പറയേണ്ടതുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ

വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട്, ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകുകയാണ്. ജനവിശ്വാസം ആർജ്ജിച്ച സർക്കാരാണിത്. വീണ്ടും കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനെ അധികാരത്തിലേറ്റി. ആ പ്രതീക്ഷ ഈ സർക്കാർ പാലിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർക്കാരിന്റെ കൊള്ളരുതായ്മയും സാമ്പത്തിക രംഗത്തുള്ള മിസ്മാനേജ്മെന്റുംകൊണ്ട് രാജ്യത്തെ ജനങ്ങൾ പൊറുതിമുട്ടുന്ന സ്ഥിതിയാണുള്ളത്. പുതിയ ബഡ്ജറ്റുവരികയും പുതിയ പെട്രോൾ/ഡീസൽ സെസ്സ് ഏർപ്പെടുത്തുകയും അതിലൂടെ 750 കോടി രൂപയുടെ...... പാവപ്പെട്ട ഓട്ടോ ഡ്രൈവർമാരുടെയും ബൈക്ക് യാത്രക്കാരുടെയും പോക്കറ്റിൽ കയ്യിട്ട് പണം സമാഹരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. എന്നാൽ ഇവിടത്തെ യഥാർത്ഥ ചിത്രം എന്താണ്; 750 കോടി രൂപയുടെ 30 ഇരട്ടി നികുതിക്കുടിശ്ശിക പിരിച്ചെടുക്കാൻ നമ്മുടെ ഗവൺമെന്റിന് സാധിക്കാതെ പോയി. വമ്പന്മാരെ വിട്ടിട്ട് പാവങ്ങളെ പിടിക്കുന്ന ഒരു സമീപനമാണ് ഈ

സർക്കാർ സ്വീകരിക്കുന്നത്. സി & എ.ജി റിപ്പോർട്ടുപ്രകാരം 21797.86 കോടി രൂപ സർക്കാർ പിരിച്ചെടുക്കാനുണ്ട്. ഇതിൽ അഞ്ച് വർഷമായിട്ടുള്ള കുടിശ്ശിക 7160.32 കോടി രൂപയാണ്. ബഡ്ജറ്റ് വന്നപ്പോൾ ഇവിടെ സാമ്പത്തിക മിസ് മാനേജ്മെന്റാണെന്ന് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതാണ്. അത് ശരിവയ്ക്കുന്നതാണ് സി&എ.ജി.-യുടെ റിപ്പോർട്ട്. ഓരോ കാര്യങ്ങളും വിശദമായി പരിശോധിച്ചാൽ ബാർ ഹോട്ടലിന്റെ പിഴയിൽ 88 കോടി രൂപ തിരികെ പിടിക്കാനുണ്ട്. അത് പിരിച്ചെടുത്തിട്ടില്ല. ബാർ ക്ലൈമാറ്റ ഫീസിലെ കുടിശ്ശിക 88 കോടി രൂപയുടെ നാലിരട്ടി വരുമെന്നാണ് പറയുന്നത്. ഇതൊന്നും പിരിക്കാതെ പാവപ്പെട്ടവന്റെ പോക്കറ്റിൽ കയ്യിട്ട ഈ നടപടി ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. അതിനെതിരെയുള്ള പ്രതിഷേധമാണ് സംസ്ഥാനത്ത് ആളിക്കത്തുന്നത്. എന്താണ് ഇവിടെ കാണുന്നത്; കറുപ്പ് കാണുമ്പോൾ നമ്മുടെ ഗവൺമെന്റിന് കലിയിളകുകയാണ്. ഇവിടെ ചർച്ചയും അടിയന്തരപ്രമേയങ്ങൾ വന്നിട്ടും ഇന്നലെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഒരു പെൺകുട്ടി 'പർദ്ദ' ധരിച്ച് പോയപ്പോൾ പോലീസ് അവരെ വളഞ്ഞിട്ട് പിടിക്കുന്ന ഒരു ചിത്രം ഇന്നലത്തെ പത്രങ്ങളിലുണ്ടായിരുന്നു. നമ്മുടെ

സംസ്ഥാനം എങ്ങോട്ടാണ് പോകുന്നത്? 'പർദ്ദ' ധരിക്കുന്നത് മലബാറിൽ, പ്രത്യേകിച്ച് മലപ്പുറത്ത്..., കോഴിക്കോടുള്ള യൂണിവേഴ്സിറ്റിയിൽ അവിടെ പരിപാടിക്ക് പോകുന്ന കുട്ടിയാണ്. അവളെ തിരിച്ചയച്ച് ഹോസ്റ്റലിൽ പോയി 'പർദ്ദ' മാറ്റിയതിനുശേഷമാണ് ആ കുട്ടിക്ക് വരാൻ സാധിച്ചത്. ശബരിമല മണ്ഡലകാലം കഴിഞ്ഞുപോയത് ഈ നാടിന്റെ മഹാഭാഗ്യം. അല്ലെങ്കിൽ എത്ര പാവപ്പെട്ട അയ്യപ്പഭക്തർ നിങ്ങളുടെ ഈ കറുപ്പ് വിരോധംകൊണ്ട് പ്രയാസപ്പെടേണ്ടിവരുമായിരുന്നു? ഈ സംസ്ഥാനത്ത് പിന്നീടുള്ളത് കരുതൽ തടങ്കലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ജില്ലയിൽ വരികയാണെങ്കിൽ അവിടെയുള്ള കെ.എസ്.യു.-ന്റെയും എം.എസ്.എഫ്.-ന്റെയും വിദ്യാർത്ഥി നേതാക്കന്മാരെയും യൂത്ത് കോൺഗ്രസിലെയും യൂത്ത് ലീഗിലെയും യുവജന നേതാക്കന്മാരെയും കരുതൽ തടങ്കലിൽ വയ്ക്കുകയാണ്; ഇത് എന്താണ്? ജനാധിപത്യ ഭാരതത്തിലെ ഒരു സംസ്ഥാനമാണിതെന്ന് നിങ്ങൾ ഓർക്കണം. ഇത് Kim Jong-un-ന്റെ ഉത്തര കൊറിയ അല്ലെന്ന് ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുകയാണ്. അവിടെ അദ്ദേഹത്തിനൊരു കുട്ടി ജനിച്ചു, ആ കുട്ടിക്കൊരു പേരുമിട്ടു. എന്നിട്ട് പറഞ്ഞു, ഈ രാജ്യത്ത് ഈ പേര് ആരും

ഇടാൻ പാടില്ലെന്ന്. അതുപോലെ രണ്ടുമൂന്നുതരം ഹെയർ കട്ടിംഗ് മാത്രമെ ഉത്തര കൊറിയയിൽ പാടുള്ളൂ, വേറെ തരത്തിലുള്ള ഹെയർ കട്ടിംഗ് പാടില്ല. സമാനരീതിയിലുള്ള സമീപനങ്ങളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന് നേതൃത്വം നൽകുന്ന പാർട്ടി ഇപ്പോഴൊരു പ്രതിരോധ ജാഥയിലാണ്. ഇവിടെ ഇരിക്കേണ്ട ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും ഡോ. കെ. ടി. ജലീൽ അടക്കമുള്ള സ്നേഹിതർ ഇപ്പോൾ ഒരു ജാഥയുമായി പുറത്താണ്. ആയിക്കോട്ടെ, അത് നിങ്ങളുടെ പാർട്ടിക്കാര്യം. പക്ഷേ, നിങ്ങൾ ആരെയാണ് പ്രതിരോധിക്കുന്നത്? പ്രതിരോധമെന്ന് പറഞ്ഞ് ആദ്യം ഞങ്ങൾ കേട്ടത് സംഘ് പരിവാറിനെ പ്രതിരോധിക്കുമെന്നാണ്. ശ്രീ. നരേന്ദ്ര മോഡിയെക്കുറിച്ചോ ശ്രീ. അമിത് ഷായെക്കുറിച്ചോ അതിലൊരു വാക്കും കേൾക്കുന്നില്ല. ഇപ്പോൾ സ്വയം പ്രതിരോധത്തിലാണ്. സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തലുകൾക്കെതിരായി പ്രതിരോധജാഥ നടത്തേണ്ടിവന്ന ഗതികേടിലാണ് നിങ്ങളുടെ പാർട്ടി. തീർന്നില്ല, ആയങ്കിമാരുടെ വെളിപ്പെടുത്തലിനും പ്രതിരോധമാണ്; ആരാണത്? ഇതൊക്കെ നിങ്ങൾ വളർത്തിയ കുട്ടികളാണ്, നിങ്ങൾ വളർത്തിയ ക്രിമിനലുകളാണ്. അവരെയാണ് ഈ ജാഥകൊണ്ട്

പ്രതിരോധിക്കുന്നത്. പിന്നെ ജാഥയിൽ വമ്പിച്ച ബഡായിയാണ് പറയുന്നത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ നാട്ടിലെ കുറ്റനാടിൽ പോയി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറയുന്നത് കെ-റെയിൽ വരാൻ പോകുകയാണ് എന്നാണ്. അവിടെ കുടിൽ വ്യവസായം പോലെ ചില ആളുകൾ അപ്പം ഉണ്ടാക്കുന്നുണ്ട്. നമ്മൾ മുമ്പ് അപ്പപ്പാട്ട് കേട്ടിട്ടുണ്ട്. 'അപ്പങ്ങളെമ്പാടും... ചുട്ടമ്മായി' എന്ന പഴയൊരു പാട്ടിനെ ഉസ്താദ് ഹോട്ടൽ എന്ന സിനിമയിൽ മാറ്റിപ്പാടിയല്ലോ. അതുപോലെയുള്ള ഒരു അപ്പപ്പാട്ടാണിപ്പോൾ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പാടുന്നത്. കുറ്റനാട് നിന്നും അപ്പമുണ്ടാക്കി കൊച്ചിയിൽ കൊണ്ടുപോയി വിൽപ്പന നടത്തിയതിനുശേഷം വീട്ടിൽ വന്ന് ഭക്ഷണം കഴിക്കാമെന്നും അത്രയേറെ യാത്രാസൗകര്യമാണ് ഉണ്ടാകാൻ പോകുന്നതെന്നുമാണ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറയുന്നത്. ആയിക്കോട്ടെ സമ്മതിച്ചു. എങ്ങനെയാണ് ഈ യാത്രാസൗകര്യം? കുറ്റനാട്ടിൽനിന്നും കെ-റെയിലിൽ കയറാൻ കഴിയില്ല. പാലക്കാട് ജില്ലയെന്ന് പറയുന്നത് കെ-റെയിലിന്റെ പട്ടികയിലില്ല, അവിടെ ഒരു സ്റ്റേഷനുമില്ല. കുറ്റനാട് നിന്ന് കെ-റെയിൽ കയറണമെങ്കിൽ ഒന്നുകിൽ

തിരൂരിലേയ്ക്ക് പോകണം അല്ലെങ്കിൽ തൃശ്ശൂരിലേയ്ക്ക് പോകണം. ഒന്നര മുതൽ രണ്ട് മണിക്കൂർ വരെ യാത്ര ചെയ്യേണ്ടി വരും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കിൻഫ്രാ പാർക്കിൽനിന്നും വീട്ടമ്മമാർ തയ്യാറാക്കുന്ന ഹോം മെയ്ഡ് ഭക്ഷണ സാധനങ്ങൾ കോഴിക്കോട് നിന്നുള്ള ഫ്ലൈറ്റിൽ ലോകത്തിന്റെ വിവിധ സ്ഥലത്തേയ്ക്ക് പോയി വരുന്നത് അങ്ങേയ്ക്ക് അറിയാമോ? ഭക്ഷണ സാധനങ്ങളെ അങ്ങ് തള്ളിപ്പറയരുത്. കിൻഫ്രാ പാർക്കിൽനിന്നും വീട്ടമ്മമാരുടെ സഹായത്തോടെ നല്ല നാടൻ ഭക്ഷണ സാധനങ്ങളുണ്ടാക്കി കയറ്റി അയയ്ക്കുന്ന ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ അവിടെയുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭക്ഷണ സാധനങ്ങളെ തരംതാഴ്ത്തി പറഞ്ഞതല്ല. ഒരു കുട്ട അപ്പവുമായി തിരൂരിൽനിന്നോ തൃശ്ശൂരിൽനിന്നോ കെ-റെയിലിൽ കയറി കൊച്ചിയിൽ കൊണ്ടുപോയി വിറ്റ് വരാമെന്നാണ് പറയുന്നത്. ഒരു ഭാഗത്തേയ്ക്കുള്ള ടിക്കറ്റ് ചാർജ്ജ് എത്രയാണെന്നറിയുമോ? ഇതൊന്നും നടക്കുന്ന കാര്യമല്ല. എന്നാലും ഞങ്ങൾ സാങ്കേതികമായി ചോദിക്കട്ടെ; ഒരു സൈഡിലേയ്ക്കുള്ള ടിക്കറ്റ് ചാർജ്ജെന്ന് നിങ്ങൾ പറയുന്നത് 700 രൂപയാണ്. 700 രൂപ അങ്ങോട്ടും 700 രൂപ ഇങ്ങോട്ടുമാകുമ്പോൾ

1400 രൂപ. മറ്റ് ചാർജ്ജുകൾ കൂടിയാകുമ്പോൾ പോയിവരാൻ 2000 രൂപ ചെലവ് വരും. ഒരു കുട്ട അപ്പം വിറ്റാൽ 2000 രൂപ കിട്ടുമോ; പത്ത് കുട്ട വിറ്റാൽ കിട്ടുമോ? ആരോടാണ് നിങ്ങൾ ഈ ബഡായി പറയുന്നത്? ഇതൊക്കെയാണ് ഈ ജാഥയിൽ വിശദീകരിക്കുന്നത്. ഇവിടെ മാധ്യമ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് പറയുകയാണങ്കിൽ വല്ലാത്തൊരു അവസ്ഥയിലാണ്. ഏഷ്യാനെറ്റിലെ ശ്രീ. വിനു വി. ജോണും, ശ്രീമതി സിന്ധു സൂര്യകുമാറും നേരിടുന്ന കേസുകൾ. നമ്മൾ ഫാസിസത്തിനെതിരെയും പത്ര സ്വാതന്ത്ര്യത്തിനുവേണ്ടിയുമെല്ലാം വാദിക്കുമ്പോൾ ഈ സംസ്ഥാനത്ത് നടക്കാൻ പാടില്ലാത്ത കാര്യങ്ങളാണ് നടക്കുന്നത്. വലിയ ജനാധിപത്യവിരുദ്ധ രീതിയിലൂടെയാണ് ഈ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ നമ്മൾ വീണ്ടും വിഷയത്തിലേയ്ക്ക് വരികയാണെങ്കിൽ കാണാൻ സാധിക്കുന്നത്, ഐ.ജി.എസ്.ടി, ജി.എസ്.ടി. നഷ്ടപരിഹാരത്തുക വാങ്ങിയെടുക്കുന്നതിൽ സർക്കാരിന് വീഴ്ചയുണ്ടായി എന്നത് പാർലമെന്റിൽ ചർച്ച ചെയ്യപ്പെട്ടു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ പറയുന്നത് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ചോദ്യം അങ്ങനെ ചോദിക്കരുതായിരുന്നു, അതുകൊണ്ടാണ് ഉത്തരം

ഇങ്ങനെ ആയതെന്നാണ്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എന്താണ് ചോദിച്ചത്? കേന്ദ്രം നമ്മളെ അവഗണിക്കുന്നുണ്ടെന്നും നമുക്ക് നൽകാനുള്ള തുക നൽകുന്നില്ലെന്നും നിങ്ങൾ കാലങ്ങളായി പറയുകയാണ്. അക്കാര്യം ഞങ്ങളും അംഗീകരിക്കുന്നു. ഇവിടെ ഐ.ജി.എസ്.ടി. ഇനത്തിൽ 5000 കോടി രൂപ  വാങ്ങിയെടുക്കുന്നതിൽ കേരളത്തിന് വീഴ്ചയുണ്ടെന്ന് പറഞ്ഞത് Expenditure & Review Committee ആണ്. അത് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ  കണ്ടെത്തലാണ്. അത് നമ്മൾ കാണണ്ടേ? അതുമായി ബന്ധപ്പെട്ട് നിങ്ങളുടെ കൂടെ നിന്നിട്ടാണ് കൊല്ലം എം. പി.  ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ  കേരളത്തിന് കൊടുക്കേണ്ടത് കൊടുക്കണ്ടേയെന്നും ഇത് ശരിയാണോയെന്നും പാർലമെന്റിൽ ചോദ്യം ഉന്നയിച്ചത്. ഇതിന് ശ്രീമതി നിർമ്മല സീതാരാമൻ മറുപടി പറഞ്ഞപ്പോൾ നിങ്ങളുടെ ചില വീഴ്ചകൾ ചൂണ്ടിക്കാട്ടി. അതിന് എന്തിനാണ്  ശ്രീ. എൻ. കെ. പ്രേമചന്ദ്രനെതിരെ തിരിയുന്നത്? 18 എം.പി.-മാർ ഞങ്ങൾക്കുവേണ്ടി ഒന്നും പറയുന്നില്ലെന്ന് എപ്പോഴും പറയാറുണ്ട്. നിങ്ങൾക്കുവേണ്ടി പറഞ്ഞ ഒരാളുടെ സ്ഥിതി ഇതാണ്, പിന്നെ ബാക്കിയുള്ളവരുടെ കാര്യം പറയാനുണ്ടോ? ഈ രീതിയിലാണ് നിങ്ങളുടെ പോക്ക്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു പ്രധാന വിഷയം, ഭൂമിയുടെ ന്യായവില സംബന്ധിച്ചാണ്. ഭൂമിയുടെ ന്യായ വില 2010-ൽ നമ്മൾ തീരുമാനിച്ചു. അത് തെറ്റായ തീരുമാനമായിരുന്നു, ആ ന്യായവില മുഴുവനും അബദ്ധ പഞ്ചാംഗമാണ്. തലസ്ഥാനത്തെ കണ്ണായ സ്ഥലത്തിന് പത്ത് ലക്ഷം രൂപ. വയനാട്ടിൽ ഒരു സെന്റ് ഭൂമിക്ക് 11 ലക്ഷം രൂപ. തൃശ്ശൂരിലെ സ്വരാജ് ഗ്രൗണ്ടിൽ ഒരു സെന്റ് ഭൂമിക്ക് ഒരു കോടി രൂപ. ഒരേറോഡിന്റെ ഇരുവശത്തുമുള്ള സ്ഥലത്തിന് വ്യത്യസ്ത വിലയാണ് നിലവിലുള്ളത്. നമ്മൾ ഇങ്ങനെ ഇടയ്ക്കിടക്ക് ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ച് 13 വർഷം കൊണ്ട് 264 ശതമാനമാണ് വർദ്ധിപ്പിച്ചത്. ഇപ്പോൾ നമ്മൾ എന്താണ് ചെയ്തത്? ഇപ്പോൾ വീണ്ടും 20 ശതമാനം ന്യായ വില വർദ്ധിപ്പിച്ചു. അപ്പോൾ എന്താണ് സംഭവിച്ചത്? മുമ്പ് ഒരു സെന്റ് ഭൂമി രജിസ്റ്റർ ചെയ്യാൻ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും കൂടി പതിനായിരം രൂപ മതിയായിരുന്നവെങ്കിൽ ഇപ്പോൾ പന്ത്രണ്ടായിരം രൂപ വേണം. നിങ്ങൾ ചുളുവിൽ ആളുകളുടെ പോക്കറ്റടിക്കുകയാണ്. അഞ്ച് സെന്റും പത്ത് സെന്റുമുള്ള എത്രയോ ഭൂമികൾ ആളുകൾക്ക് രജിസ്റ്റർ ചെയ്യേണ്ടിവരും. ആ സ്ഥാനത്താണ് ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചിരിക്കുന്നത്. മാത്രമല്ല

സർക്കാരിന്റെ ഭാഗത്തുനിന്നും ഇപ്പോൾ എല്ലാം തട്ടിപ്പാണ്. പഴയകാലത്ത് ഒരു തിരുട്ട് ഗ്രാമം എന്നൊരു തമിഴ് പ്രയോഗമുണ്ട്, ഇന്ത ഇടത്തിൽ തിരുട്ട് അരസാങ്കം. എല്ലാവരും പറ്റിക്കുകയാണ്, എല്ലാവരേയും പറ്റിക്കുകയാണ്, സർവത്ര തട്ടിപ്പ് നടത്തുകയാണ്. പ്രളയ ഫണ്ട് പാർട്ടിക്കാർ തട്ടിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ കൈവച്ചത് സഹിക്കാൻ കഴിയില്ല. ഈ ഫണ്ടിലേയ്ക്ക് ആരെല്ലാം സംഭാവന നൽകിയ തുകയാണുള്ളത്? ഇവിടെ ഒരു മാധ്യമ പ്രവർത്തകൻ പറഞ്ഞതുപോലെ ഇതൊരു വൈകാരിക സഞ്ചയമാണ്. ഒരു നശിച്ച കാലത്ത് അരപട്ടിണിക്കാർ നൽകിയ പവിത്ര മൂലധനമാണ് ഒരു പറ്റം നരാധമന്മാർ അടിച്ചുകൊണ്ടുപോയത്. കണ്ണൂരിലെ ജനാർദ്ദനൻ ഇടതുപക്ഷക്കാരനും ബീഡി തെറുപ്പുകാരനുമാണ്. അദ്ദേഹം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് രണ്ട് ലക്ഷം രൂപയാണ് കൊടുത്തത്. സ്വന്തം ഭർത്താവിനെ ചികിത്സിക്കേണ്ട സുബൈദ ആടിനെ വിറ്റുകിട്ടിയ അയ്യായിരം രൂപയാണ് ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുത്തത്. അതുപോലെ പ്രാവിനെ വിറ്റ പതിനൊന്നുവയസ്സുകാരന്റെ പണവും ഇതിലേയ്ക്ക് കൊടുത്തു. മോണകാട്ടി ചിരിച്ച കുരുന്നുകൾ അവരുടെ കുടുക്ക പൊട്ടിച്ച് കൊടുത്ത പണവുമുണ്ട്. ആ

പണമാണ് ഒരു പറ്റം നരാധമന്മാർ, ഒരു കോക്കസ് അടിച്ചുമാറ്റിയത്. എങ്ങനെ അടിച്ചുമാറ്റാതിരിക്കും....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 'കത്തുന്ന വീട്ടിൽനിന്നും ഊരുന്ന കഴുക്കോൽ ലാഭം ' എന്ന് പറയുന്നതുപോലെ എല്ലാവരും അടിച്ചുമാറ്റുകയാണ്. എൻ.ജി.ഒ. യൂണിയന്റെ വക ഒരുഭാഗത്ത് അടിച്ചുമാറ്റൽ നടക്കുകയാണ്. താഴെത്തട്ടിൽ പ്രളയ ഫണ്ട് അടിച്ചുമാറ്റുകയാണ്. മേലെതട്ടിലേയ്ക്ക് നോക്കിയാലോ കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത വലിയ അഴിമതികളല്ലേ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ സ്വർണ്ണം ഇങ്ങോട്ടുവന്നു, ഡോളർ അങ്ങോട്ടുപോയി എന്നൊക്കെ ശ്രീമതി സ്വപ്ന സുരേഷ് ഇടയ്ക്കിടയ്ക്ക് പറയുകയാണ്. ഞാനൊറ്റ കാര്യമേ ചോദിക്കുന്നുള്ളൂ....

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം... പ്ലീസ് കൺക്ലൂഡ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ നിർത്തുകയാണ്. ശ്രീമതി സ്വപ്ന സുരേഷ് പറയുന്നത് തെറ്റാണെങ്കിൽ ഇന്നുവരെ അവർക്കെതിരെ ഒരു

മാനനഷ്ടക്കേസ് കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾ ആവശ്യപ്പെടുകയാണ്. കാരണം നിങ്ങളെക്കുറിച്ച് ഒരു സ്ത്രീ അപവാദം പറഞ്ഞതിൽ എന്തുകൊണ്ടാണ് നിങ്ങൾ പ്രതികരിക്കാത്തത്? അതുകൊണ്ട് ഇവിടെ ഈ പറയുന്ന അഴിമതിയിൽ മുങ്ങിക്കുളിച്ചൊരു സർക്കാരാണെന്നുള്ളതാണ് ഇതെല്ലാം തെളിയിക്കുന്നത്. ശ്രീ. എം. ശിവശങ്കർ ഇ.ഡി.-യുടെ പിടിയിലായി. വീണ്ടും കസ്റ്റഡിയിലായി...

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ശ്രീ. സി. എം. രവീന്ദ്രനെ വീണ്ടും ചോദ്യം ചെയ്യാൻ പോകുകയാണ്. അപ്പോൾ ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇതൊക്കെ വലിയ നാണക്കേടാണ്. ഇതിൽ ഒരുപാട് ധനാഭ്യർത്ഥനകളുണ്ട്. ഇതിലൊക്കെ ഒരുപാട് വീഴ്ചകളും ചൂണ്ടിക്കാണിക്കാനുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുകയാണ്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ മണ്ണാർക്കാട് അംഗത്തിന്

തെറ്റിദ്ധാരണ ഉണ്ടായിയെന്നാണ് എനിക്ക് തോന്നുന്നത്. കാരണം യു.ഡി.എഫ്. ഭരണകാലത്തെ ബഡ്ജറ്റിന്മേൽ നടത്തിയ പ്രസംഗം പോലെയാണ് അദ്ദേഹമിവിടെ നടത്തിയത്. ആദിവാസി സ്ത്രീയുടെ കച്ച കറുത്തതാണെന്ന് പറഞ്ഞ് അഴിച്ചുമാറ്റിയ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു കാലം കേരളത്തിലുണ്ടായിരുന്നു. ആ ഹാംഗ് ഓവർ വച്ച് പിണറായി വിജയൻ ഗവൺമെന്റിനെ വിലയിരുത്തരുത്. ഒരു കറുപ്പിനോടും വിദ്വേഷമുള്ളവരല്ല ഞങ്ങൾ. എന്തുകൊണ്ടാണ് ഇവിടെ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തെക്കുറിച്ച് നിങ്ങളാരും ഒന്നും പറയാത്തത്? രാഷ്ട്രീയ പാർട്ടികളെന്ന നിലയിൽ രാജ്യത്ത് നിലനിൽക്കുന്ന ഫെഡറൽ സിസ്റ്റത്തിന് വിരുദ്ധമായി... ഇത് ശ്രീ. കെ. എൻ. ബാലഗോപാലിന്റെയോ ഈ ഗവൺമെന്റിന്റെയോ പ്രശ്നമല്ലല്ലോ? പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അനുസരിച്ച് നമുക്ക് ലഭ്യമാകേണ്ട 3.84 ശതമാനം വിഹിതം 1.92 ശതമാനമായി വെട്ടിച്ചുരുക്കിയില്ലേ, എന്തുകൊണ്ടാണ് പാർലമെന്റിന് മുമ്പിൽ ബഹുമാന്യരായ പാർലമെന്റ് അംഗങ്ങൾ... നിങ്ങൾ ഇവിടെ പുകഴ്ത്തിപ്പറഞ്ഞ ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ നേതൃത്വത്തിൽ ഒരു ധർണ്ണ നടത്താതിരുന്നത്? ശ്രീ. നരേന്ദ്ര മോഡി നടപ്പിലാക്കുന്ന രാഷ്ട്രീയ

വിരോധത്തിന്റെ എരിപകരുന്ന, അതിന് കൂടെ നിൽക്കുന്ന സമീപനമല്ലേ യു.ഡി.എഫ്. എം.പി.-മാർ പാർലമെന്റിൽ സ്വീകരിച്ചത്. പാചക വാതകത്തിന് 50 രൂപ വില വർദ്ധിപ്പിച്ചു, ഇവിടെ സമരം ഇരുന്നല്ലോ; പാർലമെന്റിന് മുമ്പിൽ എന്താണ് ഒരു ധർണ്ണാസമരം നടത്താതിരുന്നത്. നിങ്ങൾ ആരുടെ കൂടെയാണ്; നിങ്ങൾ ആരെയാണ് പിന്തുണയ്ക്കുന്നത്; കേരളം പോലൊരു സംസ്ഥാനം ഈ ലോകത്തിന് മാതൃകയല്ലേ? ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിക്കുമ്പോൾ പറഞ്ഞു; ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ അവസാനത്തെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ആയിരിക്കുമെന്ന്. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് തെറ്റി, കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ കീഴിലുള്ള നാളുകളാണ് കേരളത്തിൽ വരാൻ പോകുന്നത്. ശ്രീ. പിണറായി വിജയനെ തകർത്ത്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി രാഷ്ട്രീയത്തെ ദുർബലപ്പെടുത്താമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്; ശ്രീ. നരേന്ദ്ര മോദിക്ക് സമമാണ് ശ്രീ. പിണറായി വിജയൻ **എന്നത് അത്** നിങ്ങളുടെ ആഗ്രഹം മാത്രമാണ്. ഒരു Secular and Secure സ്റ്റേറ്റാണ് കേരളം. കേരളത്തിൽനിന്നുള്ള മുസ്ലീംലീഗിന്റെ പ്രതിനിധിസംഘം ഉത്തർപ്രദേശിലെ

ഇലക്ഷന് പോയതിന്റെ അനുഭവമെന്താണ്; അവിടെയെന്തെങ്കിലും പറയാൻ സാധിച്ചോ; എവിടെയെങ്കിലും പ്രചരണത്തിന്റെ ഭാഗമായി നിങ്ങളെ പങ്കെടുപ്പിച്ചോ; കേരളത്തിൽ എവിടെയെങ്കിലും ജാതിയും മതവും ആരെങ്കിലും ചോദിക്കുമോ; എന്തുകൊണ്ടാണ് അങ്ങനെ ചോദിക്കാത്തത്; ധൈര്യമുള്ള ഒരാൾ കേരളത്തിലെ മുഖ്യമന്ത്രിക്കസേരയിലും ധൈര്യമുള്ള ഒരു ഗവൺമെന്റ് കേരളത്തിലുള്ളതുകൊണ്ടും ആർ.എസ്.എസ്.-കാരന്റെ ഒരു ഉഡായിപ്പും കേരളത്തിൽ നടപ്പാകില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നൽകുന്ന സുരക്ഷിതബോധത്തിന് കീഴിലാണ് സംസ്ഥാനത്തെ ജനങ്ങൾ. ഇത് ആയങ്കിമാരുടെയും ക്വട്ടേഷൻകാരുടെയും പാർട്ടിയല്ല. കയ്യൂരും കരിവള്ളൂരും പുന്നപ്ര-വയലാറും ഒഞ്ചിയവും അതുപോലെ ഈ സംസ്ഥാനത്ത് നടത്തിയിട്ടുള്ള അനവധി പോരാട്ടങ്ങളുടെയും ഭാഗമായി അവസാനം ഇവിടെ ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ...., കൂത്തുപറമ്പിൽ നടത്തിയത് വലിയ സമരമാണ്. അതിന്റെ ഭാഗമായി രക്തസാക്ഷികൾ വളർത്തിയെടുത്ത ചോര വീണ മണ്ണാണ് കേരളം. ഒരു ക്വട്ടേഷൻകാരന്റെയും ആനുകൂല്യത്തിൽ വളർന്ന പാർട്ടിയല്ല സി.പി.ഐ.(എം.)-ഉം ഇടതുപക്ഷ ജനാധിപത്യ

മുന്നണിയും. ഞങ്ങളെ ആക്ഷേപിക്കാൻ നോക്കരുത്, ഞങ്ങൾ ആ വഴിയേ നടക്കുന്നവരല്ല. അടിയന്തരാവസ്ഥ കാലത്ത്....... 'ഇന്ത്യയെന്നാൽ ഇന്ദിരയെന്നും ഇന്ദിരയെന്നാൽ ഇന്ത്യയെന്നും' പ്രഖ്യാപിച്ച് അടിയന്തരാവസ്ഥ വരെ നടപ്പിലാക്കിയവർ, ഞങ്ങളെ ജനാധിപത്യം പഠിപ്പിക്കരുത്; അത് നല്ല പഠനം തന്നെയാണ്. പാർലമെന്ററി പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ അനുഭവമാണ് എനിക്ക് ഓർമ്മവരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ നളിനി ഭർത്താവിനെ കാണാനില്ലെന്ന് പറഞ്ഞ് പോകുമ്പോൾ, ഒരു ദിവസം കണ്ട കാഴ്ചയെന്താണ്; അത്ര ഭീകരമായ ഏകാധിപത്യ പ്രവണത നടപ്പിലാക്കിയ സംസ്ഥാനമല്ലേ കേരളം; ആ നിങ്ങളാണോ വർത്തമാന കേരളത്തെ ചൂണ്ടിക്കാണിക്കുന്നത്; നിങ്ങളുടെ താൽപ്പര്യം ആരോടാണ്; സംഘ് പരിവാറിന്റെ അജണ്ട ഞങ്ങൾക്കറിയാം. സാമ്പത്തികമായി സംസ്ഥാനത്തെ തകർത്ത് പിടിച്ചെടുക്കുകയാണ് ലക്ഷ്യം. അതിന് ഇടതുപക്ഷ സർക്കാർ വഴങ്ങില്ല. അങ്ങനെ വഴങ്ങാത്തതുകൊണ്ടാണ്, കിഫ്ബി പദ്ധതി ഇവിടെ നടപ്പിലാക്കിയില്ലേ; കിഫ്ബി മുഖേന 80,352 കോടി രൂപ ചെലവാക്കി 2462 പ്രോജക്ടുകളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. നമ്മുടെ

വിദ്യാഭ്യാസ സ്ഥാപനങ്ങൾപോലെ ലോകത്ത് എവിടെയാണുള്ളത്; ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ആധുനികവും ദീർഘവീക്ഷണത്തോടും കൂടി ഇന്നത്തെ കാലത്തിന് യോജിച്ചനിലയിൽ ഏറ്റവും ശക്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മുന്നോട്ടുകൊണ്ടുപോകുകയല്ലേ ചെയ്യുന്നത്; ഒരു നാടിനെ ദീർഘവീക്ഷണത്തോടെ നയിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം ആ നാട്ടിലെ വിദ്യാലയങ്ങളായിരിക്കണമെന്ന കാഴ്ചപ്പാടോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയല്ലേ; സമ്പദ്ഘടനയെ ചലിപ്പിക്കാൻ ബഡ്ജറ്റിന് പുറത്ത് ധനസമാഹരണം നടത്തി, ആ സമ്പദ്ഘടനയെ മെച്ചപ്പെടുത്തുകയെന്ന ഏറ്റവും മികച്ച ധനകാര്യ മാനേജ്മെന്റല്ലേ കേരളത്തിൽ നടപ്പിലാക്കിയത്; പട്ടയവിതരണം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വളരെ നന്നായിട്ടാണ് നിർവ്വഹിച്ചത്. ഒരു കാലത്ത് കേരളത്തിലെ ഏറ്റവും വലിയ പ്രശ്നമായിരുന്നു പട്ടയം ലഭിക്കാതിരുന്നത്. 27000 പട്ടയം കൊടുക്കാൻ തീരുമാനിച്ചതിൽ 54345 പട്ടയങ്ങൾ കൊടുത്തു. 40000 പട്ടയങ്ങൾ ജനങ്ങൾക്ക് കൊടുക്കാനായി തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. ഡിജിറ്റൽ സർവ്വേ, യുണീക് തണ്ടപ്പേർ

എന്നിവയൊക്കെ നടപ്പാകാൻപോകുന്നു. കേരളത്തിൽ 1666 വില്ലേജ് ഓഫീസുകളുണ്ട്. അവ മുഴുവൻ സ്മാർട്ടായി മാറാൻ പോകുകയാണ്. കേരളത്തിലെ സാധാരണ മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളെ ആധുനികവൽക്കരിച്ച് ശക്തമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് കേന്ദ്രം പണം തരുന്നില്ല. 'അയ്യോ; ഇവിടെ മുണ്ട് മുറുക്കിയുടുക്കണം, ഒന്നുമില്ല' എന്നല്ല ബഹുമാനപ്പെട്ട പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പറഞ്ഞത്. ഞങ്ങൾ ചെയ്യുമെന്നും അതിനായി ബദൽ മാർഗ്ഗം കണ്ടെത്തുമെന്നും പറഞ്ഞുകൊണ്ട് അതെല്ലാം ഇവിടെ നടപ്പിലാക്കിയില്ലേ; വിശ്വാസങ്ങളുടെ അട്ടിപ്പേറവകാശം അക്കാലത്ത് നിങ്ങളാണല്ലോ അവകാശപ്പെടാറുള്ളത്; ശബരിമലയിലുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്; ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ മനോഹരമാക്കിയ ശബരിമലയിൽ 50 ലക്ഷത്തിലേറെ ആളുകൾ വന്നുപോയില്ലേ; ഇടത്താവളത്തിനുവേണ്ടി 200 കോടി രൂപയുടെ പദ്ധതി നടപ്പിലാവുകയല്ലേ; ഞങ്ങൾ വിശ്വാസത്തിനെതിരല്ല, അവരെ സംരക്ഷിക്കുകയും അനുകൂലമായ നിലപാടുകൾ സ്വീകരിക്കുന്നവരുമാണ്. എന്നാൽ, ആർ.എസ്.എസ്.-ന്റെ അജണ്ട വിശ്വാസകേന്ദ്രങ്ങൾ

നടപ്പിലാക്കാൻ അനുവദിക്കില്ലെന്ന ശക്തമായ നിലപാട് സ്വീകരിച്ചവരാണ്. അതിൽ ഏതെങ്കിലും വിശ്വാസിക്ക് പരാതിയുണ്ടോ; ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെയും വിശ്വാസകേന്ദ്രങ്ങളെയും ഈ ഗവൺമെന്റ് എത്ര നല്ലരീതിയിലാണ് മുന്നോട്ടുകൊണ്ടുപോകുന്നത്; ഏത് മേഖല പരിശോധിച്ചാലും ആ മേഖലയിലെല്ലാം കാണാൻ കഴിയുന്നത് ഏറ്റവും മികച്ച ആധുനിക കാഴ്ചപ്പാടോടുകൂടി സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ഗവൺമെന്റിനെയാണ്. ആർ.എസ്.എസ്.-ന്റെ അജണ്ടയുണ്ട്, ബി.ജെ.പി. ഗവൺമെന്റിന് താൽപ്പര്യമുണ്ട്. ഞങ്ങൾ ഒരു മാധ്യമ സ്വാതന്ത്ര്യത്തിനുമെതിരല്ല. മാധ്യമത്തിന്റെ പരിലാളനയിൽ വളർന്ന പാർട്ടിയൊന്നുമല്ല സി.പി.ഐ.(എം.). ഞങ്ങൾ ആരുടെയും പിന്തുണയിലോ, ആരെങ്കിലും നൽകിയ ഔദാര്യത്തിന്റെ ഭാഗമായോ വളർന്നുവന്നവരല്ല. ഒരു സ്ഥാപനത്തിനും ഞങ്ങൾ എതിരല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ, കണ്ണൂർ ജില്ലാ സെക്രട്ടറി 'ബിൻ ലാദൻ' എന്ന് വിളിച്ചു. അത് അങ്ങ് പരിശോധിക്കുന്നത് നല്ലതായിരിക്കും. അങ്ങയെപ്പോലൊരാൾ അങ്ങനെ തെറ്റിദ്ധരിക്കപ്പെടാൻ പാടില്ലെന്നതുകൊണ്ട് പറയുകയാണ്. അങ്ങനെ വിളിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. അത് വളരെ പ്രധാനപ്പെട്ട

കാര്യമായതിനാൽ അങ്ങ് പരിശോധിക്കണം. മാധ്യമ പ്രവർത്തകരോടെല്ലാം ബഹുമാനവും ആദരവും ഏറ്റവും ശക്തമായി പുലർത്തുന്നവരാണ് ഞങ്ങൾ; അതിൽ വീഴ്ചകളുണ്ടാകാം. അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ ആ വീഴ്ചകളിലെല്ലാം ഏറ്റവും ശക്തമായ സമീപനം ഞങ്ങൾ സ്വീകരിച്ചിട്ടില്ലേ; അതല്ലാതെ മാധ്യമ സ്വാതന്ത്ര്യത്തിനുവേണ്ടി കേരളത്തിൽ വാദിക്കുകയെന്ന് പറയുന്നതിന്റെ യുക്തിയെന്താണ്? ഇന്ത്യ ഗവൺമെന്റിനെ/ മോദിയെപ്പോലെയാണെന്ന് ഇവിടെ സ്ഥാപിക്കാൻവേണ്ടിയാണ്. നിങ്ങൾക്ക് ചില ദുഷ്ടലാക്കും ലക്ഷ്യങ്ങളുണ്ട്. ആ ലക്ഷ്യമെന്താണ്; രാഷ്ട്രീയ കേരളത്തിൽ ആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് തുടർഭരണമുണ്ടായി. അത് പലർക്കും സഹിക്കുന്നില്ല. തുടർഭരണമുണ്ടായി എന്നുമാത്രമല്ല, ഏറ്റവും ശക്തമായ ആധുനികവൽക്കരണത്തിലേയ്ക്ക് ആ ഗവൺമെന്റ് പോകുകയും ചെയ്തു. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും താൽപ്പര്യം, പ്രതിസന്ധിയുടെ കാലത്ത് 11000 കോടി രൂപ 62 ലക്ഷം കുടുംബങ്ങൾക്ക് ക്ഷേമ പെൻഷൻ നൽകി. ഇനി എന്തുചെയ്യണം ഈ ഗവൺമെന്റ്? ശ്രീമതി നിർമ്മല സീതാരാമൻ തിരുവനന്തപുരത്ത് വന്നശേഷം ചോദിച്ചു "കടമെടുത്തിട്ട് എന്തിനാണ് പെൻഷൻ കൊടുക്കുന്നത്" എന്ന്. അത്

തീരുമാനിക്കേണ്ടത് ശ്രീമതി നിർമ്മല സീതാരാമനല്ല. അത് ഇവിടെ ജനങ്ങൾ തെരഞ്ഞെടുത്ത ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. ആ സർക്കാരിന്റെ തീരുമാന പ്രകാരമാണ് 62 ലക്ഷം കുടുംബങ്ങൾക്ക് പെൻഷൻ കൊടുത്തത്. ലോകത്താകെ അസാധാരണമായ ഒരു സാമ്പത്തിക പ്രതിസന്ധിയുണ്ടായി. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിൽനിന്ന് രാജ്യങ്ങൾ വിത്ത്ഡ്രോ ചെയ്തു. എന്നാൽ ഇവിടെയെന്താണ് ചെയ്തത്; പെൻഷൻ കൊടുക്കാൻ കഴിയില്ലെന്ന് പറഞ്ഞ് കൊടുക്കാതിരിക്കുകയാണോ ചെയ്തത്; അങ്ങനെയല്ല ഈ ഗവൺമെന്റ് ചെയ്തത്. ഏത് പ്രതിസന്ധിയുണ്ടായാലും, കേരളത്തിലെ 62 ലക്ഷം ജനങ്ങൾക്കും പെൻഷൻ കൊടുക്കുമെന്ന് പ്രഖ്യാപിക്കുന്ന ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അതിന് നേതൃത്വം കൊടുക്കുന്ന റവന്യൂ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരെയുമല്ലേ കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. അതിനർത്ഥം, ജനങ്ങളെ ചേർത്തുനിർത്തി അവരുടെ പ്രശ്നങ്ങളെന്താണെന്ന് മനസ്സിലാക്കി അവർക്കനുകൂലമായ ഏറ്റവും ശക്തമായ നിലപാട് സ്വീകരിക്കുന്നു. കേരളം നമ്മുടെ നാടല്ലേ; രാഷ്ട്രീയമായ വ്യത്യസ്ത അഭിപ്രായങ്ങളും വ്യത്യസ്തമായ രീതിയിലെ ചിന്തകളും നമുക്കിടയിലുണ്ടാവാം. എന്നാൽ, കേരളത്തെ

തകർക്കാൻ ശ്രമിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരെ ഏറ്റവും ശക്തിയേറിയ സമീപനം നമുക്ക് കൂട്ടായി സ്വീകരിക്കേണ്ടതല്ലേ; ഇനി ഞങ്ങളല്ല, നിങ്ങളാണ് ഭരിക്കുന്നതെന്ന് വിചാരിച്ചാൽ, എങ്ങനെ നിങ്ങൾക്ക് മുന്നോട്ടുപോകാൻ സാധിക്കും? ജനങ്ങൾക്ക് അമിതഭാരം ഏൽപ്പിക്കാതെ ഒരു സംസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഏറ്റവും മികച്ച ധനകാര്യ മാനേജ്മെന്റിനല്ലേ ഇതൊക്കെ ചെയ്യാൻ കഴിയൂ; നിങ്ങൾ അതിന് ബദൽ പറയൂ. എന്ത് ചെയ്യാൻ കഴിയും? ഇത്തരമൊരു സാഹചര്യത്തിൽ വൈരനിര്യാതന ബുദ്ധിയോടെ രാഷ്ട്രീയവിമോചനത്തോടെ ഒരു സംസ്ഥാനം തകർക്കാൻ ശ്രമിക്കുമ്പോൾ, ജനങ്ങൾക്ക് വലിയ ബാധ്യതയില്ലാതെ സംസ്ഥാനത്തെ നയിക്കുകയെന്ന മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റാണ് ഇവിടെ സാധ്യമാകുന്നത്. ഈ സർക്കാർ പരിശ്രമിക്കുന്നതും മുന്നോട്ടുവയ്ക്കുന്ന ആശയവും അതാണ്. അതുകൊണ്ട്, ഇന്നത്തെക്കാലത്ത് അസാധാരണമായ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാൻ ഈ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ അനിവാര്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ ധനാഭ്യർത്ഥനകളെ

ഞാൻ അനുകൂലിക്കുകയാണ്. കേരളത്തെ ആദ്യം അളന്നെടുത്ത് രൂപപ്പെടുത്തിയത് പരശുരാമനാണെന്ന ഐതിഹ്യമുണ്ട്. സത്യത്തിൽ അതൊരു കഥയോ മിത്തോ ആയിരിക്കാം. പക്ഷേ ഇന്നത്തെ ആധുനിക കാലഘട്ടത്തിൽ കേരളത്തെ അളന്ന് തിട്ടപ്പെടുത്താൻ റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ റവന്യൂ വകുപ്പ് തയ്യാറാകുന്നുവെന്നത് കേരളത്തിന്റെ ഐതിഹ്യമല്ല, യാഥാർത്ഥ്യമാണെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. കേരളത്തിലെ ഭൂമിപ്രശ്നം വർഷങ്ങളായി അവസാനിക്കാത്ത ഒരു പ്രശ്നമാണ്. അതിന് ശാശ്വത പരിഹാരം കാണാനുള്ള ഒരു നല്ല ഇടപെടലായി ഞാനിതിനെ കാണുന്നത്. തകഴി ശിവശങ്കരപ്പിള്ളയുടെ ഏറ്റവും മനോഹരമായ നോവലുകളിലൊന്നാണ് കയർ. മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധങ്ങളുണ്ടാക്കുന്ന സാമൂഹികമായ പ്രത്യാഘാതങ്ങളും ഒരു കയറുപോലെ ഇഴചേർന്നുകിടക്കുന്ന അസാധാരണമായ ഇതിവൃത്തത്തിൽ രൂപപ്പെടുത്തിയ ആ നോവൽ കേരളത്തിലെ ഭൂമിയുടെ പ്രശ്നങ്ങൾ വളരെ കൃത്യമായി അവലോകനം ചെയ്തിട്ടുണ്ട്. ഒരിക്കലും പരിഹരിക്കപ്പെടാത്ത പ്രശ്നത്തിന് റവന്യൂ വകുപ്പിലൂടെ പരിഹാരമുണ്ടാകുകയാണ്. കാരണം, ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക്

പരിഹാരമുണ്ടാക്കാൻ 'ഡിജിറ്റൽ കേരള' പോലുള്ള പദ്ധതികളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട്, റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് ഒരു ഇന്റഗ്രൽ പോർട്ടൽ രൂപീകരിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. അതിനെ വളരെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കാൻ എനിക്ക് ലഭിച്ച അഞ്ച് മിനിട്ടിനുള്ളിൽ മൂന്ന് പ്രധാനപ്പെട്ട വകുപ്പുകളെയുംക്കുറിച്ച് അധികം കാര്യങ്ങൾ പറഞ്ഞുപോകാൻ കഴിയില്ല. ഇവിടെ പറയാനുദ്ദേശിച്ച പല കാര്യങ്ങളും പറഞ്ഞുകഴിഞ്ഞു. കേരളത്തിലെ വില്ലേജുകൾ സ്മാർട്ടാകുന്നതുപോലെ റവന്യൂ ഡിപ്പാർട്ടുമെന്റും വളരെ സ്മാർട്ടായി വരുന്നുവെന്നതിൽ യാതൊരു സംശയവുമില്ല. അത് കേരളത്തിൽ പൊതുവായി നടക്കുന്ന ഭരണ സംവിധാനത്തിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. വളരെ പ്രധാനപ്പെട്ട കാര്യം, കഴിഞ്ഞ ദിവസങ്ങളിലൊക്കെ ചർച്ച ചെയ്തതാണ്. കേരളത്തിന്റെ വരുമാനവുമായി ബന്ധപ്പെട്ട് ഐ.ജി.എസ്.ടി.-യിൽനിന്ന് കിട്ടാനുള്ള 25,000 കോടി രൂപ ലഭിച്ചില്ലെന്നുള്ള ചർച്ചകൾ നടക്കാറുണ്ട്.

ഈ കണക്ക് എവിടെനിന്ന് ലഭിച്ചതാണെന്ന് കൃത്യമായി അറിയില്ല. വസ്തുതകൾ മറച്ചുവയ്ക്കുകയെന്നത് ശരിയല്ല. 'Lies, damned lies and statistics' എന്ന് സാധാരണഗതിയിൽ പറയാറുണ്ട്. പിന്നീട് കണക്കുകൾ പലപ്പോഴും സത്യത്തെ ബോധ്യപ്പെടുത്തുന്നില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. ഐ.ജി.എസ്.ടി. ഇനത്തിൽ കേരളത്തിന് ലഭിക്കേണ്ട പണം നേടിയെടുക്കാൻ കഴിഞ്ഞില്ലായെന്നതാണ് പ്രധാനപ്പെട്ട കാര്യം. സത്യത്തിൽ യഥാർത്ഥ കാരണമെന്താണ്; കേരളത്തിൽ പ്രധാനമായും ഐ.ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ധാരാളം സങ്കീർണ്ണതകളുണ്ട്. ജി.എസ്.ടി. നടപ്പാക്കിയ കാലം മുതൽ ഇതുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ പരിഹരിക്കാനുള്ള ബാധ്യത കേന്ദ്ര ഗവൺമെന്റും ജി.എസ്.ടി. കൗൺസിലും നിർവ്വഹിക്കുന്നില്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. ക്രോസ് ക്രെഡിറ്റിന്റെ വിഷയം അതിന് ഉദാഹരണമാണ്. യൂട്ടിലൈസേഷന്റെ പാറ്റേണിൽ വ്യത്യാസവും റീ-ഫണ്ടിലെ പ്രശ്നങ്ങളും ഇൻപുട്ട് ടാക്സിന്റെ ക്രെഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളൊന്നും ഇതുവരെ സിസ്റ്റത്തിനുള്ളിൽ പരിഹരിക്കപ്പെടാത്തതുകൊണ്ട് കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് യഥാർത്ഥത്തിൽ കിട്ടാനുള്ള പണം കിട്ടുന്നില്ലെന്നത്

വളരെ പ്രധാനപ്പെട്ട കാര്യമാണ്. മാത്രമല്ല, കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ പ്രാവശ്യം ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 17 അനുസരിച്ച് സംസ്ഥാനത്തിന് ലഭിക്കാനുള്ള വിഹിതം നൽകുന്നില്ല. അതുകൊണ്ട് സാങ്കേതികമായ പിഴവുകളും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കണം. ഭരണഘടനാപരമായി നൽകിയിട്ടുള്ള അധികാരം പൂർണ്ണമായും ഉപയോഗിക്കപ്പെടുത്താതിരിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. പലപ്പോഴും ചർച്ചയിൽ ഇത് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായ അപാകതയാണെന്ന് ചൂണ്ടിക്കാണിക്കുന്നത് യാഥാർത്ഥ്യമല്ലെന്ന് പറയാനാണ് ആഗ്രഹിക്കുന്നത്.

2017-2018 സാമ്പത്തിക വർഷം ഏതാണ്ട് 1,76,000 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് ഐ.ജി.എസ്.ടി പൂളിൽനിന്ന് അവരുടെ സഞ്ചിത നിധിയിലേയ്ക്ക് മാറ്റിയത്. അക്കാര്യം സെൻട്രൽ ഗവൺമെന്റ് ഉദ്യോഗസ്ഥരായ സി.&എ.ജി. റിപ്പോർട്ടിൽ വളരെ കൃത്യമായി പറയുന്നുണ്ട്. സെൻട്രൽ ഗവൺമെന്റ് ഉദ്യോഗസ്ഥനായ സി.&എ.ജി. പറയുന്നത്, അങ്ങനെ സെൻട്രൽ പൂളിൽനിന്ന് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക്

മാറ്റിയത് ഒരിക്കലും ശരിയല്ലെന്നാണ്. കാരണം, അത് സംസ്ഥാനങ്ങൾക്കുള്ള വിഹിതമാണ്. 50:50 എന്ന അനുപാതത്തിലാണ് ലഭിക്കേണ്ടത്. നേരത്തെ പറഞ്ഞതുപോലെ, സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട 50 ശതമാനത്തിൽ സെൻട്രൽ പൂളുൾപ്പെടെയുള്ള പല മാനദണ്ഡങ്ങളും നോക്കുമ്പോൾ സംസ്ഥാനത്തിന് കിട്ടാനുള്ള യഥാർത്ഥ പണം പൂർണ്ണമായും ലഭിക്കുന്നില്ല. 14-ാം ധനകാര്യ കമ്മിഷന്റെ ഫോർമുലവച്ച് സംസ്ഥാനങ്ങൾക്ക് സെൻട്രൽ പൂളിൽനിന്ന് കിട്ടാനുള്ള പണം വിഭജിക്കാനെടുത്ത തീരുമാനം തികച്ചും ഭരണഘടനാവിരുദ്ധമാണ്. ഇതിനെതിരെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ആരും സംസാരിച്ച് കേട്ടില്ലായെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ സംഭവിച്ചത് ഇതാണ്. 2022-2023 സാമ്പത്തിക വർഷം ജനുവരി മാസം വരെയുള്ള കണക്കുപ്രകാരം, സംസ്ഥാനത്ത് ഏതാണ്ട് 14,775 കോടി രൂപ ഐ.ജി.എസ്.ടി. വിഹിതമായി ലഭിച്ചതാണ്. ഈ വർഷം പൂർത്തീകരിക്കുമ്പോൾ, അത് ഏതാണ്ട് 17,500 രൂപയായി വർദ്ധിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സ്വാഭാവികമായും ഈ കാലയളവിൽ ഐ.ജി.എസ്.ടി-ൽനിന്ന് സംസ്ഥാനത്തിന് കിട്ടാനുള്ള

ഫണ്ടിന്റെ അളവ് വർദ്ധിച്ചുവെന്നത് ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റായതിനാൽ കൂടുതൽ ജി.എസ്.ടി. ആനുകൂല്യം ലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. Place of supply ഇപ്പോഴും കൃത്യമായി നിർവ്വചിക്കാൻ ജി.എസ്.ടി. സംവിധാനത്തിലെ സിസ്റ്റത്തിന് കഴിഞ്ഞിട്ടില്ല. അത് കണ്ടെത്താനുള്ള സംവിധാനം ആവശ്യമാണ്. ഇപ്പോൾ നികുതിദായകന് കൊടുക്കുന്നത് റിട്ടേണിന്റെയടിസ്ഥാനത്തിൽ മാത്രമാണ്. Place of supply കണ്ടെത്തുന്നതിനുവേണ്ടി ഇ-വേ ബില്ലും ഇ-ഇൻവോയിസുൾപ്പെടെയുള്ള പുതിയ ക്രമീകരണങ്ങൾകൂടി നടത്തിക്കൊണ്ട് സംസ്ഥാനത്തിന് കിട്ടാനുള്ള ഫണ്ട് ലഭ്യമാക്കാൻ നടപടി തീർച്ചയായുമുണ്ടാകണം. ഇത് സംസ്ഥാന ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിലെ അപാകതകൾ അല്ലെന്ന് ഇക്കാര്യങ്ങളിലൂടെ ഞാൻ സൂചിപ്പിക്കുകയാണ്. കേന്ദ്രമെടുക്കുന്ന നിലപാടുകളും ജി.എസ്.ടി. സമ്പ്രദായത്തിൽ ഘടനാപരമായ മാറ്റങ്ങളും സംബന്ധിച്ച് നിരന്തരമായ ആവശ്യങ്ങൾ പരിഗണിക്കാതെ പോകുന്നത് സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് സൂചിപ്പിക്കുകയാണ്. കഴിഞ്ഞ

ശബരിമല സീസണിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചതാണ്. ഒരു പരാതികളുമില്ലാതെ ഓരോ സമയങ്ങളിലും കൃത്യമായി ശബരിമല തീർത്ഥാടന കാലത്തെ പ്രശ്നങ്ങൾ വിലയിരുത്താനും ഏറ്റവും ഭംഗിയായി കൊണ്ടുപോകാനും കഴിഞ്ഞതിൽ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വില്ലേജുകൾ സ്മാർട്ടായാൽ മാത്രം പോര, സേവനങ്ങൾകൂടി സ്മാർട്ടാവുകയെന്നതാണ് ആവശ്യം. വിവിധ വില്ലേജാഫീസുകൾ സ്മാർട്ടാക്കാനുള്ള പദ്ധതിയുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്. അക്കാര്യം വളരെ നല്ലതും സ്വാഗതാർഹവുമാണ്. സേവനങ്ങൾ ഏറ്റവും വേഗതയിലെത്തുമ്പോഴാണ് 'സ്മാർട്ട്' ആകുന്നത്. ഇത് ഭൗതീക സാഹചര്യത്തിൽ മാത്രമല്ല, അത് സർവ്വീസിൽ കിട്ടുകയെന്നുള്ളത് പ്രധാനമാണ്. പോക്കുവരവും ഭൂമി തരംമാറ്റവുമടക്കമുള്ള വിഷയങ്ങൾ സാധാരണക്കാർ കയറിയിറങ്ങി ബുദ്ധിമുട്ടുന്ന സാഹചര്യം ഇപ്പോഴും നമ്മുടെ വില്ലേജ് ഓഫീസുകളിലുണ്ട്. കറപ്ഷൻ വില്ലേജാഫീസുകളിലെ ചില ഭാഗങ്ങളിലും കോണുകളിലും ഇപ്പോഴും ഒളിഞ്ഞിരിപ്പുണ്ടെന്നുള്ളത്

യാഥാർത്ഥ്യമാണ്. ഇത്തരത്തിലുള്ള വിഷയങ്ങൾ പലപ്പോഴുമുണ്ടാകാറുണ്ട്. വിമർശന വിധേയമായി ഇക്കാര്യങ്ങൾ അങ്ങേയ്ക്ക് പരിശോധിക്കാമെന്ന് പറയുകയാണ്. സാധാരണക്കാരായ ആളുകൾ ഏറ്റവും കൂടുതൽ ആശ്രയിക്കുകയും ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടങ്ങളിൽ വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് പോകേണ്ടതായി വരുന്ന മേഖലകൂടിയാണിത്. ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് എൽ.എം.സി.(ലാൻഡ് മാനേജ്മെന്റ് കമ്മിറ്റി) അനുവദിച്ച കേസുകളിൽപ്പോലും വലിയ കാലതാമസം വരുത്തുന്നു. റീ-സർവ്വേ ആദ്യഘട്ടങ്ങളിൽ പൂർത്തീകരിച്ച കണയന്നൂർ താലൂക്കിലെ ചിലരുടെ ഭൂമി, പുറമ്പോക്കായി കിടക്കുകയും പല തരത്തിലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാലും റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ ഇതുവരെയും പരിഹരിക്കപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാതെ അവിടെ ഇപ്പോൾ ഡിജിറ്റൽ സർവ്വേ തുടങ്ങിയിട്ടുണ്ട്. സ്ഥിരമായി പരാതിയുമായി വരുന്ന ഒരു വ്യക്തി, കഴിഞ്ഞ ദിവസം എന്നെ കണ്ടപ്പോൾ താലൂക്കിൽ ഡിജിറ്റൽ സർവ്വേ തുടങ്ങാൻ പോകുകയാണെന്നും അതുകഴിഞ്ഞേ അദ്ദേഹത്തിന്റെ ആവശ്യം സാധിക്കുകയുള്ളൂവെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ ആവശ്യവുമായി ബന്ധപ്പെട്ട് വില്ലേജാഫീസിൽനിന്ന് ലഭിച്ച

അനുഭവം എന്നോട് പങ്ക് വച്ചതാണ്. ഇങ്ങനെയുള്ള പല ന്യൂനതകളും അപാകതളും ഇപ്പോഴും നിലനിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. നിങ്ങൾ ഇവിടെ പട്ടയത്തെക്കുറിച്ച് ആവർത്തിച്ച് പറയുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ള കാര്യമാണ്. പുഴ പുറമ്പോക്ക്, തോട്, കനാൽ പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്നവർ ജീവിതങ്ങളല്ലേ; അവർക്ക് പട്ടയം ലഭിക്കാതെവരുന്നതിന്റെ നിയമപ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി പലപ്പോഴും പറയുന്നത്. അത്തരത്തിലുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം, അനവധി ആളുകൾ പട്ടയമില്ലാതെ കഷ്ടപ്പെടുന്ന സാഹചര്യങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ള പോത്തോളി കോളിനിയിൽ ഏതാനും കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. കാരണം, മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലാണ് ഇപ്പോഴും ചില സ്ഥലങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. അത് റവന്യൂ വകുപ്പിലേയ്ക്ക് മാറ്റി കിട്ടണം. അതിൽ ആര് തീരുമാനമെടുക്കുമെന്നുള്ളതാണ് പ്രധാന പ്രശ്നം. പല കാര്യങ്ങളിലും തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർ തയ്യാറാകാതെ നിൽക്കുന്നതിനാൽ ഇതൊക്കെയുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ എത്ര

വലുതാണെന്നത് അങ്ങയോട് പറഞ്ഞുതരേണ്ട ആവശ്യമില്ലല്ലോ; ഫ്ലഡ് റോഡുകളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഫ്ലഡ് റോഡുകളുടെ പുനരുദ്ധാരണത്തിന് പലപ്പോഴും ഫണ്ട് ലഭിക്കാതെ പോകുകയാണ്. പലപ്പോഴും പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് സഹായകരമാകുന്നത് ഇത്തരത്തിലുള്ള പദ്ധതികൾ മുഖാന്തരമാണ്. ആ പദ്ധതികൾക്ക് വലിയ കാലതാമസമുണ്ടാകുകയാണ്. അത് എത്രയുംവേഗം ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. അതോടൊപ്പം, കാലാവസ്ഥയുടെയും പ്രകൃതി ദുരന്തത്തിന്റെയും ഭാഗമായി ഉണ്ടാകുന്ന വിഷയങ്ങൾ കാരണം വീടുകൾക്കും വസ്തുക്കൾക്കും മൃഗങ്ങൾക്കുമടക്കം നാശനഷ്ടങ്ങളുണ്ടാകാറുണ്ട്. ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള കാര്യം, വീടുകൾ നഷ്ടപ്പെട്ടുകഴിഞ്ഞാൽ അതിന്റെ നഷ്ടപരിഹാരത്തുക നൽകുന്നുണ്ട്. പക്ഷെ, അത് അപര്യാപ്തമാണെന്ന ആക്ഷേപം ഞാൻ ഇപ്പോഴും മുന്നോട്ടുവയ്ക്കുകയാണ്. സൈഡ് പ്രൊട്ടക്ഷൻ ചെയ്യാനുള്ളകാര്യം ഇപ്പോഴും റവന്യൂ വകുപ്പ് മുന്നോട്ടുവച്ചിട്ടില്ല. വീട് തകർന്നാൽ അതിന് നഷ്ടപരിഹാരം കൊടുക്കും. വീട് തകരാനുള്ള കാരണം, ഈ ഇടിഞ്ഞുവീഴാൻ പോകുന്ന കെട്ടാണെങ്കിൽ അത്

സംരക്ഷിക്കാനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. അക്കാര്യം എത്ര അപഹാസ്യമാണ്. ഇത്രയും വർഷം പിന്നിട്ടിട്ടും ഈ വിഷയം എത്രയോ തവണ ചർച്ച ചെയ്തിട്ടും ഏറ്റവും അടിയന്തരമായും വേഗതയിലും ഇടപെടേണ്ടതായ വിഷയത്തിൽ ഒരു ലാഘവസമീപനം ഉണ്ടാകുന്നുവെന്ന് സൂചിപ്പിക്കുകയാണ്. ഭൂമിയുടെ അവകാശം റവന്യൂ വകുപ്പിന്റെ പരിധിയിലാണ്. അങ്ങനെയാകുമ്പോൾ, ഇന്ന് നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന അനിയന്ത്രിതമായ ഖനനം എത്രത്തോളം പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. മണ്ണ്, പാറ തുടങ്ങിയവയുടെ ഖനനം; പ്രത്യേകിച്ച് മണ്ണ് ഖനനം വലിയതോതിൽ വർദ്ധിതമായി നടക്കുകയാണ്. ഹൈവേയുടെ പദ്ധതികൾക്കായി മണ്ണെടുക്കുന്നതിന് എൻവയോൺമെന്റൽ ക്ലിയറൻസിന്റെ ആവശ്യമില്ല. അതിന് യാതൊരു മാനദണ്ഡവുമില്ലെന്നുള്ളതാണ് വസ്തുത. ഹൈവേയ്ക്കുവേണ്ടിയാണെങ്കിൽ എത്ര ഉയരമുള്ള മലയാണെങ്കിലും മണ്ണ് പൂർണ്ണമായി എടുത്തുകൊണ്ട് പോകാം. അത് തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. അതിൽ ഗവൺമെന്റിന്റെ അടിയന്തരശ്രദ്ധയും ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുമുണ്ടാകേണ്ട വിഷയമാണ്. കാരണം, ഇതിന്റെ മറവിൽ മറ്റ് ആവശ്യങ്ങൾക്കായി

മണ്ണെടുത്തുകൊണ്ടുപോകുകയാണ്. ഇങ്ങനെയുള്ള വിഷയങ്ങൾ വലിയ രീതിയിലുള്ള പ്രതിസന്ധികൾ സൃഷ്ടിക്കും. നമ്മുടെ പുഴകളും അന്തരീക്ഷവുമൊക്കെ മലിനമായിക്കൊണ്ടിരിക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. ബ്രഹ്മപുരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയം ഇന്ന് രാവിലെ സബ്മിഷനായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചു. വളരെ ഗുരുതരമായ ആരോഗ്യപ്രശ്നം ആ ഭൂപ്രദേശത്തെ ജനങ്ങൾ ഇന്ന് അനുഭവിക്കുകയാണ്. കഴിഞ്ഞ ദിവസം തിരുവാങ്കുളം, ഇരുമ്പനാടൊക്കെ ചില പ്രദേശങ്ങളിൽ പോയിരുന്നു. അവിടത്തെ സ്ത്രീകളെയും കുട്ടികളെയും നേരിട്ട് സംസാരിച്ചു. അവിടെയുള്ളവർ ബോധംകെട്ടുവീഴുകയാണ്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞത്, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ലെന്നാണ്. അങ്ങനെ ഇല്ലെങ്കിൽ എന്തിനാണ് അങ്ങയുടെ ജില്ലാ കളക്ടർ രണ്ടുമൂന്ന് ദിവസത്തേയ്ക്ക് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കടക്കം അവധി പ്രഖ്യാപിച്ചിരിക്കുന്നത്? വളരെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഇന്ന് അവിടെയുള്ള മനുഷ്യർ അഭിമുഖീകരിക്കുകയാണ്. പ്ലാസ്റ്റിക് മാലിന്യം

കത്തുകയാണ്. അവിടെ തീപ്പിടിച്ചത് ചൂടുകൊണ്ടാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി രാവിലെ പറഞ്ഞത്. അതെങ്ങനെയാണ് സംഭവിക്കുന്നത്? അത് ബോധപൂർവ്വം തീയിട്ടതാണ്. നാലഞ്ച് പ്രദേശത്ത് ഒരുമിച്ച് തീയിട്ട് വലിയൊരു അട്ടിമറിയാണ് അവിടെ നടന്നത്. അതുസംബന്ധിച്ച് അന്വേഷണം നടത്തേണ്ടതുണ്ട്. ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്യുന്ന രീതിയിലാണ് ഈ വിഷയങ്ങൾ വന്നിരിക്കുന്നത്. അതുകൊണ്ട് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും കൃത്യമായ അന്വേഷണം നടത്തി കുറ്റക്കാരായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ലെന്നും ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങുകയാണ്. ഇന്ന് സഭയിൽ പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തരപ്രമേയത്തിലെ അടിയന്തരം എന്തായിരുന്നുവെന്നതിൽ എല്ലാവർക്കും സംശയമാണ്. 14 വയസ്സുകാരിയായ പെൺകുട്ടിക്കെതിരെ വീഡിയോ തയ്യാറാക്കി പ്രചരിപ്പിച്ചതിനെതിരെ നാട്ടുമുഴുവൻ ഒറ്റക്കെട്ടായി

നിൽക്കുകയാണ്. ആ സമയത്താണ്, അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷനേതാവ് ആ വീഡിയോ തയ്യാറാക്കിയ ആളെ സപ്പോർട്ട് ചെയ്ത് സംസാരിച്ചത്. ഇതെന്താണ് വ്യക്തമാക്കുന്നത്? നാട്ടിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകേണ്ടത് ജനപ്രതിനിധികളും ഗവൺമെന്റുമെല്ലാമാണ്. പക്ഷെ അതുപോലും മാനിക്കാത്ത രീതിയിൽ, പെൺകുട്ടികൾക്കുപോലും എതിരായ നടപടിയാണ് ഈ അടിയന്തരപ്രമേയത്തിലൂടെ സഭയിൽ അവതരിപ്പിച്ചത്. ഇത് ജനങ്ങൾ കാണുന്നുണ്ട്. ഏതുകാലത്ത് യു.ഡി.എഫ്. നന്നാകുമെന്നതാണ് എല്ലാവരുടെയും ചോദ്യം. ഇന്ന് ഫാസിസ്റ്റ് തേരോട്ടത്തിന് താളം പിടിച്ച് വലതുപക്ഷ രാഷ്ട്രീയകക്ഷികളും മാധ്യമങ്ങളും പിണറായി സർക്കാരിനെ കഴുത്തുഞെരിച്ച് ശ്വാസം മുട്ടിക്കുമ്പോൾ, തളരില്ല ഞങ്ങളെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണിത്. സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ പരിഹസിച്ചുകൊണ്ട് പ്രതിപക്ഷത്തുള്ളവർ സഭാതലത്തിൽപ്പോലും കഥകൾ മെനഞ്ഞ് മുമ്പോട്ടുപോകുന്ന സ്ഥിതിയാണുള്ളത്. എന്താണ് യാഥാർത്ഥ്യം? രാഷ്ട്രീയ വൈരാഗ്യത്തോടെ സാമ്പത്തിക രംഗത്ത് കേന്ദ്രസർക്കാർ അപ്രഖ്യാപിത പ്രതിരോധങ്ങൾ

ഏർപ്പെടുത്തുമ്പോൾ, അതിനുമുന്നിൽ നിസ്സഹായരായിനിന്ന് ക്ഷേമ നടപടികളിൽനിന്ന് പിന്നോട്ടുപോകുകയെന്നത് ഈ സർക്കാരിന്റെ നയമല്ല. കിഫ്ബിയെ ചൂണ്ടിക്കാണിച്ചുകൊണ്ടായിരുന്നു വികസന പദ്ധതികൾക്ക് കടിഞ്ഞാണിടാൻ കേന്ദ്രസർക്കാർ ശ്രമിച്ചത്. സമസ്ത മേഖലയിലും സാമ്പത്തിക നിയന്ത്രണങ്ങൾകൊണ്ടുവന്ന് സർക്കാരിനെ ഞെരുക്കാനും തങ്ങളുടെ വഴിക്കുകൊണ്ടുവരാനുമാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. കേന്ദ്രസർക്കാർ നൽകുന്ന ധനസഹായംകൊണ്ടാണ് കേരളം പിടിച്ചുനിൽക്കുന്നതെന്നത് മറ്റൊരു കുപ്രചരണമായിരുന്നു. കണക്കുകൾ പരിശോധിച്ചാൽ ഈ കള്ളപ്രചരണങ്ങളുടെ പൊള്ളത്തരം മനസ്സിലാകും. ഇന്ത്യയിലെ ആകെ സംസ്ഥാനങ്ങളുടെ ശരാശരിയെടുത്താൽ റവന്യൂ വരുമാനത്തിന്റെ 45 ശതമാനം കേന്ദ്ര വിഹിതമായി ലഭിക്കുന്നുണ്ട്. എന്നാൽ കേരളത്തിന് റവന്യൂ വരുമാനത്തിന്റെ 36 ശതമാനം മാത്രമാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ചില സ്ഥാപിത താല്പര്യക്കാർ പ്രചരിപ്പിക്കുന്നത് കേരളം കാര്യക്ഷമമായി നികുതി പിരിക്കുന്നില്ലെന്നതാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. അടക്കമുള്ളവർ അതാണ് സംസാരിച്ചത്. മറ്റ് സംസ്ഥാനങ്ങൾക്ക് 45 ശതമാനം കേന്ദ്ര വിഹിതം

ലഭിക്കുമ്പോൾ, ഇവിടെ കേന്ദ്രത്തെക്കുറിച്ച് പറയുന്നതിൽ എന്താണർത്ഥം. 134097 കോടി രൂപയുടെ റവന്യൂ വരുമാനത്തിൽ 85867 കോടി രൂപയും സംസ്ഥാനത്തിന്റെ തനത് വരുമാനമാണ്. ഏകദേശം 64 ശതമാനം നികുതി പിരിവിലൂടെ കേരളം കണ്ടെത്തിയിട്ടുള്ളതാണ്. ദേശീയ ശരാശരി 55 ശതമാനമാണെന്നത് ഓർക്കണം. ജനങ്ങളോട് ഏറെ അടുത്തിടപഴകുന്ന വകുപ്പാണ് റവന്യൂ വകുപ്പ്. 'എല്ലാവർക്കും ഭൂമി, എല്ലാവർക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്നത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 2016 മുതൽ ഇതുവരെ 231546 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് 54535 പട്ടയങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. ഭൂമിയുടെ കൈവശാവകാശം എന്നതുപോലെതന്നെ ഏറെ പ്രാധാന്യമുള്ളതാണ് ഭൂമിയുടെ രേഖകൾ കൃത്യമായി ലഭിക്കുകയെന്നുള്ളത്. 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് റീസർവ്വേ നടപടികൾ നിർത്തിവച്ചിരുന്ന ഒരു സാഹചര്യമാണുണ്ടായിരുന്നത്. 2016-ൽ റീസർവ്വേ നടപടികൾക്ക് തുടക്കംകുറിച്ചെങ്കിലും വേണ്ടത്ര വേഗത കൈവരിക്കാൻ സാധിച്ചിട്ടില്ലായിരുന്നു. ഈ സാഹചര്യത്തിലാണ് ഡിജിറ്റൽ

റീസർവ്വേ പദ്ധതിയുമായി മുന്നോട്ടുപോകാൻ ഈ സർക്കാർ തയ്യാറായിട്ടുള്ളത്. 'എന്റെ ഭൂമി' എന്ന ഡിജിറ്റൽ സർവ്വേ പദ്ധതിക്ക് തുടക്കമിട്ടത് കേരളപ്പിറവി ദിനത്തിലാണ്. 858 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി 438 കോടി രൂപയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽനിന്നും അനുവദിച്ചിട്ടുള്ളത്. ഇതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിൽ കൂട്ടായ ചർച്ച നടത്തുന്നതിനായി വില്ലേജ് ജനകീയ സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസർ അദ്ധ്യക്ഷനായുള്ള സമിതിയിൽ ഡെപ്യൂട്ടി തഹസീൽദാർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷന്മാർ എന്നിവർ അംഗങ്ങളാണ്. അതോടൊപ്പം നിയമസഭയിൽ അംഗത്വമുള്ള രാഷ്ട്രീയ പാർട്ടികളുടെ ജനപ്രതിനിധികളുമുണ്ട്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ജനപ്രതിനിധികളും ഇതിൽ അംഗങ്ങളാണ്. അങ്ങനെ എല്ലാവിഭാഗം ജനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് തീർത്തും ജനകീയ പങ്കാളിത്തത്തോടെ ഭരണ നിർവ്വഹണം സാധ്യമാകുന്നതരത്തിലാണ്

വില്ലേജുതല ജനകീയസമിതികളെ പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ഭൂമിയുടെ കൈവശാവകാശം, കൃത്രിമം, ഇരട്ടിപ്പ് തുടങ്ങിയതൊന്നുമുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താൻവേണ്ടിയാണ് 'യുണിക് തണ്ടപ്പേർ' സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. റവന്യൂ വകുപ്പിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം സോഫ്‍വെയറിൽ യുണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളിലും ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കാനുള്ള ഉപകരണങ്ങൾ ലഭ്യമാക്കാൻ വേണ്ടനടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സംവിധാനം നടപ്പിലാക്കുന്നതിലൂടെ നിരവധി നേട്ടങ്ങളാണുണ്ടാകുന്നത്. സംസ്ഥാനത്തെ ഏത് വില്ലേജിൽനിന്നും ഒരാൾക്ക് തന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, ബന്ധപ്പെട്ട സേവനങ്ങളുടെ വിവരങ്ങളും ഒറ്റ തണ്ടപ്പേർ നമ്പറിൽ ലഭ്യമാകും. ഭൂരേഖകൾ കൃത്യമായും സുരക്ഷിതമായുമാണെന്ന് ഉറപ്പുവരുത്തുവാനും സഹായിക്കും. കേരളത്തിലെ വില്ലേജ് ഓഫീസുകളും സ്മാർട്ടാകുകയാണ്. ആകെയുള്ള 1542 വില്ലേജുകളിൽ 622 എണ്ണം സ്മാർട്ട് വില്ലേജ് ഓഫീസുകളായി. ഈ വർഷം 200 എണ്ണംകൂടി സ്മാർട്ടാകുകയാണ്. ക്ഷേത്രങ്ങളെ ആരാധനാലയങ്ങളായി മാത്രമല്ല,

സാസ്കാരിക കൈമാറ്റത്തിനുള്ള ഇടങ്ങളായി കൂടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാണുന്നത്. ക്ഷേത്രങ്ങൾ നിരവധി ആളുകളുടെ ഉപജീവന മാർഗ്ഗംകൂടിയാണ്. അതുകൊണ്ട് അവിടത്തെ ജീവനക്കാരെ സംരക്ഷിക്കുന്ന നയങ്ങൾ നടപ്പിലാക്കിയാണ് ഈ സർക്കാർ മുമ്പോട്ട് പോകുന്നത്. ഇപ്പോൾ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങൾ എല്ലാ മേഖലകളും ചേർത്തുപിടിക്കുന്നതാണ്. പ്രകൃതിദുരന്തങ്ങളും കോവിഡ് മഹാമാരിയും കാരണം ദേവസ്വം ബോർഡുകൾക്ക് വരുമാനം കുറഞ്ഞപ്പോൾ അവർക്ക് താങ്ങായി 273 കോടി രൂപയാണ് സർക്കാർ നൽകിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 100720 കോടി രൂപയാണ് ക്ഷേത്രങ്ങളുടെ അടിസ്ഥാനസൗകര്യത്തിനും വികസനത്തിനും മറ്റുമായി സംസ്ഥാന ഖജനാവിൽനിന്നും ചെലവ് ചെയ്തിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ദേവസ്വം ബോർഡുകളോടുള്ള കരുതലാണ് ഇത് കാണിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം 21 കോടി രൂപയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിരിക്കുന്നത്. മലബാർ ദേവസ്വം ബോർഡിന് 32 കോടി രൂപയും കേരള ദേവസ്വം റിക്രൂട്ട്മെന്റ്

ബോർഡിന് 2.37 കോടി രൂപയും നൽകുകയുണ്ടായി. ഇതിൽനിന്നുതന്നെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ നൽകുന്ന സഹായം വ്യക്തമാണ്. ഇതുകൂടാതെയാണ് ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സർക്കാർ ഒരുങ്ങുന്നത്. 2050 വരെയുള്ള വികസന പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഇത് പ്രാവർത്തികമാക്കുന്നത്. ഇതുപോലെ വളരെ വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുമ്പോഴും കേരളത്തിലെ ഈ വികസനപ്രവർത്തനങ്ങളൊന്നും കണ്ടില്ലെന്ന് നടിച്ച് ഒരു പ്രത്യേക രീതിയിൽ ഇവിടെയുള്ള യു.ഡി.എഫ്. മുമ്പോട്ട് പോകുകയാണ്. ഗ്യാസിന്റെ വില വർദ്ധനവിനെതിരെ ഇന്നലെയും മിനിഞ്ഞാന്നും സമരം നടന്നു. എന്നാൽ സംഘടനകളുടെ സമരത്തിൽ യു.ഡി.എഫ്.-ന്റെ കൊടി പിടിച്ചുകൊണ്ടുള്ള സമരം എവിടെയും കാണാൻ കഴിഞ്ഞില്ല. കേരളത്തിൽ സി.പി.ഐ.(എം) നടത്തുന്ന ജാഥയുടെ കാര്യം നേരത്തെ ഇവിടെ പറയുകയുണ്ടായി. സി.പി.ഐ.(എം) നടത്തുന്ന ജാഥയിൽ ജനങ്ങൾ ഒഴുകി വരികയാണ്. ആ ജാഥയിൽ അപ്പത്തിന്റെ കഥ പറഞ്ഞുവെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. ഇവിടെ പറഞ്ഞു. അവിടെ അപ്പത്തിന്റെ കഥയല്ല ഭക്ഷണത്തിന്റെ കാര്യമാണ് പറഞ്ഞിട്ടുള്ളത്. ഭക്ഷണമെന്നത്

പ്രാധാന്യമുള്ളതാണ്. അതിലൂടെ ഉപജീവനം നടത്തുന്ന ആയിരക്കണക്കിന് ആളുകൾ നമ്മുടെ നാട്ടിലുണ്ട്. ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രമല്ല, വ്യവസായ മേഖലയുടെ വളർച്ചയിലാണെങ്കിലും കെ-റെയിൽ പോലെയുള്ള അതിവേഗ ഗതാഗത സംവിധാനങ്ങൾ വരുമ്പോൾ നമുക്കുണ്ടാകുന്ന ഏറ്റവും സുഖകരമായ കാര്യങ്ങൾ മറന്നുകൊണ്ടാണ് ഇവർ സംസാരിക്കുന്നത്. ഇന്നലെ ഞങ്ങൾ യാത്രചെയ്തപ്പോൾ നേരിട്ട പ്രയാസങ്ങൾ, നാളെ നടക്കുന്ന ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ട്രെയിനിൽ കാലെടുത്ത് വയ്ക്കാൻ സാധിക്കാത്തത്ര തിരക്കായിരുന്നു. ആറ്റുകാൽ പൊങ്കാലയെ വലിയ രീതിയിൽ ഗവൺമെന്റും അനുകൂലിക്കുന്നതാണ്. കെ-റെയിൽ പദ്ധതി കൊണ്ടുവന്നാലുണ്ടാകുന്ന നേട്ടം ചെറുതൊന്നുമല്ല. എന്നാൽ ഇവിടെ അപ്പത്തിന്റെ കാര്യം മാത്രം പറഞ്ഞ് അതിനെ കളിയാക്കുന്ന രീതിയാണുണ്ടായിട്ടുള്ളത്. ഇടതുപക്ഷത്തിന്റെ ജാഥയിൽ കേരളത്തിന്റെ ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കുകയാണ്. ഇടതുപക്ഷത്തിന്റെ ആളുകൾ മാത്രമല്ല, എല്ലാ വിഭാഗം ജനങ്ങളും ആ ജാഥയിൽ എത്തുന്നുവെന്നതാണ്. ഞങ്ങളുടെ ലീഡർ നയിക്കുന്ന ജാഥ ഏതുപ്രദേശത്താണോ വരുന്നത് അവിടെയെല്ലാം ജനങ്ങൾ ജാഥയെ വരവേൽക്കാൻവേണ്ടി കൂടുകയാണ്.

അത് കാണാത്ത രീതിയിലുള്ള കളിയാക്കലാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ജോഡോ യാത്ര നടത്തിയപ്പോൾ ഞങ്ങളാരും അതിനെ കളിയാക്കിയിട്ടില്ല. പക്ഷെ അത് പോയിട്ടുള്ള ഏതെങ്കിലും ഒരു ഭാഗത്ത് ഇതുപോലെ ജനങ്ങൾ കൂടിയിട്ടുണ്ടോ; അതിലുള്ള നിരാശയാണ് ഇവർ കാണിക്കുന്നത്. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന തീയതിയും സമയവും മുൻകൂർ നിശ്ചയിച്ചുകൊണ്ട് ഓൺലൈൻ ടോക്കൺ എടുക്കുന്ന സംവിധാനം സർക്കാർ നടപ്പിലാക്കി. ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തി.

മി. ചെയർമാൻ: പ്ലീസ്, കൺക്ലൂഡ് .......രണ്ട് മിനിട്ട് കഴിഞ്ഞു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഒരു മിനിട്ടുകൊണ്ട് നിർത്താം. വില്ലേജ് ഓഫീസുകൾ ഉപയോഗിക്കുന്ന പുതിയ സംവിധാനങ്ങൾ ഏറ്റവും ആശ്വാസകരമായാണ് ജനങ്ങൾ കാണുന്നത്. ഇതിനെയെല്ലാം തള്ളിപ്പറയുന്ന പ്രതിപക്ഷം ഒരിക്കലും നന്നാകില്ലായെന്ന രീതിയിലാണ് ജനങ്ങളും കാണുന്നത്. ഇവരുടെ മനഃസ്ഥിതി മാറ്റാനുള്ള സമയമായെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്തിന്റെ വികസനത്തെയും സമഗ്ര വളർച്ചയെയും മുന്നോട്ടുനയിക്കുന്നതും പുരോഗമനപരവും എല്ലാവിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്നതുമാണ് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ. അടിസ്ഥാന സൗകര്യവികസനം, ഉന്നതവിദ്യാഭ്യാസം, ഗവേഷണം, സാമൂഹികക്ഷേമം തുടങ്ങിയ മേഖലകളിൽ അനവധി പദ്ധതികൾ പ്രഖ്യാപിക്കുന്നതാണ് ഈ ബഡ്ജറ്റ്. നവകേരള നിർമ്മിതിയെ ത്വരിതപ്പെടുത്തുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയങ്ങളാണ് ബഡ്ജറ്റിൽ പ്രകടമാകുന്നത്. കേരളം കടക്കെണിയിലല്ലെന്നും കൂടുതൽ വായ്പയെടുക്കാൻ എല്ലാവിധ സാഹചര്യവുമുണ്ടെന്നും വ്യക്തമാക്കിയാണ് സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധി മറികടക്കാനും ആഭ്യന്തര, വ്യാവസായിക, കാർഷിക മേഖലകൾ മെച്ചപ്പെടുത്താനുമുള്ള നടപടികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പല പദ്ധതികളും സംസ്ഥാനത്തിന്റെ ആവശ്യത്തെയും ശേഷിയെയും ഭാവിതലമുറയെയും പരിഗണിച്ചുകൊണ്ട് വിഭാവന ചെയ്യപ്പെട്ടവയാണ്.

വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലൂന്നിയ ഒരു വികസന മോഡൽ ഈ ബഡ്ജറ്റിലൂടെ കേരളത്തിൽ അവതരിപ്പിക്കപ്പെടുകയാണ്. വലിയ വികസന മാറ്റം ഈ ബഡ്ജറ്റിലൂടെ കേരളം ലക്ഷ്യമിടുകയാണ്. രാജ്യത്തെ വിവിധ സംസ്ഥാന സർക്കാരുകൾ ഇക്കാലയളവിൽ അവതരിപ്പിച്ച ബഡ്ജറ്റുകളുമായി തട്ടിച്ചുനോക്കുമ്പോൾ രാജ്യത്തെ സംസ്ഥാന സർക്കാരുകൾ അവതരിപ്പിച്ചതിൽ ഏറ്റവും മികച്ച ബഡ്ജറ്റാണ് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചതെന്നുള്ളത് വളരെയേറെ സന്തോഷത്തോടെ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ബഡ്ജറ്റ് അവതരണം നടക്കുന്ന ഘട്ടത്തിൽ, ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് തൊട്ടുമുമ്പ് കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ നിരവധി പ്രചാരണങ്ങളാണ് നടത്താൻ തയ്യാറായത്. കടമെടുപ്പിനും നികുതി പിരിവിനും മാത്രമായുള്ള ബഡ്ജറ്റ് പ്രഖ്യാപിക്കപ്പെടാൻപോകുന്നുവെന്നാണ് അവർ അച്ചുനിരത്തിയത്. വാസ്തവം മറച്ചുവച്ച് അവാസ്തവം പ്രചരിപ്പിക്കുന്ന രീതിയാണ് ബഡ്ജറ്റുമായി ബന്ധപ്പെട്ട് കേരളത്തിലെ മാധ്യമങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാന കുടിശ്ശികയിൽ 15220 കോടി രൂപ

പിരിച്ചെടുക്കാനുണ്ട്. വിൽപ്പന നികുതി കുടിശ്ശികയിൽ 6879 കോടി രൂപയുടെ റവന്യൂ റിക്കവറി നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽതന്നെ 5577 കോടി രൂപയുടെ റവന്യൂ റിക്കവറി നടപടികളിന്മേൽ കോടതികളിൽ കേസ് നിലനിൽക്കുകയും അതെല്ലാം കോടതികൾതന്നെ സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യവുമാണ് നിലനിൽക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുമേഖലയിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ സർക്കാർ ധനസഹായത്തിൽ മാത്രമാണ് പിടിച്ചുനിൽക്കുന്നത്. പൊതുമേഖലാ സ്ഥാപനമെടുക്കുന്ന കടം സർക്കാരിന്റെ കടമായി കണക്കാക്കുമെന്ന തീരുമാനം രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിച്ചിരിക്കുകയാണ്. മാധ്യമങ്ങൾ നിരന്തരം പ്രചരിപ്പിക്കുന്ന നികുതി കുടിശ്ശികയുടെ പൊള്ളത്തരം, സി.&എ.ജി.-യുടെ റിപ്പോർട്ട് പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. 2022 മാർച്ച് 31-ൽ ആകെ റവന്യൂ കുടിശ്ശിക 19921 കോടി രൂപയാകുമെന്ന് ബഡ്ജറ്റ് രേഖകൾ പറയുമ്പോൾ, ബഡ്ജറ്റിന്റെ റവന്യൂ കുടിശ്ശിക 35000 കോടി രൂപയാകുമെന്ന് ഒരു മാധ്യമവും 40000 കോടി രൂപയാകുമെന്ന് മറ്റൊരു മാധ്യമവും പറയുന്നു. എന്നാൽ 19921 കോടി രൂപയെന്നതാണ് യാഥാർത്ഥ വസ്തുത.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഉറപ്പാക്കുന്നതിൽ ഗണ്യമായ പുരോഗതിയുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. നികുതി കുടിശ്ശികയുടെ മുഖ്യഭാഗവും സമാഹരിക്കുന്നതിൽ ശക്തമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് ഇതിനകംതന്നെ സാധിച്ചിട്ടുണ്ട്. കിട്ടാനികുതികൾ കണക്കാക്കുന്നതിലും അത് പിരിച്ചെടുക്കുന്നതിലും ശക്തമായ നടപടികൾ ധനകാര്യ വകുപ്പ് ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഈ വിവരങ്ങളെല്ലാം സി.&എ.ജി.-യുടെ റിപ്പോർട്ടിൽ സൂചിപ്പിക്കപ്പെടുന്നുണ്ട്. പിരിഞ്ഞു കിട്ടാനുള്ള 7100 കോടി രൂപ അഞ്ചുവർഷത്തിലേറെ കുടിശ്ശികയായ നികുതിപ്പണമാണ്. ഇത് പിരിച്ചെടുക്കുന്നതിനുവേണ്ടി ശക്തമായ നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കി ശ്വാസം മുട്ടിക്കുന്ന നിലപാടാണ് കേന്ദ്രം എല്ലാക്കാലത്തും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയമായി വഴങ്ങാത്ത കേരളത്തെ സാമ്പത്തികമായി നേരിടുകയെന്ന തന്ത്രമാണ് രാജ്യം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ കേരളത്തിനുനേരെ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ നടപടിയെ തുറന്ന് എതിർക്കുന്നതിൽ കേരളത്തിലെ മുഖ്യ പ്രതിപക്ഷവും കേരളത്തിൽനിന്ന് പാർലമെന്റിലേയ്ക്ക്

പോയിട്ടുള്ള എം.പി.-മാരും ശക്തമായി രംഗത്ത് വരുന്നില്ലായെന്നത് ഖേദകരമായ കാര്യമാണ്. സാമൂഹ്യക്ഷേമ പെൻഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപോലെ സമൂഹത്തിൽ നേരിട്ടുനടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെയും കടയ്ക്കൽ കത്തിവയ്ക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന് യാഥേഷ്ടം കടമെടുക്കാം. എന്നാൽ സംസ്ഥാനത്തിന് അത് പാടില്ലെന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കിഫ്ബിയിലൂടെ എടുക്കുന്ന പണം അത് കടമെടുപ്പിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കുമെന്ന് പറയുന്നത് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നതിന് കേന്ദ്രസർക്കാർ രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി ബോധപൂർവ്വമായെടുക്കുന്ന നിലപാടുകളുടെ ഭാഗമാണെന്ന് കാണേണ്ടതുണ്ട്. ഇതെല്ലാം കണ്ട് ഗ്യാലറിയിലിരുന്ന് കയ്യടിക്കുന്ന സമീപനമാണ് സംസ്ഥാനത്തെ മുഖ്യപ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കോൺഗ്രസും ബി.ജെ.പി.-യും ഒരേ സാമ്പത്തിക നയം നടപ്പിലാക്കാനാണ് ആഗ്രഹിച്ചുകൊണ്ടിരിക്കുന്നത്. കോൺഗ്രസിന്റെ അഗോളവൽക്കരണ നയം തന്നെയാണ് ബി.ജെ.പി.-യും പിന്തുടരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ

വിൽക്കാൻ കോൺഗ്രസ് തീരുമാനിച്ചു. ബി.ജെ.പി. ആ തീരുമാനം രാജ്യത്ത് ഭംഗിയായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനം കടക്കെണിയിലാണെന്ന വ്യാജപ്രചരണമാണ് മറ്റൊരുരംഗത്ത് പ്രകടമായും മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ എല്ലാക്കാലത്തും കടത്തിന്റെ വളർച്ച ഏതാണ്ട് തുല്യനിരക്കിലായിരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2006-ലും 2016-ലും യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുന്ന സമയത്ത് ആ സർക്കാരിന്റെ ആരംഭത്തിലുള്ളതിനേക്കാൾ ഇരട്ടിയിലേറെ കടബാധ്യതയിലാണ് അവർ ഭരണകാലാവധി അവസാനിപ്പിച്ചത്. കടം വാങ്ങി ചെലവഴിക്കൽ കേരളത്തിലെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതാണെന്ന വസ്തുത മറച്ചുവച്ചുകൊണ്ടാണ് പത്രമാധ്യമങ്ങളുടെ സഹായത്തോടെ ഈ സംഘടനകൾ വ്യാജപ്രചരണങ്ങൾ നടത്തുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഷയിൽപ്പറഞ്ഞാൽ, കേരളം കട്ടപ്പുറത്താകുമെന്നാഗ്രഹിക്കുന്ന ചിലരുടെ നടക്കാത്ത സ്വപ്നങ്ങളാണ് വരുംവർഷങ്ങളിൽ കട്ടപ്പുറത്താകാൻ പോകുന്നതെന്ന് നമുക്ക് വിലയിരുത്തേണ്ടിവരും. കടമെടുപ്പ് പരിധി 2017-നുമുമ്പുള്ള സ്ഥിതിയിലേയ്ക്ക് പുനഃസ്ഥാപിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഭരണഘടനാപരമായോ

സാമ്പത്തിക നിയമങ്ങളുടെയോ പിൻബലമില്ലാതെയാണ് കേന്ദ്രസർക്കാർ കടമെടുപ്പ് പരിധി നിശ്ചയിച്ചിരിക്കുന്നത്. ഇത് സംസ്ഥാനങ്ങളെ ബുദ്ധിമുട്ടിക്കാനുള്ള നടപടിയാണെന്നുള്ളത് വ്യക്തമാണ്. കോവിഡാനന്തരം കേരളത്തിന്റെ സമ്പദ്ഘടന, വളർച്ചാ മുരടിപ്പും തകർച്ചയും മറികടക്കുന്നതായുള്ള കേന്ദ്ര സാമ്പത്തികാസൂത്രണ വിഭാഗത്തിന്റെ വിലയിരുത്തൽ പുറത്തുവന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേരളത്തിലെ പട്ടയവിതരണം ഊർജ്ജിതപ്പെടുത്തുന്നതിന് വിവിധ പദ്ധതികളാണ് റവന്യൂ വകുപ്പും സർക്കാരും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും ഡിജിറ്റൽ' എന്നത് സാക്ഷാത്കരിക്കപ്പെടുന്ന സംസ്ഥാനമായി ഇന്ത്യയിൽ കേരളം മാറുകയാണ്. ഭൂപ്രശ്നങ്ങളിൽ ശരിയായ ഇടപെടൽ നടത്തി അർഹരായവരെ ഭൂമിയുടെ അവകാശികളാക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള നടപടികൾ, സ്വന്തമായി ഭൂമിയും തലചായ്ക്കാൻ ഒരിടവുമില്ലാത്ത ഏതൊരു വ്യക്തിയുടെയും ജീവിത സ്വപ്നങ്ങളെ സഫലീകരിക്കും. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര മണ്ഡലത്തിലെ ചെറ്റച്ചലിൽ കഴിഞ്ഞ 20 വർഷമായി ഒരുതുണ്ട് ഭൂമിക്കുവേണ്ടി സമരം

നടത്തിക്കൊണ്ടിരുന്ന ആദിവാസി ജനവിഭാഗങ്ങളിലെ 34 കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയും രേഖയും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവെന്നുള്ളത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. അതുപോലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ 95 ആദിവാസികൾക്കാണ് കൈവശാവകാശരേഖ നൽകുന്നതിന് ഈ സർക്കാർ തീരുമാനമെടുത്തത്. സ്വാതന്ത്ര്യാനന്തരം നീണ്ടഇടവേളയ്ക്കുശേഷം ഭൂമിക്കുവേണ്ടി കാത്തിരുന്ന മുണ്ടേല കോട്ടവിളയിലെ 39 പേർക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം നൽകുന്നതിനുള്ള തീരുമാനമെടുത്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ 54535 പട്ടയങ്ങളാണ് വിതരണം ചെയ്തത്. 40000 പേർക്കുകൂടി പട്ടയം കൊടുക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കി ആവശ്യമായ ആളുകൾക്കെല്ലാം സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരികയാണ്. 'യുണിക് തണ്ടപ്പേർ' എന്ന സംവിധാനം നടപ്പിലാക്കിയതിലൂടെ പരിധിക്കപ്പുറം ഭൂമി കൈവശംവയ്ക്കുന്ന

ആളുകളിൽനിന്നും ഭൂമി ഏറ്റെടുത്ത് യഥാർത്ഥ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി തന്റെ പ്രസംഗത്തിൽ നിരന്തരം സൂചിപ്പിക്കുന്ന 'ഒരു ഡിജിറ്റൽ വേലി' സൃഷ്ടിക്കപ്പെടുന്നതോടെ ഭൂമിയും രേഖയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമുണ്ടാകാൻ പോകുകയാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടാകണമെന്ന അഭിപ്രായം കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കുകയാണ്. വില്ലേജ് ഓഫീസുകളിലാണ് സാധാരണക്കാരായ ജനങ്ങൾ ഏറ്റവും കൂടുതൽ പോകുന്നത്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി, സാധാരണക്കാരായ ജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനുവേണ്ടി സർക്കാരിന്റെ ആഹ്വാനപ്രകാരം അരുവിക്കര മണ്ഡലത്തിലെ 9 വില്ലേജുകളിൽ 10,74,000/- രൂപയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും സ്കാനറുമടക്കമുള്ള ഉപകരണങ്ങൾ വാങ്ങിക്കൊടുക്കാൻ കഴിഞ്ഞു. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരംമാറ്റലിനുള്ള രണ്ടരലക്ഷം അപേക്ഷകൾക്കാണ് ഇതിനകം തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞത്. ഈ നിലയിൽ എല്ലാരംഗത്തും അതിശക്തമായ

നിലപാടുകളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ബഡ്ജറ്റിന്റെ ഭാഗമായിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു പട്ടണത്തിന്റെ ഊടും പാവും നിർണ്ണയിക്കുന്നതും പട്ടണമാക്കുന്നതും അവിടെ തിങ്ങിനിൽക്കുന്ന കെട്ടിടങ്ങളാണ്. കെട്ടിടങ്ങളില്ലെങ്കിൽ പട്ടണങ്ങളില്ല. എല്ലാ കെട്ടിട ഉടമകളും വലിയ കോംപ്ലക്സുകളുള്ളവരല്ല. ബഹുഭൂരിഭാഗം ആളുകളും മറ്റ് തൊഴിലില്ലാതെ വരുമ്പോൾ, ജീവിക്കാനായി ബാങ്ക് ലോണെടുത്തും വീട്ടിലെ ആഭരണങ്ങൾ വിറ്റും പണയം വച്ചും സിമന്റ്, കമ്പി, മണൽ എന്നിവയുടെ കുതിച്ചുകയറുന്ന വിലയും കൂലിച്ചെലവും മറികടന്ന് വളരെയധികം ബുദ്ധിമുട്ടിയാണ് കെട്ടിടങ്ങളുണ്ടാക്കുന്നത്. ഇത്രയധികം നികുതി കൊടുക്കുന്ന മറ്റൊരു വിഭാഗം കേരളത്തിലില്ല. പ്രോപ്പർട്ടി ടാക്സ്, ബിൽഡിംഗ് ടാക്സ്, ലേബർ സെസ്, വൺ ടൈം ടാക്സ്, ലക്ഷ്വറി ടാക്സ്, കൊമേഴ്സ്യൽ ടാക്സ്, ഇൻകം ടാക്സ്, സർവ്വീസ് ടാക്സ് എന്നിവയ്ക്കുപുറമെ ക്രമീകരണ ഫീസ്, ലൈബ്രറി സെസ്, ഫൈൻ, വിനോദ നികുതി, ഏകീകരണ ഫീസ്, അപേക്ഷാ ഫീസ്, എന്നിവ

വേറെയും. ഇനിയും നികുതി വർദ്ധിപ്പിക്കുന്നത് ന്യായീകരിക്കാൻ സാധിക്കില്ല, പ്രത്യേകിച്ച് പ്രളയവും കോവിഡും അവരെ വരിഞ്ഞുമുറുക്കിയപ്പോൾ കേരളത്തിലെ ലക്ഷക്കണക്കിന് മുറികളാണ് ഒഴിഞ്ഞുകിടക്കുന്നത്. ഒരിക്കൽ മുറി വാടകയ്ക്ക് കൊടുത്താൽ പിന്നീട് ഉടമയുടെ സമ്മതം കൂടാതെതന്നെ ആർക്കുവേണമെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിനൽകുന്നു. അതുകൊണ്ട് കെട്ടിട നികുതിയിൽ ഇളവ് വരുത്തി പരിഷ്കരിച്ച മാതൃകാ വാടക പരിഷ്കരണ നിയമം നടപ്പാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഭൂമിയുടെ ഫെയർ വാല്യു വർദ്ധിപ്പിക്കുന്നതാണ് മറ്റൊരു വരുമാനമാർഗ്ഗം. ശാസ്ത്രീയമായ പരിഷ്കരണത്തിലൂടെയല്ല 2010-ൽ ന്യായവില നിലവിൽവന്നത്. അതിനുശേഷം ആറാമത്തെ തവണയാണ് നികുതി വർദ്ധിപ്പിക്കുന്നത്. 2014-ൽ 50 ശതമാനം, പിന്നീട് 10 ശതമാനം വീതം അടിക്കടി വർദ്ധിപ്പിച്ചു. 2010-ലെ വിലയുടെ 220 ശതമാനമാണ് ഇപ്പോഴത്തെ വില. അതിന്മേലാണ് ഇപ്പോൾ 20 ശതമാനം വർദ്ധിപ്പിച്ചിരിക്കുന്നത്. ഇതോടൊപ്പം സ്റ്റാമ്പ് ഡ്യൂട്ടിയും വർദ്ധിക്കുന്നു. അതുകൊണ്ട് ഇത് ശാസ്ത്രീയമായി പരിഷ്കരിച്ച് അപാകതകൾ

പരിഹരിക്കണം. ഇവിടെ പ്രവർത്തിക്കുന്ന റിയൽ എസ്റ്റേറ്റ് പ്രവർത്തകരുടെ ന്യായമായ ആവശ്യങ്ങൾ അനുവദിക്കണം. നികുതിയിനത്തിലും മറ്റും 21797.86 കോടി രൂപയാണ് പിരിച്ചെടുക്കാനുള്ളതെന്നാണ് കഴിഞ്ഞ ദിവസം നിയമസഭയുടെ മേശപ്പുറത്തുവച്ച 2020-21-ലെ സി.ആൻഡ് എ.ജി. റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ഇന്ധനത്തിന് രണ്ടുരൂപ സെസ് ചുമത്തിയതുകൊണ്ട് 750 കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. മേൽപ്പറഞ്ഞ സംഖ്യ പിരിച്ചെടുത്തിരുന്നെങ്കിൽ ഇന്ധന സെസ്, വാട്ടർ ചാർജ്ജ്, കറണ്ട് ചാർജ്ജ്, ഭൂനികുതി, കെട്ടിട നികുതി തുടങ്ങിയ നികുതികൾ ജനങ്ങളുടെ പേരിൽ അടിച്ചേല്പിക്കേണ്ടിവരില്ലായിരുന്നു. നികുതി പിരിക്കുന്നതിൽ ഗവൺമെന്റിനുണ്ടായ അനാസ്ഥ കാരണം റവന്യൂ കമ്മി നികത്താൻ സാധാരണക്കാരുടെ ചുമലിൽ നികുതി അടിച്ചേൽപ്പിക്കുന്നത് ഇടതുപക്ഷ സ്വഭാവമല്ല. 'കുനിന്മേൽ കുരു' എന്നതുപോലെ കേന്ദ്രവും നികുതിയും ഗ്യാസിന്റെ സെസ്സും വർദ്ധിപ്പിക്കുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ജനങ്ങളെ ദ്രോഹിക്കുന്നതിൽ മത്സരിക്കുകയാണ്. നികുതി വർദ്ധനവിനെതിരെ യൂത്ത് ലീഗിന്റെ പ്രവർത്തകർ സെക്രട്ടേറിയറ്റിനുമുമ്പിൽ നടത്തിയ സമരം പിരിച്ചുവിടാൻ പോലീസ് ലാത്തിച്ചാർജ്ജ് നടത്തി.

സംസ്ഥാന പ്രസിഡന്റ് ശ്രീ. പി. കെ. ഫിറോസിനെയടക്കം ധാരാളം പ്രവർത്തകരെ ജയിലിലടച്ചു. അതിൽ പ്രതിഷേധിക്കാൻവേണ്ടി മലപ്പുറം ജില്ലയിലെ ധാരാളം സ്ഥലങ്ങളിൽ യൂത്ത് ലീഗിന്റെ പ്രവർത്തകർ പ്രതിഷേധ ജാഥകൾ സംഘടിപ്പിച്ചു. ആ ജാഥകളിൽ പങ്കെടുത്ത ഓരോരുത്തരുടെയും പേരിൽ പോലീസ് കേസ്സെടുത്തു. എം.എൽ.എ. എന്നനിലയിൽ ഞാൻ പോലീസ് ഉദ്യോഗസ്ഥരുമായും എസ്.പി.-യുമായും ബന്ധപ്പെട്ടപ്പോൾ മുകളിൽനിന്നുള്ള നിർദ്ദേശമനുസരിച്ചാണെന്നാണ് അവർ പറഞ്ഞത്. മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി കാണിച്ചാൽ അറസ്റ്റും പ്രിവന്റീവ് അറസ്റ്റും. മുൻമന്ത്രിയായിരുന്ന എം. വി. രാഘവന്റെ കാറിനുമുമ്പിൽ കരിങ്കൊടി കാണിച്ച് എടുത്തുചാടി മുമ്പിൽ കിടന്നത് സി.പി.ഐ.(എം) ആളുകൾ മറന്നുപോയോ? ചുരുക്കത്തിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും വിമർശനങ്ങളെ അടിച്ചമർത്തുന്നതിൽ വളരെ യോജിപ്പിലാണെന്ന് ഞങ്ങൾ ആരോപിക്കുകയാണ്. ഇന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയത്തിൽ ഏഷ്യാനെറ്റുമായി ബന്ധപ്പെട്ട വിഷയം അവതരിപ്പിച്ചപ്പോൾ, ഭരണപക്ഷത്തെ പിൻഭാഗത്തുള്ള എം.എൽ.എ.-മാർ ബഹളം വയ്ക്കുന്നത് സാധാരണയാണ്,

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും നിരവധിതവണ എഴുന്നേറ്റുനിന്ന് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിച്ചത് ഞങ്ങൾ വളരെ വിഷമത്തോടെ ഓർക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുപോലും പണം തട്ടുന്നത് സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ദിവസേന പുറത്തുവരുന്ന വിവരങ്ങൾ അമ്പരപ്പിക്കുന്നതാണ്. ഇന്ന് കേരളത്തിലെ പൗരന്മാർക്ക് ചാരിറ്റിയിലേയ്ക്ക് സംഭാവന നൽകാൻപോലും ഭയമാണ്.

എന്റെ നിയോജകമണ്ഡലത്തിലെ രണ്ടുമൂന്ന് കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ജില്ലാശുപത്രിയുടെയും വികസനത്തിനായി സർവ്വകക്ഷി സമിതി കണ്ടെത്തിയ 50 ഏക്കർ സ്ഥലം ഏറ്റെടുത്ത് മലപ്പുറം ജില്ലയെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിൽ 25 ഏക്കർ സ്ഥലം സൗജന്യമായി നൽകിക്കൊണ്ട് സ്ഥലമുടമകൾ കളക്ടർക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എഴുതി സമർപ്പിച്ചിട്ടുണ്ട്. അതുപോലെ എല്ലാ നടപടികളും പൂർത്തിയാക്കിയ മഞ്ചേരി പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളാക്കി

ഉയർത്തണം. ഡി.ഡി.ഇ.-യും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അതിന്റെ ഫീസിബിലിറ്റി പരിശോധിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിപോലും അംഗീകാരം നൽകി ഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മന്ത്രിസഭ അത് പാസ്സാക്കിയിരുന്നു. ആയതിനാൽ പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താൻ വളരെ വിനയത്തോടെ ആവശ്യപ്പെടുകയാണ്. അതുപോലെ എലമ്പ്രയിൽ ഒരു എൽ.പി. സ്കൂൾ നിർമ്മിക്കുന്നതിനായി സൗജന്യമായി സ്ഥലം ലഭ്യമായിട്ടുണ്ട്. അത് ഉടൻ നൽകണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിനെതിരായി ഈ ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. ഒരു എൽ.പി. സ്കൂൾപോലും അനുവദിക്കാൻ സർക്കാർ തയ്യാറാകാത്തതിൽ വിഷമമുണ്ട്. അത് രേഖപ്പെടുത്തിക്കൊണ്ട് അടുത്ത വർഷമെങ്കിലും എലമ്പ്രയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മഞ്ചേരി മുനിസിപ്പൽ ഐ.ജി.ബി.ടി. ബസ് സ്റ്റാൻഡിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫയർഫോഴ്സിന്റെ ആഫീസ് കെട്ടിടം രണ്ട് മുറികളിൽ മാത്രമായി പ്രവർത്തിക്കുന്നതിന് വലിയ ബുദ്ധിമുട്ടുള്ളതിനാൽ അതിന്റെ

കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണം. അതുപോലെ മഞ്ചേരി മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ പ്രവർത്തിച്ചിരുന്ന സ്റ്റേഷൻമാസ്റ്ററുടെ ഓഫീസ് കോവിഡ് കാലത്ത് നിർത്തലാക്കിയിരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് യാതൊരു ബാധ്യതയുമില്ലാത്ത, നഗരസഭ സൗജന്യമായി നൽകിയ സ്ഥലത്ത് സ്റ്റേഷൻമാസ്റ്ററുടെ ഓഫീസ് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പം ആക്കപ്പറമ്പ്-പട്ടിക്കാട് റോഡ്, മുള്ളമ്പാറ-ഗ്യാസ് ടൗൺ-കോണിക്കല്ല് റോഡ്, പാണ്ടിക്കാട്-ഒലിപ്പുഴ റോഡ്, പാണ്ടിക്കാട് വൺവേ റോഡിലെ പാണ്ടിക്കാട് മുതൽ കാക്കത്തോട് വരെയുള്ള റോഡുകൾ എന്നിവ അടിയന്തരമായി ഗതാഗതയോഗ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. വി. അൻവർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെതിരെ ശക്തമായി പിടിമുറുക്കുമ്പോഴും സാമ്പത്തികമായി പ്രതിരോധം തീർക്കുമ്പോഴും അതിനെയെല്ലാം മറികടന്ന് സംസ്ഥാനത്തെ ജനങ്ങൾക്ക്

ആശ്വാസം നൽകുന്ന ഒട്ടനവധി പദ്ധതികൾ തുടർന്നുകൊണ്ടുപോകാനും നാടിന്റെ പൊതുവായ വികസനം ഉറപ്പുവരുത്തി മുന്നോട്ടുപോകുന്ന ഈ ധനാഭ്യർത്ഥനകളെയും ഇതിന് മുൻകൈ എടുത്ത ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്.

ഇന്ന് രാവിലെ ഇവിടെയൊരു അടിയന്തരപ്രമേയം അവതരിപ്പിക്കുകയുണ്ടായി. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വളരെ കൃത്യമായി അറിയാവുന്നതാണ്. ഈ അടിയന്തരപ്രമേയം ഒരു വലിയ പാപഭാരമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് പ്രതിപക്ഷം സഭയിൽ അവതരിപ്പിച്ചതെന്നാണ് അവതരണരീതി കാണുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. ഈ സഭയിലെ രാജീവ് ബ്രിഗേഡിന്റെ വീരശൂര പരാക്രമികളൊക്കെയുള്ള സമയത്ത് സാധുവായ ശ്രീ. പി. സി. വിഷ്ണുനാഥിനെക്കൊണ്ട് ഇത് അവതരിപ്പിച്ചപ്പോൾതന്നെ കാര്യം വ്യക്തമാണ്. ആ അവതരണം കഴിഞ്ഞ് വാക്കൗട്ട് പ്രസംഗം നടത്തി പുറത്തേയ്ക്ക് പോകുമ്പോൾ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ നിലപാട് ഈ വിഷയത്തിൽ എന്താണെന്ന് നമുക്കറിയാം. വാക്കൗട്ട് പ്രസംഗം

ലീഗിനുവേണ്ടി നടത്തിയത് ബഹുമാനപ്പെട്ട പി. കെ. ബഷീർ എം.എൽ.എ.-യാണ്. ഇതിന്റെ നിജസ്ഥിതി എന്താണ്? എസ്.എഫ്.ഐ. വിദ്യാർത്ഥികൾ മൂന്നുദിവസംമുൻപ് എറണാകുളത്തുള്ള ഏഷ്യാനെറ്റ് ന്യൂസിന്റെ ഓഫീസിലേയ്ക്ക് മാർച്ച് നടത്തിയെന്ന വിഷയമാണ് ഇവിടെ അവതരിപ്പിച്ചത്. സ്വാഭാവികമായും ഒരു വിഷയം അവതരിപ്പിക്കുമ്പോൾ, എസ്.എഫ്.ഐ. എന്നുപറയുന്ന വിദ്യാർത്ഥിസംഘടന ഒരു സമരം നടത്തണമെങ്കിൽ അതിനൊരു കാരണമുണ്ടാകും. ഈ നിയമസഭയിൽ ആ കാരണത്തെക്കുറിച്ചുള്ള ചർച്ചയും, ആ സമരത്തെ എതിർത്തുകൊണ്ട് യു.ഡി.എഫ്.-ന്റെ നേതാക്കൾ പ്രത്യേകിച്ചും കോൺഗ്രസ്സിന്റെ നേതാക്കന്മാർ എന്താണ് കാര്യമെന്ന് അറിയാതെയാണ് പത്രമാധ്യമങ്ങൾക്ക് വാർത്തകൾ നൽകിയത്. കൊല്ലത്തെ എം.പി. ഒരുമണിക്കൂറോളം നിന്നാണ് ഏഷ്യാനെറ്റിനുവേണ്ടി പ്രസംഗിച്ചത്. അവസാനം ഇതുമായി ബന്ധപ്പെട്ട് നവമാധ്യമ സുഹൃത്തുക്കൾ ചോദിച്ചത് പിറ്റേദിവസംതന്നെ ഇവിടെ വാർത്താമാധ്യമങ്ങളിൽ വന്നതാണ്. എസ്.എഫ്.ഐ. നടത്തിയ ഒരു സമരം, വിഷയമെന്താണെന്നുപോലും അറിയാതെ വലിയ അക്രമമാണെന്ന രീതിയിൽ ഇവിടെ അവതരിപ്പിക്കപ്പെടുകയാണ്.

യഥാർത്ഥത്തിൽ നാലഞ്ച് ദിവസമായി വിദ്യാർത്ഥി സമൂഹവുമായി ബന്ധപ്പെട്ട് കേരളം അതീവ ഗൗരവത്തോടെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എട്ടും പൊട്ടും തിരിയാത്ത 14 വയസ്സുകാരിയായ ഒരു പെൺകുട്ടിയെ ഒരു സ്റ്റുഡിയോയിൽ കൊണ്ടിരുത്തി.... ആ വീഡിയോ ഒന്നു കാണണം. ഇവിടെ പ്രതിപക്ഷനേതാവ് തിരിച്ചറിയാൻ കഴിയില്ലെന്ന് പറഞ്ഞു. ആ കുട്ടിയുടെ വീഡിയോ പിന്നിൽനിന്നും തിരിച്ചറിയാൻ, സർക്കാർ സ്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയുടെ യൂണിഫോമിട്ട, ആ കുട്ടിയുടെ മുടിയുടെ ഓരോ ഇഴകൾ നമുക്ക് എണ്ണാൻ സാധിക്കും. മുഖം മാത്രമാണ് കാണാൻ സാധിക്കാത്തത്. ഏതൊരു രക്ഷിതാവും ഈ ഫോട്ടോ കാണുമ്പോൾ അവരുടെ മനസ്സിൽ വരുന്ന ഒരു ഫീലിംഗുണ്ട്. എന്നിട്ട് ആ കുട്ടി ഇരുന്ന് പറയുകയാണ്, ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണ്. ഞാൻ ഈ ലഹരി ഉപയോഗിച്ചിട്ടുണ്ട്. ഞാൻ ഇതിന്റെ അടിമയാണ്. ഞാൻ മാത്രമല്ല, എന്നെപ്പോലെ 10 കുട്ടികൾകൂടി ഇതിന് അഡിക്റ്റാണ്. ഇത് കേൾക്കുന്ന രക്ഷിതാക്കളുടെ മനസ്സിൽ ഉണ്ടാകുന്ന ഫീലിംഗ് എന്താണ്? ഓഗസ്റ്റ് മാസത്തിൽ കണ്ണൂർ ജില്ലയിലുണ്ടായ ഒരു സംഭവമാണ്. അതെല്ലാം വിശദീകരിക്കാൻ ഇവിടെ സാധിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

വിശദീകരിച്ചതാണ്. ആ സംഭവത്തോടനുബന്ധിച്ച് അന്ന് എടുത്ത ഒരു വീഡിയോ അതിന് പൊടിപ്പും തൊങ്ങലും നൽകി സെറ്റിട്ട് സ്റ്റുഡിയോയിൽ കൊണ്ടുവന്നു, ഏഷ്യാനെറ്റിലെ തന്നെ ഒരു ജീവനക്കാരിയുടെ മകളാണ് ഈ കുട്ടിയെന്ന് പറയുന്നു. ആ കുട്ടിയെക്കൊണ്ട് ഈ കാര്യങ്ങൾ വിശദീകരിച്ചിട്ട് കേരളത്തിലെ വിദ്യാലയങ്ങൾ ആകെ മയക്കുമരുന്നിന്റെ പിടിയിലാണെന്ന് വരുത്തി തീർക്കുന്നു. മയക്കുമരുന്നിനെതിരെ ശക്തമായ നിലപാടെടുത്ത ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. ഇതിൽ പ്രതിപക്ഷമോ ഭരണപക്ഷമോ മാറ്റമുണ്ടായിട്ടില്ല. കഴിഞ്ഞ എത്രയോ മാസങ്ങളായി കലാലയങ്ങളിൽ ഇതിനെതിരെ പൊതുസമൂഹത്തിന്റെ പിന്തുണയോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം കേരളത്തിൽ അങ്ങോളമിങ്ങോളം ഈ പരിപാടിയിൽ പങ്കെടുത്ത് നമ്മളൊക്കെ പ്രതിജ്ഞ ചൊല്ലിയവരാണ്. 'വിമുക്തി' എന്നുപറയുന്ന ഒരു പദ്ധതിക്ക് ഈ ഗവൺമെന്റ് രൂപം നൽകി. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമ-വാർഡ് തലങ്ങളിൽ വരെ കമ്മിറ്റികളുണ്ടാക്കി ഇതിന്റെ പ്രതിരോധം തീർത്ത് ഇതിലകപ്പെടാൻ പോകുന്ന കുട്ടികളെ ഇതിലേയ്ക്ക് എത്തിപ്പെടാതെ എല്ലാ മാർഗ്ഗങ്ങളും വഴികളും അടച്ച് നമ്മൾ മുന്നോട്ടുപോകുകയാണ്. ഇവിടെ മയക്കുമരുന്ന്`

ഉപയോഗമുണ്ടെന്നുള്ള കാര്യം ഗവൺമെന്റുതന്നെ സ്ഥിരീകരിച്ചതാണ്. നമ്മൾ ഒരുപാട് കേസുകളെടുത്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് നാലുദിവസംമുൻപ് പുറത്തുവിട്ട കണക്കിൽ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ മയക്കമരുന്ന് ഉപയോഗിക്കുന്ന 5 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ പേരില്ല. പക്ഷെ, ഇവിടെ കേസുകളുടെ എണ്ണം കൂടുതലാണ്. എന്തുകൊണ്ടാണ് കേസുകളുടെ എണ്ണം വർദ്ധിക്കുന്നത്? ഈ ഗവൺമെന്റ് ശക്തമായ നിലപാടെടുത്ത് എക്സൈസ് ഡിപ്പാർട്ടുമെന്റിനെയും പോലീസിനെയും ജനങ്ങളെയും എല്ലാവരെയും ഒരുമിച്ചുനിർത്തിക്കൊണ്ട് പരമാവധി കേസെടുത്ത് ഇതിനെ പ്രതിരോധിക്കാൻ ശ്രമിക്കുകയാണ്. ആ കേസുകളുടെ എണ്ണം പെരുപ്പിച്ച് കാണിച്ചുകൊണ്ടാണ് ഇവിടെ പ്രസംഗം നടത്തുന്നത്. ഇവിടെ അതിനെ തകർക്കാൻ, അതില്ലാതാക്കാൻ ശ്രമിക്കുമ്പോൾ മനുഷ്യരുടെ മനസ്സിൽ ഒരു ഭീകരത സൃഷ്ടിക്കുകയാണ്. ഇവർ റിപ്പോർട്ട് ചെയ്തതുമുഴുവൻ കേരളത്തിലെ പൊതുവിദ്യാലയങ്ങളാണ്. ഇവിടെ കഴിഞ്ഞ നാലഞ്ചുവർഷമായി പൊതുവിദ്യാലയങ്ങളിലുണ്ടായ വളർച്ച ചില്ലറയല്ല. പത്ത് ലക്ഷത്തി എൺപതിനായിരം വിദ്യാർത്ഥികൾ കേരളത്തിലെ വിദ്യാലയങ്ങളിൽ വർദ്ധിച്ചിട്ടുണ്ട്. ഒട്ടനവധി പ്രൈവറ്റ് സ്കൂളുകൾ ഇവിടെ അടയ്ക്കാൻ

പോകുകയാണ്; അടച്ചുകൊണ്ടിരിക്കുകയാണ്. മലാപ്പറമ്പ് സ്കൂളടക്കം സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടാൻ റിസർച്ച് നടത്തിയവരാണ് അപ്പുറത്തിരിക്കുന്നത്. ഈ ലോബികൾ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് സംശയിക്കണ്ടേ? സാമ്പത്തിക ശേഷിയില്ലാത്തവരാണ് പണ്ട് സർക്കാർ വിദ്യാലയങ്ങളിൽ പഠിച്ചിരുന്നതെങ്കിൽ, ഇന്ന് സാമ്പത്തികശേഷിയുള്ള കുട്ടികളും പഠിക്കുന്നുണ്ട്. സർക്കാർ വിദ്യാലയങ്ങളൊക്കെ ഈ പറയുന്ന രീതിയിലുള്ള രാസലഹരിയുടെയും മറ്റും പിടിയിലാണെന്ന് വരുത്തി തീർത്ത് എന്തെങ്കിലും തരത്തിൽ ഫീസടയ്ക്കാൻ കഴിയുന്നുണ്ടെങ്കിൽ ആ കുട്ടികളെ ഈ സർക്കാർ വിദ്യാലയത്തിൽനിന്ന് തിരിച്ച് പ്രൈവറ്റ് സ്കൂളുകളിലേയ്ക്ക് എത്തിക്കാനുള്ള ഉദ്ദേശ്യം ഇവർക്കുണ്ടെന്ന് പറയാൻ സാധിക്കുമോ?

കേരളത്തിൽ സർക്കാർ വിദ്യാലയങ്ങളിൽ മാത്രമാണോ ലഹരി ഉപയോഗിക്കുന്നത്. ഇതിന്റെ എത്രയോ ഇരട്ടി ഉപയോഗിക്കുന്ന പ്രൈവറ്റ് സ്കൂളുകളും മറ്റും ഇവിടെയുണ്ടെന്ന് നമുക്കറിയാം. അവിടെയൊന്നും വാർത്തയില്ല അതുപോകട്ടെ, പൊടിപ്പും തൊങ്ങലും വച്ച് ഈ തരത്തിലുള്ള വാർത്തകൾ ഉണ്ടാക്കുന്നതിനെതിരെ എസ്.എഫ്.ഐ സമരം ചെയ്തു.

ബർണാഡ് ഷാ ഒരുപ്രാവശ്യം പറഞ്ഞിട്ടുണ്ട്, നിങ്ങൾ ന്യായമായ കാര്യം പൊതുസമൂഹത്തിനോട് പറയുമ്പോൾ അത് പൊതുസമൂഹം ശ്രദ്ധിച്ചില്ലെങ്കിൽ നിങ്ങൾ കാലിലെ ചെരുപ്പൂരി അവന്റെ മുഖത്തടിക്കണം. അതാണ് എസ്.എഫ്.ഐ. ഇവിടെ ചെയ്തത്. അപ്പോഴാണ് എസ്.എഫ്.ഐ. സമരം നടത്തിയതിന്റെ കാരണം കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമാകുന്നത്. കോൺഗ്രസ്സിന്റെ ഒരു പ്ലീനറി സമ്മേളനം നടന്നല്ലോ; അത് ഒരാഴ്ചമുൻപല്ലേ തീർന്നത്; വലിയ പ്രതീക്ഷയിലായിരുന്നു; നമുക്കൊന്നും ഒരു പ്രതീക്ഷയുമില്ല. XXX+ ഇപ്പോൾ മഹാത്മാഗാന്ധിയുടെ ഖദർ മാത്രമാണ് ബാക്കിയുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.... XXXX+ കോൺഗ്രസ്സ് ഭരണഘടനയിലെ 5C അമെന്റ് ചെയ്യുന്നത് XXXX+. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. പി. വി. അൻവർ: സർ, അത് എന്നെ ബോധ്യപ്പെടുത്തേണ്ട, ശ്രീ. വി. എം. സുധീരനെ ബോധ്യപ്പെടുത്തിയാൽ മതി. വേറെ ആരെയും ബോധ്യപ്പെടുത്തേണ്ട ആവശ്യമില്ല. കോൺഗ്രസ് പ്ലീനറി സമ്മേളനത്തിൽ ഇന്ത്യയിലെ ജനങ്ങൾ ഒന്നും പ്രതീക്ഷിച്ചിട്ടില്ല. പക്ഷെ ഇതുപോലുള്ള

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3926/ഇ.ബി/2023/നി.സെ. തീയതി 06-03-2023) സഭാരേഖയിൽനിന്ന് നീക്കം ചെയ്തു

തീരുമാനങ്ങൾ ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിച്ചിട്ടുണ്ടാകില്ല. 'ഭരണകൂട ഭീകരത' എന്താണ് വാക്ക്; കേട്ടാൽ ഞെട്ടും അല്ലേ; ഇവിടെ യഥാർത്ഥത്തിൽ പ്രതിപക്ഷ ഭീകരതയല്ലേ നടക്കുന്നത്; കേരളത്തിന്റെ മുഖ്യമന്ത്രിയെ കേരളത്തിലൂടെ യാത്ര ചെയ്യാൻ അനുവദിക്കില്ലെന്ന് പ്രതിപക്ഷം ഒരുപ്രാവശ്യം എടുത്ത തീരുമാനമല്ല. ഒരുപാട് മുഖ്യമന്ത്രിമാർ യാത്ര ചെയ്തിട്ടുണ്ട്, നിരവധി സമരങ്ങൾ കണ്ടിട്ടുണ്ട്. എന്നാൽ 'ഒളിയാക്രമണം' എവിടെയെങ്കിലും കേട്ടിട്ടുണ്ടോ; മുഖ്യമന്ത്രി യാത്ര ചെയ്യുന്ന വഴിയിലൊക്കെ ആക്രമണം, രണ്ടും മൂന്നും ആളുകൾ കല്ലുംപിടിച്ച് ഇരിക്കുകയാണ്. പോലീസ് തെരഞ്ഞ് കുഴയുകയാണ്. ആണുങ്ങളാണെങ്കിൽ, ധൈര്യമുണ്ടെങ്കിൽ അവർ ഏറ്റെടുക്കുന്ന മുദ്രാവാക്യം ശരിയാണെങ്കിൽ അതിനെ ശക്തമായി കൂട്ടമായിട്ടാണ് പ്രതികരിക്കാറുള്ളത്. ഒളിയാക്രമണം, ഇതെന്താ ഭീകരാക്രമണമാണോ; ഭൂമിയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നടക്കാൻ സമ്മതിക്കുകയില്ല. എന്താണ് അവർ ഉയർത്തുന്ന മുദ്രാവാക്യം; നിവർത്തികെട്ട് വിമാനത്തിൽ പോയാലോ അവിടെയും ഭീകരത. ഇതാണോ ഭരണകൂട ഭീകരത; ഇവരെ തടുക്കാൻ ഞങ്ങൾക്കും കഴിയും. ഇവരെ നേരിടാൻ ഞങ്ങൾക്ക് കഴിയാത്തതുകൊണ്ടല്ല. ഇതിനൊക്കെ ഒരു

പരിധിയുണ്ട്. ഈ ക്ഷമയുടെ അവസാനം, കേരളത്തിലെ 99 എം.എൽ.എ.-മാരുടെ പിന്തുണ ലഭിച്ച് ലക്ഷക്കണക്കിന് വോട്ട് വാങ്ങി അധികാരത്തിൽ വന്ന മുഖ്യമന്ത്രിയെ വഴി നടക്കാൻ ഇവർ ഇനിയും അനുവദിക്കില്ലെങ്കിൽ, ഇത്തരത്തിൽ ഒളിയാക്രമണം നടത്തുകയാണെങ്കിൽ പ്രതിപക്ഷ നേതാവിന് ഒന്ന് ആലോചിക്കേണ്ടിവരും. രണ്ടരകോടിയോളം രൂപയാണ് ഒരു വർഷം പ്രതിപക്ഷത്തിനുവേണ്ടി ചെലവാക്കുന്നത്. ഇന്നലെ കോഴിക്കോടെത്തിയപ്പോൾ ഏഷ്യാനെറ്റിനെ കണ്ടു. ശ്രീ.പി.വി. അൻവറിന്റെ തടയണ പൊളിച്ച വിരോധമാണെന്നാണ് അവർ പറഞ്ഞത്. അവർക്ക് തടയണയില്ലാതെ പോയതിന് ഞാൻ എന്ത് ചെയ്യാനാണ്; 2008-09-ൽ ഉണ്ടാക്കിയ തടയണയാണ്. ശ്രീ. ടി. സിദ്ദിഖിന് വേണമെങ്കിൽ നാല് തടയണ നമ്മൾ കെട്ടിക്കൊടുക്കാം. ആരുടെ ചെലവിലാണ് പോകുന്നത്; ഈ കുത്തിത്തിരിപ്പിനല്ലാതെ പ്രതിപക്ഷത്തിന് ഈ നാടിന്റെ എന്തെങ്കിലും ഒരാവശ്യത്തിന് പോസിറ്റീവായ കാര്യം ജനങ്ങൾക്ക് സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ടോ; ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ

അനുകൂലിക്കുകയാണ്. സഭയിൽ കുറച്ച് ദിവസങ്ങളായി നടക്കുന്ന ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും പലപ്പോഴായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വളരെ മോശപ്പെട്ട രീതിയിൽ ചിത്രീകരിക്കുന്ന രൂപത്തിലേയ്ക്ക് കാണുകയാണ്. അതേസമയം ഇന്ത്യാ രാജ്യത്തെ ജനങ്ങളോട് ദ്രോഹം കാണിക്കുന്ന കേന്ദ്രം ഭരിച്ചു കൊണ്ടിരിക്കുന്ന ശ്രീ. നരേന്ദ്രമോദിയെക്കുറിച്ച് ഒരക്ഷരം പറയാൻ അവർക്ക് ധൈര്യം കാണുന്നില്ല. അഥവാ പറയുന്നുണ്ടെങ്കിൽ മുഖ്യമന്ത്രിയെ കൂട്ടിപ്പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എവിടെ നിൽക്കുന്നു; ശ്രീ. നരേന്ദ്രമോദി എവിടെ നിൽക്കുന്നുവെന്ന് നമുക്കറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ആശ്രയമായി, എല്ലാ പാവപ്പെട്ടവർക്കും വേണ്ടത് ചെയ്തുകൊടുത്തുകൊണ്ട് മുന്നോട്ടുപോകുകയാണ്. നമ്മുടെ മന്ത്രിമാർ എല്ലാവരും, ഏത് മന്ത്രിയുടെ വകുപ്പെടുത്ത് പരിശോധിച്ചാലും ഇത് കാണാൻ സാധിക്കുന്നതാണ്. അതിനെക്കുറിച്ചാണ് ചർച്ച നടക്കുന്നത്.

ഭൂമിയും വസ്തുക്കളും രജിസ്റ്റർ ചെയ്യുന്നതിലുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ഈ സർക്കാർ പ്രഖ്യാപിച്ച ആധാർ അധിഷ്ഠിത നടപടി

പലതരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കിയെടുക്കുന്നതിനും പൊതുജനങ്ങൾക്ക് നിരവധി പ്രയാസങ്ങൾ ഒഴിവാക്കി കൊടുക്കുന്നതിനും ഇടയാക്കുമെന്ന് കരുതുകയാണ്. രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കാനും ബിനാമി ഇടപാട് ഇല്ലാതാക്കുന്നതിനും രജിസ്ട്രേഷനെത്തുന്നവർക്ക് സാക്ഷികളെ ഹാജരാക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിനും സഹായിക്കുമെന്ന് കരുതുന്നു. ഏപ്രിൽ മുതൽ സ്റ്റാമ്പ് വെണ്ടർമാർക്ക് നടപ്പിലാക്കുന്ന പരിഷ്കാരമായ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുമ്പോൾ വെണ്ടർമാരെയും ആധാരമെഴുത്തുകാരെയും സംരക്ഷിച്ചുകൊണ്ട് നടപ്പാക്കണമെന്നാണ് വെണ്ടർമാരുടെയും ആധാരമെഴുത്തുകാരുടെയും അഭ്യർത്ഥന. കാലാകാലമായി, നമ്മുടെ കേരളത്തിൽ വെണ്ടർമാരും ആധാരമെഴുത്തുകാരും ചെയ്തുവന്ന സേവനങ്ങൾ കാണാതെ പോകരുത്. ഈ തൊഴിലിലേർപ്പെട്ടവർക്ക് തൊഴിൽ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം. പരിഷ്കരണം ആവശ്യമാണ് എന്ന വസ്തുത അംഗീകരിക്കപ്പെടുന്നതോടൊപ്പംതന്നെ തൊഴിൽ സംരക്ഷിക്കുക എന്നതും ഈ സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. അത് നടപ്പിലാക്കണം. രജിസ്ട്രേഷൻ വകുപ്പിൽ അഴിമതിയില്ലാതാക്കുന്നതിനായി ഈ സർക്കാർ ശക്തമായ നടപടികളാണ്

നടപ്പിലാക്കുന്നത്. ഓൺലൈൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ പ്രധാന രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വാണിജ്യ ബാങ്കുകളിൽ നിന്നും സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പാ കരാറുകൾ ഓൺലൈനായി തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോം നടപ്പിൽ വരുത്തുകയുണ്ടായി. ആധാരം രജിസ്ട്രേഷന്റെ ഭാഗമായുള്ള വിരൽ പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽത്തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ബാധ്യതാ സർട്ടിഫിക്കറ്റ് ഓൺലൈനാക്കിയത് അഴിമതി ഒഴിവാക്കുന്നതിനും കാലതാമസമില്ലാതാക്കുന്നതിനും സഹായമായിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടിവരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയത് പ്രശംസനീയമാണ്. വകുപ്പിന്റെ സേവനങ്ങൾക്ക് വേണ്ടിവരുന്ന ഫീസുകൾ ഓൺലൈനായി അടയ്ക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി

പരിശോധിക്കാമെന്നതും നല്ല കാര്യമാണ്. രജിസ്ട്രേഷനിലെ ഓൺലൈൻ ടോക്കൺ സൗകര്യം ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം രജിസ്ട്രേഷൻ വകുപ്പിന്റെ പ്രത്യേക സൈറ്റിലൂടെ പരിശോധിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ഒരു ജില്ലയിലെ ഏത് സബ്-രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള Anywhere Registration സൗകര്യം ഏറെ സഹായകരമാണ്. 2021-22 വർഷത്തെ കേരളത്തിലെ സ്ഥിരവിലയിലുള്ള മൊത്ത ആഭ്യന്തര ഉൽപ്പാദന വളർച്ചാ നിരക്ക് 12.1 ശതമാനമാണ്. പ്രസ്തുത വളർച്ചാ ഇപ്പോഴത്തെ നിലയിൽ വിലയിൽ കണക്കാക്കിയാൽ 17.63 ശതമാനമാണ്. ദേശീയ നിരക്ക് 8.7 ശതമാനത്തിൽ നിൽക്കുമ്പോഴാണ് കേരളത്തിന്റെ ഈ വളർച്ച എന്നത് ഓർക്കണം. ഞാൻ ആദ്യം പറഞ്ഞത് അതാണ്. അതിനനുസരിച്ച് നമ്മുടെ സർക്കാരിനെ പ്രകീർത്തിച്ചുപറയാൻ പ്രതിപക്ഷത്തുനിന്ന് ആരും തയ്യാറാകുന്നില്ല. പ്രതിശീർഷ വരുമാനത്തിലുണ്ടായ വളർച്ച സാമൂഹ്യക്ഷേമ വികസന ചെലവുകളിൽ സർക്കാർ നൽകിയ പ്രാധാന്യം ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തിയിട്ടുണ്ടെന്നാണ് കാണിക്കുന്നത്.

സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ചില പ്രയാസങ്ങളുണ്ടാക്കിയത് ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. 2022 ജൂലൈ മാസം കേന്ദ്രസർക്കാർ ജി.എസ്.ടി. നഷ്ടപരിഹാര വിഹിതം നിർത്തലാക്കിയതാണ് ഇതിന് പ്രധാനപ്പെട്ട കാരണം. ഇത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ ഘടകമായതുകൊണ്ട് സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയല്ലാതെ വേറെ മാർഗ്ഗങ്ങളില്ല. ഇവിടെ കേന്ദ്രസർക്കാർ രാഷ്ട്രീയം കളിക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കേരളം ഭരിക്കുമ്പോൾ ബി.ജെ.പി.-ക്ക് കേരളത്തിൽ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ഹിന്ദുത്വ അജണ്ടയ്ക്കെതിരെ ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കുന്നു. അതുകൊണ്ട് ഇത്തരത്തിലുള്ള നയത്തിലൂടെ കേരള സർക്കാരിനെ ഞെരുക്കാമെന്നാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. കരുതുന്നത്. കേരളത്തിൽ നിന്നുള്ള യു.ഡി.എഫ്. എം.പി.മാർ ഇക്കാര്യം ഒരിക്കൽപോലും പാർലമെന്റിൽ ഉന്നയിച്ചിട്ടില്ല എന്നതിൽ നിന്നും മനസ്സിലാക്കേണ്ടത് അവരും ബി.ജെ.പി.ക്ക് ഒപ്പമാണോ എന്നതാണ്. നികുതി വരുമാന ചോർച്ച ഒഴിവാക്കിയെടുക്കുന്നതിന് ഫലപ്രദമായ നടപടികളാണ് കേരളത്തിൽ

നടപ്പിലാക്കുന്നത്. ലക്കി ബിൽ സ്കീം പോലുള്ള പദ്ധതികൾ ഈ രംഗത്ത് പ്രധാനപ്പെട്ടതാണ്. സർക്കാരിന്റെ വേണ്ട വിധത്തിലുള്ള ഇടപെടലിന്റെ ഭാഗമായി നടപ്പുവർഷം ജി.എസ്.ടി. വരുമാനത്തിൽ കാര്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിന് സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഫലപ്രദമായി ഇടപെടുന്നുണ്ട്. അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വിന്യസിച്ചതുവഴി അന്തർസംസ്ഥാന നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് സാധിച്ചിട്ടുണ്ട്.

2022-ലെ മഴക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് അടിയന്തര ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രളയ സഹായം ലഭിച്ചവർക്ക് കുറെക്കൂടി സഹായകരമായി ലൈഫ് മിഷൻ പദ്ധതിയിലൂടെ 4 ലക്ഷം രൂപ നൽകുന്നതിനുള്ള ഉത്തരവ് ഇറക്കിയിരിക്കുകയാണ്. നേരത്തെയുണ്ടായ പ്രകൃതിക്ഷോഭത്തിലും മറ്റും ഇതുപോലുള്ള നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. പ്രതിപക്ഷം ഈ ഘട്ടത്തിലെല്ലാം രാഷ്ട്രീയം കളിക്കാനാണ് ശ്രമിച്ചത്. കേന്ദ്രത്തിൽ നിന്നും അർഹമായ സഹായങ്ങൾ

നേടിയെടുക്കാൻ കേരളത്തിൽ നിന്നുള്ള യു.ഡി.എഫ്. എം.പി.മാർ ശ്രമിച്ചിരുന്നില്ല. ബി.ജെ.പി. ആകട്ടെ ഏതൊക്കെ രീതിയിൽ സർക്കാരിനെ ഞെക്കിഞെരുക്കാൻ സാധിക്കുമോ അതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പ്രതിപക്ഷം ഈ സർക്കാരിനോടൊപ്പം നിൽക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് വയ്ക്കാനുള്ളത്. പ്രളയവും പ്രകൃതിക്ഷോഭവും കോവിഡുംകൊണ്ട് പൊറുതിമുട്ടിയ കേരള ജനതയെ അപമാനിച്ചതിനുതുല്യമാണ് സൗജന്യമെന്ന് പറഞ്ഞ് നൽകിയ അരിക്ക് പിന്നീട് തുക ഈടാക്കിയപ്പോൾ ഒരു അക്ഷരംപോലും മിണ്ടാൻ കേരളത്തിലെ യു.ഡി.എഫോ ബി.ജെ.പി.യോ തയ്യാറാകാത്തത്. ഈ സർക്കാരിന്റെ ധനസഹായ പദ്ധതികൾ കണ്ടതുകൊണ്ടാണ് 4342.37 കോടി രൂപ കേരളത്തിലെ വിവിധ വിഭാഗം ജനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കഴിഞ്ഞകാലത്ത് നൽകിയത്. പ്രളയ ദുരിതാശ്വാസ ധനസഹായം അനുവദിച്ച സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്താണ് കേരളം.

റവന്യൂ വകുപ്പ് വളരെ നല്ല രീതിയിൽ ഇടപെട്ട് പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകിവരുകയാണ്. ഏപ്രിൽ മാസത്തോടുകൂടി

പട്ടയം ലഭിക്കാത്ത മുഴുവൻ ആളുകൾക്കും പട്ടയം ലഭിക്കുമെന്നാണ് പറയുന്നത്. ഒരുപാട് സ്ഥലങ്ങളിലുണ്ട്. പത്തും ഇരുപതും വർഷങ്ങളായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിക്കുപോലും പട്ടയം ലഭിക്കുന്നില്ല. അതുകൊണ്ട് മുഴുവൻ ആളുകൾക്കും പട്ടയം നൽകാനുള്ള നടപടികളുമായി മുന്നോട്ടുപോകുമ്പോൾ, അത് ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കുമെന്ന് പറഞ്ഞത് ആശാവഹമാണ്. പാവപ്പെട്ട ആ കർഷകർക്കും ഭൂവുടമകൾക്കും പട്ടയം നൽകി സഹായിക്കാൻ ഈ സർക്കാർ മുന്നോട്ടുവരണമെന്ന് ഒന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേന്ദ്രം സ്വീകരിക്കുന്ന കടുത്ത സാമ്പത്തിക നിലപാടിന്റെ ഭാഗമായുണ്ടായ പ്രതിസന്ധികളിലും ക്ഷേമകരമായ ഒട്ടേറെ നയങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോകുന്ന ഗവൺമെന്റാണ് കേരളത്തിലിന്നുള്ളത്. യഥാർത്ഥത്തിൽ പകപോക്കൽ നയമാണ് കേന്ദ്രഗവൺമെന്റ് കേരളത്തിനോട് സ്വീകരിച്ചുവരുന്നത്. ഈ സാഹചര്യത്തിൽപോലും ഇവിടത്തെ പ്രതിപക്ഷം ഇതിനെക്കുറിച്ച് ഒരക്ഷരം

മിണ്ടുന്നില്ല. ഒരു ചാനലിനുവേണ്ടി വക്കാലത്തുപിടിച്ച് ഈ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുകയാണ് അവരിപ്പോൾ ചെയ്യുന്നത്. ബഹുമാനപ്പെട്ട നിരവധി അംഗങ്ങൾ ഈ വിഷയം സംബന്ധിച്ച് ഇവിടെ സംസാരിച്ചു. 13 വയസ്സുള്ള പെൺകുട്ടിയെ ഉപയോഗപ്പെടുത്തി ഫാബ്രിക്കേറ്റഡ് വീഡിയോ മീഡിയ വഴി പ്രചരിപ്പിക്കുന്നതിന് ഈ ചാനൽ നേതൃത്വം കൊടുത്തുവെന്നാണ് ഈ വിഷയത്തിൽ ഞങ്ങളുടെ ആക്ഷേപം. ഇതൊക്കെ ചെയ്യാൻ ഇവിടെ നിയമപരമായി അനുവാദമുണ്ടോ? പ്രതിപക്ഷത്തുള്ള വനിതാംഗങ്ങളെങ്കിലും ഇക്കാര്യത്തിൽ ഒരു വിചിന്തനം നടത്തേണ്ടതായിരുന്നു, പലരുമിവിടെ വാക്കൗട്ട് പ്രസംഗം നടത്തുന്നത് കണ്ടു. ഇവിടെ ഇരിക്കുന്ന പലർക്കും പെൺകുട്ടികളുണ്ട്. അവരെ മാധ്യമങ്ങളുടെ മധ്യത്തിൽ തുറന്നുകാണിക്കാൻ അവസരം നൽകുന്ന ചാനലുകൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയരുന്നതിനുപകരം മാധ്യമ സ്വാതന്ത്ര്യം ലംഘിച്ചുവെന്നപേരിൽ പ്രതിപക്ഷം നടത്തുന്ന ആഭാസനാടകം കേരളീയ സമൂഹം കണ്ടുകൊണ്ടിരിക്കുകയാണ്. സമരം നടത്തിയവർക്കെതിരെ കേസ്സെടുക്കുക എന്നത് സ്വാഭാവികമാണ്, അത്തരത്തിൽ ചാനലിനെതിരെ നിയമപരമായി കേസ്സെടുക്കുകയാണ്

ഇവിടെയും ചെയ്തത്. 2012-ലെ പോക്സോ നിയമപ്രകാരം കുട്ടികളുമായി ബന്ധപ്പെട്ട കേസ്സുകളിൽ മീഡിയകൾ പുലർത്തേണ്ട മാനദണ്ഡത്തെ സംബന്ധിച്ച് " Procedure for media. (1) No person shall make any report or present comments on any child from any form of media or studio or photographic facilities without having complete and authentic information, which may have the effect of lowering his reputation or infringing upon his privacy." എന്ന് സെക്ഷൻ 23 ലും " The publisher or owner of the media or studio or photographic facilities shall be jointly and severally liable for the acts and omissions of his employee." എന്ന് സെക്ഷൻ 23(3)-ലും വളരെ വ്യക്തമായി പറയുന്നു. ഇത്തരത്തിൽ നിയമപരമായ പ്രൊവിഷനുകൾ നിലനിൽക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് നിയമസംവിധാനങ്ങൾ കേസ്സെടുത്ത് മുന്നോട്ടുപോകുകയാണ്. ഇത് വളരെ വ്യക്തമാണ്. ഇക്കാര്യത്തിൽ നിയമപരമായി നടപടികൾ സ്വീകരിക്കുമ്പോൾ ചാനലിനെ സപ്പോർട്ട് ചെയ്യുന്ന സമീപനം സ്വീകരിക്കുന്നത് പ്രതിപക്ഷത്തിന് ഉചിതമാണോ? ഏഷ്യാനെറ്റ് ചാനലിന്റെ ചാരിത്ര്യത്തെ സംബന്ധിച്ച്

നിരവധി തവണ പത്രങ്ങളിൽവന്നതാണ്. 2019-ൽ ഉണ്ടായ മഹാപ്രളയത്തിനുമുന്നിൽ കേരളം പകച്ചുനിന്നപ്പോൾ, നമ്മുടെ സഹപ്രവർത്തകനായ ഓമനക്കുട്ടൻ ആലപ്പുഴയിലെ ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് ഭക്ഷണം കൊണ്ടുവന്ന ആട്ടോറിക്ഷയ്ക്ക് കൊടുക്കാൻ അദ്ദേഹത്തിന്റെ കയ്യിൽ പണമില്ലാത്തതിനാൽ ക്യാമ്പിൽനിന്നും വാങ്ങി 70 രൂപ ആട്ടോറിക്ഷയ്ക്ക് നൽകിയപ്പോൾ ദുരിതാശ്വാസ ക്യാമ്പിൽനിന്നും സി.പി.ഐ(എം) പ്രവർത്തകർ പണപ്പിരിവ് നടത്തുന്നുവെന്നാണ് അന്ന് ഏഷ്യാനെറ്റ് പ്രചരിപ്പിച്ചത്. അവസാനം വസ്തുത പുറത്തുവന്നില്ലേ; അതിന്റെ അടിസ്ഥാനത്തിൽ മാപ്പുപറയേണ്ട അവസ്ഥ വന്നില്ലേ; ഇങ്ങനെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ വാർത്തകൾ പ്രചരിപ്പിക്കുകയാണ്. നാട്ടിലെ പാവപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും നിയമം നടപ്പാക്കാനും പരിരക്ഷ കൊടുക്കാനും ഉത്തരവാദിത്തപ്പെട്ട ജനപ്രതിനിധികൾ അതിനൊപ്പം നിൽക്കുകയാണ് വേണ്ടത്. നിങ്ങളെ എങ്ങനെയാണ് വിശ്വസിക്കുന്നത്? ഇത്തരം ആഭാസപരമായ അഭിപ്രായപ്രകടനങ്ങൾ ഫ്ലോറിലും പുറത്തും ഉണ്ടാകുന്നത് പ്രതിപക്ഷത്തിന് ഇപ്പോഴുള്ള ഇമേജുപോലും തകർന്നടിയാൻ കാരണമാകും. നമ്മുടെ നാട്ടിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. നിലനിൽക്കാൻ

കഴിയാത്തവിധത്തിൽ കേരളാ ഗവൺമെന്റിനെ ഞെക്കിപ്പിഴിയുന്ന കേന്ദ്രഗവൺമെന്റ് നയങ്ങൾക്കെതിരെ അഭിപ്രായം പറയാൻ പ്രതിപക്ഷം സമയം കണ്ടെത്തുന്നുണ്ടോ? അതൊന്നുമല്ല ഇവിടത്തെ കാര്യമെന്നത് നമ്മളെല്ലാവരും മനസ്സിലാക്കിയതാണ്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് കേരളത്തെ നല്ലനിലയിൽ സാമ്പത്തികമായി ഞെരുക്കുമ്പോഴും നാട്ടിലെ പാവപ്പെട്ട മനുഷ്യരെ സംരക്ഷിക്കാനുള്ള ഉത്തേജക പാക്കേജുകൾ നൽകി, സമ്പദ്ഘടനയെ കുതിപ്പിച്ച് അതിൽ മുന്നോട്ടുപോകുന്നതിൽ കേരളം മുന്നിൽനിൽക്കുകയാണ്. അതിന്റെ ഒട്ടേറെ കണക്കുകൾ നമ്മുടെ മുന്നിലുണ്ട്. അതിൽ ഏറ്റവും പ്രധാനം എന്തായിരുന്നു? കേരളത്തിലെ പാവപ്പെട്ട 62 ലക്ഷം പേർക്ക് നൽകുന്ന സാമൂഹ്യക്ഷേമ സെക്യൂരിറ്റി പെൻഷനെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. അയൽസംസ്ഥാനങ്ങളായ കർണ്ണാടകയും തമിഴ്നാട്ടിലുമുൾപ്പെടെ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. 6.61 കോടി ജനങ്ങളുള്ള കർണ്ണാടകയിൽ 58 ലക്ഷം പേർക്ക് 600 രൂപ നിരക്കിലും 7.21 കോടി ജനങ്ങളുള്ള തമിഴ്നാട്ടിൽ 33.94 ലക്ഷംപേർക്ക് 1000 രൂപ നിരക്കിലും പെൻഷൻ നൽകുന്നുണ്ട്. കേരളത്തിലെ സ്ഥിതിയെന്താണ്? 1600 രൂപവച്ച്

62 ലക്ഷംപേർക്ക് കേരള ഗവൺമെന്റ് വിതരണം ചെയ്യുന്നു. 11000 കോടി രൂപയാണ് വാർഷികമായി അവരുടെ കൈകളിലെത്തിക്കുന്നത്. ഇതൊരു ചെറിയ കാര്യമല്ല. അതേസമയം യു.ഡി.എഫ്.ന്റെ കാലഘട്ടത്തിൽ എത്ര രൂപയാണ് കൊടുത്തിരുന്നത്; ഒരാൾക്ക് 600 രൂപവച്ച് 3262 കോടി രൂപ. ഈ വ്യത്യാസം കാണണ്ടേ? കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ ഞെക്കിഞെരുക്കുമ്പോൾ അത് ശരിയല്ലെന്ന അഭിപ്രായം പ്രകടിപ്പിക്കാനുള്ള മര്യാദപോലും പ്രതിപക്ഷം കാണിക്കുന്നില്ല. കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും ഇവിടെ പറയുന്നത്, കഴിഞ്ഞ ദിവസം കേന്ദ്ര രാസവളം വകുപ്പുമന്ത്രി എന്റെ മണ്ഡലത്തിൽവന്ന് പറയുകയാണ് കേന്ദ്രഗവൺമെന്റ് കൊടുക്കുന്ന കക്കൂസ്, കേന്ദ്രഗവൺമെന്റ് കൊടുക്കുന്ന വീട്, കേന്ദ്രഗവൺമെന്റ് കൊടുക്കുന്നതെല്ലാം ശ്രീ. പിണറായി വിജയൻ പേര് മാറ്റി നാട്ടിലെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നുവെന്നാണ്. ഇത് സാർവ്വത്രികമായി പ്രചരിപ്പിക്കുന്നുണ്ട്. പ്രതിപക്ഷവും ഇതിനൊപ്പം കുടചൂടുകയല്ലേ ചെയ്യുന്നത്. കേന്ദ്രഗവൺമെന്റ് തരുന്ന വിഹിതംകൊണ്ടാണോ കേരളാ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്? തനതായ വരുമാനം വർദ്ധിപ്പിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാനും കേരളം

ചെയ്യുന്ന ജാഗ്രത ഇന്ത്യയിലെ ഒരു സംസ്ഥാനത്തുമില്ല. അത്തരം നടപടികളുമായാണ് കേരളം മുന്നോട്ടുപോകുന്നത്. ഇന്ത്യയിലെ ആകെയുള്ള സംസ്ഥാനങ്ങളുടെ ശരാശരി പരിശോധിച്ചാൽ, റവന്യൂ വരുമാനത്തിന്റെ 41 ശതമാനം കേന്ദ്രവിഹിതമാണെന്ന് മനസ്സിലാകും. എന്നാൽ കേരളത്തിന്റെ റവന്യൂ എത്ര രൂപയാണ്? 36 ശതമാനമാണ് കേന്ദ്രം തരുന്ന റവന്യൂ വരുമാനം. എന്നാൽ വളരെ അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ച് കേരളത്തിന്റെയത്രയും ജനസംഖ്യയില്ലാത്ത പല സംസ്ഥാനങ്ങൾക്കും 75 ശതമാനം വരെ കേന്ദ്രവിഹിതം കൊടുക്കുന്നുണ്ട്. ഇത് നെറികേടല്ലേ, ഇരട്ടത്താപ്പല്ലേ; ഇതിനെതിരെ ഒരക്ഷരംപോലും മിണ്ടുന്നുണ്ടോ; പത്താം ധനകാര്യ കമ്മീഷൻ കേരളത്തിന് നൽകിയ വിഹിതത്തെക്കുറിച്ച് നിരവധി തവണ നാം ചർച്ച ചെയ്തതാണ്. അത് 3.88 ശതമാനമാണ്. ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷൻ തരുന്ന വിഹിതം എത്രയാണ്; 1.92 ശതമാനം. ഇത്തരത്തിൽ കേരളത്തിന് ലഭിക്കേണ്ട വിഹിതം ലഭിക്കാതെപോകുന്നു. ആഭ്യന്തര വരുമാനത്തിന്റെ വളർച്ച സംബന്ധിച്ച് പത്രങ്ങളിലെല്ലാം റിപ്പോർട്ട് ചെയ്യപ്പെടുന്നതുകൊണ്ട് ഞാനിവിടെ സൂചിപ്പിക്കുന്നില്ല. ഏതാണ്ട് 64 ശതമാനം നികുതി പിരിവ്

വർദ്ധിപ്പിച്ചുകഴിഞ്ഞു. അത് ദേശീയ ശരാശരിയുടെ 55 ശതമാനമാണ്. ഈ നിലയിൽ കേരളത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ നമ്മുടെ ഗവൺമെന്റെടുക്കുന്ന ജാഗ്രത നാട്ടിലെ ജനങ്ങളറിയുന്നുണ്ട്. അവർ വളരെയേറെ സംതൃപ്തരാണ്. അവർ ഈ ഗവൺമെന്റിനെ മുന്നോട്ടുകൊണ്ടുപോകാനുള്ള താൽപ്പര്യത്തിലുമാണ്. അവരെ സുരക്ഷിതമായി ഉയർത്തിപ്പിടിക്കാൻ കേരളത്തിലെ ഗവൺമെന്റ് ഇപ്പോൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ റവന്യൂ വകുപ്പും നികുതി വകുപ്പും ശ്ലാഘനീയമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. മലയാളികൾ ലോകത്തെവിടെ ഭൂമി വാങ്ങിയാലും യുണീക് തണ്ടപ്പേർ എന്ന നിലയിൽ ആധാരം ലഭിക്കാനുള്ള സംവിധാനമുണ്ട്. എനിക്ക് ഇത്തരുണത്തിൽ റവന്യൂ വകുപ്പുമന്ത്രിയോട് പറയാനുള്ള ഒരു വിഷയം, ഭൂരഹിതരായ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്നവർക്ക് ഭൂമി കൊടുക്കുന്നതിനായി ലാൻഡ് ബാങ്കിലേയ്ക്ക് ഭൂമി കൊടുക്കുന്ന സംവിധാനമുണ്ട്. അതിന് ഭീമമായ രജിസ്ട്രേഷൻ ഫീസാണ് കൊടുക്കേണ്ടിവരുന്നത്. ഇത് ഒഴിവാക്കിക്കൊടുക്കാൻ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രദ്ധയുണ്ടാകണം. വനാതിർത്തിയുമായി

ബന്ധപ്പെട്ട സ്ഥലങ്ങളിൽ ഡി.എഫ്.ഒ.യുടെ എൻ.ഒ.സി. വാങ്ങി നിരവധി ആളുകൾക്ക് സ്ഥലം കൊടുത്തിട്ടുണ്ട്. പക്ഷേ ആ സ്ഥലത്ത് വീട് വയ്ക്കാൻ വീണ്ടും നിരവധി നൂലാമാലകളാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കാര്യത്തെ സംബന്ധിച്ചാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ലൈഫ് മിഷനിൽ വീട് ലഭ്യമായിട്ടുപോലും അവർക്ക് അതനുസരിച്ച് എൻ.ഒ.സി. ലഭിക്കാത്ത സാഹചര്യമുണ്ട്. അതിനുവേണ്ട നിയമതടസ്സങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. ദേവസ്വവുമായി ബന്ധപ്പെട്ട് നിരവധി എം.എൽ.എ.മാർ സൂചിപ്പിച്ച വിഷയമാണ് രണ്ടാമതായി എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ മണ്ഡലമായ കോങ്ങാടുള്ള തിരുമാന്ധാംകുന്ന് ദേവീക്ഷേത്രത്തിന്റെ നൂറ് ഏക്കർ സ്ഥലം തരിശ് കിടക്കുകയാണ്. മോഹൻലാൽ അഭിനയിച്ച ഒടിയൻ എന്ന സിനിമയുടെ പ്രധാന ലൊക്കേഷൻ അവിടെയാണ്.

മി. സ്പീക്കർ: യെസ്....യെസ്......

ശ്രീമതി ശാന്തകുമാരി കെ.: ഇത്തരത്തിലുള്ള സ്ഥലങ്ങൾ പരമാവധി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കണം. 2008-ൽ രൂപീകരിക്കപ്പെട്ട മലബാർ ദേവസ്വം ബോർഡിന് ഒരു പൊതുഭരണ സംവിധാനമില്ല. 1400-ൽ

അധികം ക്ഷേത്രങ്ങളടങ്ങുന്ന, എന്റെ മണ്ഡലമുൾപ്പെടയുള്ള മലബാർ മേഖലയിൽ പൊതുവായ ഭരണസംവിധാനം കൊണ്ടുവരുന്നതിനുള്ള ശ്രമമുണ്ടാകണം.

മി. സ്പീക്കർ: യെസ്....യെസ്......

ശ്രീമതി ശാന്തകുമാരി കെ.: 70 ശതമാനം ക്ഷേത്രങ്ങളും പ്രവർത്തിക്കുന്നത് സർക്കാർ നൽകുന്ന ധനസഹായംകൊണ്ടാണ്. അതുകൊണ്ട് നിരവധി സ്ഥലങ്ങളുണ്ട്, ഭൂമിയുണ്ട്. ...............(മൈക്ക് ഓഫ്).......

ശ്രീമതി ഉമ തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. കോടികണക്കിന് കിട്ടാക്കടങ്ങൾ പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾക്ക് പകരം സാധാരണക്കാരുടെ മേൽ വീണ്ടും വീണ്ടും നികുതി ഏർപ്പെടുത്തുകയെന്ന എളുപ്പവഴിയാണ് ഈ ബഡ്ജറ്റിലൂടെ സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നത്. Comptroller and Auditor General of India -യുടെ റിപ്പോർട്ട് പ്രകാരം വിവിധ വകുപ്പുകളിൽനിന്ന് സർക്കാർ പിരിച്ചെടുക്കേണ്ട തുക 21797.86 കോടി രൂപയും അതിൽത്തന്നെ അഞ്ചുവർഷത്തോളമായി കുടിശ്ശികയായിരിക്കുന്ന തുക 7100.32 കോടി രൂപയുമാണ്.

സാമ്പത്തികരംഗത്തെ സർക്കാരിന്റെ mismanagement ആണ് ഈ അവസ്ഥയ്ക്ക് കാരണം. നികുതികൾ ഉയർത്തിയും സെസ്സ് ചുമത്തിയും കേരള ബഡ്ജറ്റ് ഇതുവരെ കാണാത്ത ധനപ്രതിസന്ധിയാണ് സംസ്ഥാനം നേരിടുന്നതെന്ന് വിലയിരുത്തേണ്ടിവരുന്നു. പെട്രോളിനും ഡീസലിനും ലിറ്ററിന് 2 രൂപ വീതം സാമൂഹ്യസുരക്ഷാ സെസ് ഏർപ്പെടുത്തിയ നടപടി പ്രതിഷേധാർഹമാണ്. ഈ വിഷയത്തിൽ ഒരു പുനർവിചിന്തനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവണമെന്നതിൽ ലവലേശം സംശയമില്ല. വിലക്കയറ്റത്തിൽ പൊറുതിമുട്ടിയ സാധാരണ ജനങ്ങളെ വീണ്ടും വിലവർദ്ധനയുടെ ഭാരം താങ്ങാൻ നിർബന്ധിക്കുന്നതാണ് ഈ സെസ്സ്. മദ്യത്തിന്റെ നികുതി വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്നത് മദ്യപാനികളെ നിരുത്സാഹപ്പെടുത്തുവാനാണെന്ന ന്യായം പറയുകയും കൂണുപോലെ പുതിയ ബാർ ലൈസൻസ് അനുവദിക്കുകയും ചെയ്യുന്ന രീതി മയക്കുമരുന്നുകളിലേക്ക് ആളുകളെ ആകർഷിക്കാൻ ഉതകുന്നതാണെന്ന വസ്തുത തള്ളിക്കളയാനാവില്ല. ഭൂമി ക്രയവിക്രയത്തിന്, കെട്ടിടങ്ങൾക്ക്, വാഹനങ്ങൾക്ക്, വൈദ്യുതിക്ക് എല്ലാത്തിനും നികുതി കൂട്ടുകയാണ്. അടഞ്ഞുകിടക്കുന്ന വീടുകളിൽ ഏർപ്പെടുത്തിയ കരം പ്രവാസികളുടെ ആവശ്യപ്രകാരം പിൻവലിച്ചതിൽ

സന്തോഷമുണ്ട്. എന്നാൽ ജീവിതത്തിലെ മുഴുവൻ സമ്പാദ്യങ്ങളും ഉപയോഗിച്ച് റിട്ടയർമെന്റ് കാലത്ത് രണ്ടാമതൊരു വീട് പണിയുകയും അതിന്റെ വാടകകൊണ്ട് ശിഷ്ടകാലം കഴിയാമെന്ന് വിചാരിക്കുന്ന രണ്ട് വീടുകളുള്ളവരുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന അധിക നികുതി പുനഃപരിശോധിക്കണം. ഭൂമിയുടെ താരിഫ് വാല്യു നിശ്ചയിച്ചിരിക്കുന്നത് സ്ഥലം സന്ദർശിക്കുകകൂടി ചെയ്യാതെ ഉദ്യോഗസ്ഥർ ഓഫീസിൽത്തന്നെ ഇരുന്നായതിനാൽ പല സ്ഥലങ്ങളിലും അത് ഫെയർ വാല്യു, മാർക്കറ്റ് വാല്യു എന്നിവയെക്കാൾ ഇരട്ടിയോളമാണ്. ഇത് പുനഃപരിശോധിക്കാൻ നടപടിയുണ്ടാവണം. കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് രൂക്ഷമായ പ്രതിസന്ധിയിലാണ്. ബോർഡിനെ പൊതുമേഖലയിൽ സംരക്ഷിച്ച് നിർത്തുന്നതിനും കുടിശ്ശിക തുക അനുവദിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

കുരുന്നുകുഞ്ഞുങ്ങൾക്ക് അക്ഷരലോകത്ത് അറിവ് പകർന്നുകൊണ്ട് ഉരുകിത്തീരുന്ന ജന്മങ്ങളാണ് ഇന്നത്തെ അങ്കണവാടി ടീച്ചർമാർ. ഇവരുടെ സേവനവേതന വ്യവസ്ഥകൾ വർദ്ധിപ്പിക്കാനുള്ള നടപടി ഉണ്ടാകണം. ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ

സമയാസമയങ്ങളിൽ നിരീക്ഷിക്കപ്പെടാത്തതുകൊണ്ടോ അവരുടെ പ്രവൃത്തികൾ അവലോകനം ചെയ്യപ്പെടാത്തതുകൊണ്ടോ അതുമല്ലെങ്കിൽ കുത്തകമുതലാളിയെയോ അല്ലെങ്കിൽ കോർപ്പറേറ്റുകളെയോ ഭയന്നതുകൊണ്ടോ ആണ് ഇന്ന് പിരിച്ചെടുക്കുവാനുള്ള കിട്ടാക്കടം കോടികളിൽ എത്തിനിൽക്കുന്നതെന്നത് സംശയമില്ല. കെടുകാര്യസ്ഥതയുടെ മറ്റൊരു ഉദാഹരണമാണ് നാലുദിനമായി എരിഞ്ഞുതീരുന്ന ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റ്. സ്വജനപക്ഷപാതം മുൻനിർത്തി മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് മുൻപരിചയമില്ലാത്ത നിങ്ങളുടെ സമുന്നതനായ ഒരു നേതാവിന്റെ അടുത്ത ബന്ധുവാണ് ഇതിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത്. മാലിന്യ സംസ്കരണംപോലും ഒരു കറവപശുവായി മേൽനോട്ടമില്ലാത്ത പ്രവൃത്തിമൂലം എന്റെ നിയോജകമണ്ഡലത്തിലെ ഒട്ടനവധിപേർ ഇതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മാലിന്യ കുമ്പാരങ്ങളിൽനിന്ന് ഒഴുകുന്ന മലിനജലം കടമ്പ്രയാറിൽ ഒഴുകിയെത്തി ജലസ്രോതസ് മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അന്തരീക്ഷ മലിനീകരണം, ജല മലിനീകരണം, ആരോഗ്യപ്രശ്നങ്ങൾ ഇവയെല്ലാം ഈ മാലിന്യ സംസ്കരണത്തിലുള്ള വീഴ്ചമൂലം സാധാരണ ജനങ്ങൾ

അനുഭവിക്കുകയാണ്. ഇവിടെ വസിക്കുന്ന ഭൂരിഭാഗം ആളുകളിലും ത്വക്ക് രോഗങ്ങളും ശ്വാസസംബന്ധമായ രോഗങ്ങളുമുണ്ട്.

ഇപ്പോൾ ഇവിടെയുണ്ടായ തീപ്പിടുത്തത്തെക്കുറിച്ച് ഒരുപാട് സംശയങ്ങളുണ്ട്. ഇത് അന്വേഷണവിധേയമാക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുമ്പോൾ ഉണ്ടാകുന്ന പുക ശ്വസിക്കുന്നതുമൂലം അർബുദരോഗത്തിനുള്ള സാധ്യത അറുപത് ഇരട്ടിയാണെന്ന് ക്ലിനിക്കലി തെളിയിച്ച കാര്യമാണ്. ഇനിയെങ്കിലും ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടിയെടുക്കണം. പ്രളയഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട കേസിലെ നിലവിലെ സ്ഥിതി എന്താണ്? എറണാകുളം കളക്ടറേറ്റ് കേന്ദ്രീകരിച്ച് തട്ടിപ്പ് നടത്തിയവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല, അത് സ്വീകരിക്കുകയുമില്ല. ഇടതുപക്ഷം ചേർന്ന് പ്രവർത്തിക്കുന്നവർക്ക് അഴിമതി നടത്തിയാലും ഒരു പ്രത്യേക പരിഗണനയാണ് ലഭിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ തട്ടിപ്പുമായി ബന്ധപ്പെട്ടവർക്കും ഇതേ ആനുകൂല്യം തന്നെയല്ലേ കിട്ടിക്കൊണ്ടിരിക്കുന്നത്. തൊഴിലും ആരോഗ്യവും നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടി ലോൺ തിരിച്ചടവ് മുടങ്ങിയവർക്ക് ജപ്തി നോട്ടീസ് കൊടുക്കുന്നതിന്റെ ഒരു ശതമാനം ആത്മാർത്ഥത ഈ കുടിശ്ശിക

വരുത്തിയിട്ടുള്ള വൻകിടക്കാരിൽനിന്ന് ഈടാക്കുവാൻ ശ്രമിച്ചാൽ നമ്മൾക്ക് ഈ സ്ഥിതി വരില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

മാധ്യമസ്വാതന്ത്ര്യത്തെ ഹനിക്കുംവിധം അതല്ലെങ്കിൽ കൂച്ചുവിലങ്ങിടുംവിധം കഴിഞ്ഞ ദിവസം മാർച്ച് മൂന്നിന് 30-ഓളം വരുന്ന SFI പ്രവർത്തകർ എന്റെ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഏഷ്യാനെറ്റ് ഓഫീസിൽ അതിക്രമിച്ചുകയറി നാലാം നിലയിലുള്ള ന്യൂസ് റൂമിൽവരെ ചെല്ലുകയും മീറ്റിംഗ് നടത്തി രണ്ടുപേർ പ്രസംഗിക്കുകയും ചെയ്തു. വളരെ ആസൂത്രിതമായി അരമണിക്കൂറിലേറെ ജംഗ്ഷനിൽ കാത്തിരുന്നതിനുശേഷമാണ് അവർ അവിടെ ചെന്നത്. 'Trespassers will be prosecuted' എന്ന് കേട്ടിട്ടില്ലേ. തീർച്ചയായും അവർക്കെതിരെ IPC 448, 452 പ്രകാരം.....

<u>ശ്രീമതി ശാന്തകുമാരി കെ.</u>: ......(മൈക്ക് ഓഫ്....)

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഞാൻ പറഞ്ഞത് അവരുടെ വാർത്തകളെ കുറിച്ചല്ല, അവർ അതിക്രമിച്ചുകയറിയതിനെക്കുറിച്ചാണ്. എന്റെ ഒരു സഹമെമ്പർ പറഞ്ഞത് തെറ്റിപ്പോയി എന്നാണ് എനിക്ക് പറയുവാനുള്ളത്. ഇവിടത്തെ ക്രമസമാധാനപരിപാലനം ഏൽപ്പിച്ചിരിക്കുന്നത് SFI-യെയും DYFI-യെയും ആണോ? PSC ലിസ്റ്റ് തിരിമറി നടത്തി പോലീസിൽ

കയറിപ്പറ്റാൻ സാധിക്കാത്തതിന്റെ ജാള്യതയാണോ നേരിട്ടുക്രമസമാധാനം ഏറ്റെടുക്കുവാൻ SFI-ക്കാരെ പ്രേരിപ്പിക്കുന്നത്. മുമ്പൊരിക്കൽ നമ്മുടെ മുഖ്യൻ 'കടക്ക് പുറത്ത്' എന്ന് മാധ്യമപ്രവർത്തകരോട് പറഞ്ഞത് കേരള ജനത മറന്നിരിക്കാൻ വഴിയില്ല. ഭരണത്തിന്റെ ശക്തിയോടെ, പിന്തുണയോടെ, എതിർപ്പിന്റെ ശബ്ദങ്ങളെ ഇല്ലായ്മ ചെയ്യുന്നത് നീതിയുക്തമല്ല. അവ്യക്തമായ ചിത്രം പ്രദർശിപ്പിച്ചതിന്, കണ്ടപ്പോൾത്തന്നെ 'എന്നെ കണ്ടാൽ കിണ്ണം കട്ടോ' എന്നു തോന്നുമോയെന്ന രീതിയിലുള്ള ഈ പ്രവർത്തനം ശരിയല്ല. ഗതാഗതക്കുരുക്കിനെക്കാൾ തിരക്കേറിയ എന്റെ മണ്ഡലത്തിലെ വാഴക്കാല പ്രദേശത്ത് റോഡ് ക്രോസ് ചെയ്യാൻ ട്രാഫിക് പോലീസിന്റെ സഹായം അഭ്യർത്ഥിച്ചപ്പോൾ രസകരമായ മറുപടിയാണ് കിട്ടിയത്. ആളെ കിട്ടാനില്ല, അമ്പത്തിരണ്ടോളംപേരെ റിക്വസ്റ്റ് ചെയ്തിട്ട് ഇതുവരെ കിട്ടിയിട്ടില്ലെന്നാണ് അവർ അറിയിച്ചത്. പറ്റില്ലെന്ന് പറയുന്നതിനുപകരം വളരെ സോഫ്റ്റായിട്ട്, കാര്യകാരണസഹിതമുള്ള ഒരു മറുപടിയാണ് എനിക്ക് കിട്ടിയത്. അല്ലെങ്കിലും ഇപ്പോൾ പോലീസുകാർക്ക് റോഡിലുള്ള കറുത്ത കൊടികൾ മാറ്റുവാനും പെറ്റിയടിക്കുവാനുമല്ലേ സമയമുള്ളൂ. ഞാൻ ഈ ബഡ്ജറ്റിനെ നിശിതമായി വിമർശിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേന്ദ്രഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തോട് എടുക്കുന്ന നിലപാടുകൾ ഈ ഫ്ലോറിൽ കഴിഞ്ഞ ദിവസം പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. എന്നാലും ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ വില വർദ്ധനവിനെതിരെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ദേശവ്യാപകമായ പ്രക്ഷോഭത്തിലേക്ക് നീങ്ങുകയാണ്. യഥാർത്ഥത്തിൽ സമാധാനപ്രിയരായി മാറുന്നുണ്ടോയെന്ന സാഹചര്യം നിലനിൽക്കുകയാണ്. കാരണം, വിലവർദ്ധനവിന് തുടക്കം കുറിച്ചത് കോൺഗ്രസാണെങ്കിലും അത്ര ഭീകരമായ രീതിയിലാണ് ബി.ജെ.പി. ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. കുടുംബ ബഡ്ജറ്റുകളെല്ലാം തകരുന്നു. ചൂണ്ടയിടുന്നതുപോലെ, പാചകവാതകം ഉപയോഗിക്കുന്ന സാധാരണക്കാരോട് ശ്രീ. നരേന്ദ്ര മോദി ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ പറയുന്നു, അതിനുശേഷം ഓരോ തവണ ഗ്യാസ് വാങ്ങുമ്പോഴും നിങ്ങൾക്ക് സബ്സിഡി നൽകും എന്നുപറയുകയും അതോടെ അവസാനിക്കുകയുമാണ്. അതിനുശേഷം ഇപ്പോൾ വാണംപോലെ എന്നുപറയുന്നത് അക്ഷരാർത്ഥത്തിൽ ശരിയായിക്കൊണ്ട് വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

ഇതിനെതിരെ സംഘടിതമായ ഒരു പ്രക്ഷോഭണം രാജ്യത്തുയരണം, അതിനിവിടെ പക്ഷം നോക്കാതെയുള്ള ഒരു ജനകീയ ചെറുത്തുനിൽപ്പ് അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ല. അതിന്റെ ഭാഗംതന്നെയാണ് നമ്മുടെ സംസ്ഥാനത്തോടും എടുക്കുന്ന നിലപാട്. ഇവിടെ നേരത്തെ അത് സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല.

ഇന്നത്തെ ഈ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് റവന്യൂ, സർവ്വെ വകുപ്പുകളെ സംബന്ധിച്ചാണ് ഏറ്റവും കൂടുതൽ വിഷയങ്ങൾ ഉയർന്നുവരുന്നത്. അതിൽ വളരെ വേഗതയിൽ ഭൂമിയുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള തീവ്രമായ ശ്രമം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നുവെന്നത് അഭിമാനാർഹവും കേരളത്തിലെ ജനങ്ങൾ ഏറെ പ്രതീക്ഷയോടെയും നോക്കികാണുകയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനവും സ്മാർട്ട്' എന്ന ലക്ഷ്യത്തിലേക്കാണ് നീങ്ങുന്നത്. കഴിഞ്ഞവർഷം ലക്ഷ്യം മറികടന്ന് 54,535 പട്ടയം നൽകി. ഇപ്പോൾ പട്ടയം മിഷൻ പ്രഖ്യാപിച്ച് അടുത്ത നൂറുദിന പദ്ധതിയുമായി ബന്ധപ്പെട്ട് 40000 പട്ടയം നൽകാനാണ് തീരുമാനിക്കുന്നത്. മനുഷ്യന് ഏറ്റവും ആവശ്യമാണ് വീടും, വീടുവയ്ക്കാൻ ഭൂമിയും. ഇപ്പോൾ ഭൂമിയുടെ

പ്രശ്നങ്ങൾ പരിഹരിക്കുകയെന്നത് ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ബാധ്യതയാണ്. ആ ചുമതലയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പ് നിർവ്വഹിക്കുന്നത്. പ്രത്യേകിച്ച് നമ്മൾ ഒരുകാര്യംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട്, ലിസ്റ്റിൽ പേരുവന്നാലും സ്ഥലം ഇല്ലാത്തവർക്ക് ലിസ്റ്റിൽ പേരുള്ളതുകൊണ്ട് ആശ ഉണ്ടായി, വീട് കിട്ടി എന്ന തോന്നലും വന്നു. പക്ഷെ ഭൂമിയില്ല. ഈ വിഷയം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ആലോചിക്കേണ്ടതുണ്ട്. റവന്യൂ വകുപ്പ് അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ലാൻഡ് ട്രിബ്യൂണൽ കേസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 60000 കേസ്സുകൾ തീർപ്പാക്കുകയും അതിൽ 40000 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തുകഴിഞ്ഞു. 1342 കേസ്സുകൾകൂടി തീർപ്പാക്കിയാൽ 23000 ഏക്കർ ഭൂമി ഏറ്റെടുക്കാനും അത് ഭൂരഹിതർക്ക് വിതരണം ചെയ്യാനും കഴിയുമെന്നതാണ് ഇന്നത്തെ അവസ്ഥ. സംസ്ഥാനത്തെ ലാൻഡ് ബോർഡുകളെ നാല് മേഖലകളായി തിരിച്ച് ഓരോ മേഖലയും ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നൽകി വളരെ വേഗതയിൽ ആ പ്രവർത്തനം പൂർത്തീകരിക്കാൻ ലക്ഷ്യം വച്ചാണ്

നീങ്ങുന്നത്. വളരെ ഭാവനാപൂർണ്ണമായ ഒരു പദ്ധതിയാണ് ഇ-പട്ടയം. ഇത് നടപ്പാക്കുന്നതുവഴി പാവങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിനും അതുവഴി വ്യാജപട്ടയങ്ങൾ തടയുന്നതിനും സാധിക്കുന്നു. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന നിലയിലേക്കാണ് കടന്നുവരുന്നത്. യഥാർത്ഥത്തിൽ റവന്യൂ വകുപ്പ് ആധുനികവത്കരണം നടപ്പിലാക്കികൊണ്ടിരിക്കുന്നതിന്റെ ഭാഗമായി കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഡിജിറ്റൽ റീസർവ്വെ. 1966-ലാണ് സംസ്ഥാനത്ത് റീസർവ്വെ നടപടികളാരംഭിച്ചത്. പക്ഷേ ഇതുവരെ അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അൺസർവ്വെ നടക്കാത്ത സ്ഥലങ്ങൾപോലും നമ്മുടെ സംസ്ഥാനത്തുണ്ട്. 56 വർഷങ്ങൾ പിന്നിട്ടിട്ടും ഇനിയും സർവ്വെ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പരമ്പരാഗത രീതിയിൽ മുന്നോട്ടുപോയാൽ ഇനിയും നിരവധി വർഷങ്ങളെടുക്കും എന്നതിന്റെയടിസ്ഥാനത്തിലാണ് ഡിജിറ്റൽ റീസർവ്വെ നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഡിജിറ്റൽ റീസർവ്വെ നടപടികൾ സംസ്ഥാനത്ത്

ആരംഭിക്കുകയുണ്ടായി. അതിനാവശ്യമായ ജീവനക്കാരെ താല്ക്കാലികമായി നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽത്തന്നെ 1666 വില്ലേജുകളും സർവ്വെ നടപടികൾ പൂർത്തീകരിക്കാനുള്ള വിപ്ലവകരമായ നടപടികളുമായാണ് റവന്യൂ വകുപ്പ് മുന്നോട്ടുപോകുന്നത്.

യുണീക് തണ്ടപ്പേർ എന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മറ്റൊരു ശ്രദ്ധേയമായ ചുവടുവയ്പ്പാണത്. ഭൂപരിഷ്കരണം നടപ്പിലാക്കി 50 വർഷങ്ങൾ പിന്നിടുമ്പോഴും പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്നും അത് പിടിച്ചെടുക്കാൻ കഴിയാത്തത് മിച്ചഭൂമി കണ്ടെത്തുന്നതിന് മാർഗ്ഗമില്ലാത്തതുകൊണ്ടായിരുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിനാണ് രാജ്യത്ത് ആദ്യമായി യുണീക് തണ്ടപ്പേർ സംവിധാനം നടപ്പാക്കുന്നത്. ഇതോടുകൂടി പരിധിയിൽ കവിഞ്ഞ ഭൂമി കണ്ടെത്തുന്നതിനും മിച്ചഭൂമി ഏറ്റെടുക്കുന്നതിനും അത് ഭൂരഹിതർക്ക് വിതരണം നടത്തുന്നതിനും കഴിയുന്ന സാഹചര്യം ഉണ്ടാവുകയാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടാകുന്നു. ഇ-സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നു. അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത റവന്യൂ ഓഫീസുകൾ എന്ന രീതിക്ക്

മാറ്റം വരികയാണ്. നമ്മുടെ സംസ്ഥാനത്ത് 622 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുകയുണ്ടായി. ഈ വർഷം 200 വില്ലേജ് ഓഫീസുകൾകൂടി സ്മാർട്ടാകും. ഈ സർക്കാരിന്റെ കാലയളവിൽ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടു പോകുന്നത്.

മിത്രം ഓൺലൈൻ പോർട്ടൽ (MITRAM-Minister's Interactive, Transparent, Redressal and Assistance Mission) അപേക്ഷകർക്ക് സമയബന്ധിതമായി മറുപടി ആർ.ആർ. ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണിത്. ആർ.ആർ. സെൽ എന്ന സംവിധാനം രൂപീകരിച്ച് റവന്യൂ സെക്രട്ടേറിയറ്റ് എല്ലാ ചൊവ്വാഴ്ചയും യോഗം ചേരുകയും ഉന്നതരായ റവന്യൂ ഉദ്യോഗസ്ഥന്മാർ, സർവ്വെ ഉദ്യോഗസ്ഥന്മാർ എന്നിവരും യോഗം ചേർന്ന് റിവ്യൂ നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

ജില്ലാ റവന്യൂ അസംബ്ലി പ്രകാരം എല്ലാ എം.എൽ.എ.-മാരെയും രണ്ടുതവണയാണ് ഇപ്പോൾ വിളിച്ചുചേർത്തത്. ജില്ലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ട് എം.എൽ.എ. ഡാഷ്

ബോർഡ് രൂപീകരിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത് തീർച്ചയായും ഈ വകുപ്പിൽവന്ന മാറ്റത്തിന്റെ വലിയ കാര്യമായി നമുക്ക് കാണാൻ സാധിക്കും. ജനകീയവത്കരണം നടത്തുന്നതിന്റെ ഭാഗമായി വില്ലേജുതല ജനകീയസമിതികൾ രൂപീകരിച്ച് അതിന്റെ മോണിറ്ററിംഗ് സംവിധാനം വില്ലേജുതലത്തിൽ ഉയർന്നുവന്നതും ഒരു വലിയ മാറ്റമാണ്. ഭൂമിതരംമാറ്റലിന് രണ്ടരലക്ഷം അപേക്ഷകളാണ് ഈ കാലയളവിൽ പരിഹരിച്ചത്. ആ വകയിൽ തൊള്ളായിരം കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റിരണ്ട് രൂപ നമുക്ക് ലഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ആശ്വാസ് വാടക വീടുകൾ 5 വർഷത്തിനകം എല്ലാ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കാൻ പോകുകയാണ്.

ഡാമുകൾ നിറഞ്ഞുനിൽക്കുകയും അവയുടെ സ്റ്റോറേജ് കപ്പാസിറ്റി കുറയുകയുമാണ്. ഡാമുകളിലെ മണൽ എടുക്കാനും അത് നമ്മുടെ വരുമാനമാർഗ്ഗമാക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാകണം. അതോടൊപ്പം ഡിജിറ്റൽ സർവ്വെ നടക്കുന്നതിന്റെ ഭാഗമായി നദികളുടെയും പുഴകളുടെയും വാട്ടർ ലെവൽ പരിശോധന നടത്തി മണ്ണ് എടുക്കാനുണ്ടോ

എന്ന് പരിശോധിച്ചാൽ അത് നമുക്കൊരു വരുമാനമാർഗ്ഗമാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ അതൊരു വലിയ വരുമാനമാർഗ്ഗമായി വരുമെന്ന കാര്യത്തിൽ തർക്കമില്ല. കാരണം 50 വർഷത്തിനിടയ്ക്ക് അതിഭീകരമായ പ്രളയത്തിന്റെയും വരൾച്ചയുടെയും കാലയളവ് കടന്നുവരാൻ പോകുന്നുവെന്നാണ് പഠനം തെളിയിക്കുന്നത്. അതിൽ നൂറിലൊരു സംസ്ഥാനം കേരളമാണ്. അതുകൊണ്ട് സുഗമമായി നമ്മുടെ നദികളും പുഴകളും തോടുകളും ഒഴുകുന്നൊരു സംവിധാനം ഇതിന്റെ ഭാഗമായി ഉയർന്നുവരേണ്ടതുണ്ട് എന്നുകൂടി സൂചിപ്പിക്കുന്നു.

പ്രളയഫണ്ടിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൂടുതൽ പ്രളയസാധ്യതയുള്ള ഒരു സംസ്ഥാനവും ഏറ്റവും കൂടുതൽ സഹായങ്ങൾ നൽകുന്നൊരു സംസ്ഥാനവുമായ നമ്മളോട് കാണിക്കുന്ന ചിറ്റമ്മ നയത്തിനെതിരെ സംഘടിതമായി എതിർപ്പ് പ്രകടിപ്പിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ ഗ്രാമീണറോഡുകളും തകർന്നുപോയ റോഡുകളുമൊക്കെ പുനഃസൃഷ്ടിക്കാൻ കഴിയുകയുള്ളൂ. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് നേരത്തേ ഇവിടെ സൂചിപ്പിച്ചത് ഞാൻ അടിവരയിടുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ബെല്ലടിക്കുന്നതുകൊണ്ട്

സമയബന്ധിതമായി തീർക്കണമെന്ന ആഗ്രഹം എനിക്കുമുണ്ട്. അതുകൊണ്ട് നീട്ടിക്കൊണ്ടുപോകുന്നില്ല.

രജിസ്ട്രേഷൻ വകുപ്പ് ഏറ്റവും നവീകരിച്ച് മുന്നോട്ടുപോകുകയാണ്. പുതിയ കെട്ടിടങ്ങൾ ഉയരുന്നു. ഈ സംവിധാനത്തിലൂടെ ആർക്കും രജിസ്റ്റർ ചെയ്യാൻ കഴിയുന്ന നിലയിലേക്ക് വരുന്നുണ്ട്. അതിന്റെ ഭാഗമായി ശ്രീ. കെ. പി. മോഹനൻ സൂചിപ്പിച്ചതുപോലെ ആധാരമെഴുത്തുകാരുടെ പ്രശ്നങ്ങളൊക്കെയുണ്ട്. അത് പരിഹരിച്ച് നടപ്പിലാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഏതായാലും അതുകൂടി നമുക്ക് സഹായകരമായിരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എല്ലാം പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, V, VI, VII, XI, XXI, XXVI, XXVIII എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ നാടിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ ഓരോ വകുപ്പും ആവശ്യപ്പെടുന്ന ഡിമാന്റ് ഐകകണ്ഠ്യേനതന്നെ നമ്മൾ അംഗീകരിക്കേണ്ടതാണ്. ഇവിടെ പ്രതിപക്ഷം വ്യാജ ആരോപണങ്ങളും കളവുകളും പ്രചരിപ്പിച്ച് വാർത്തകളിലും മാധ്യമങ്ങളിലും ഇടംനേടാൻ

നോക്കുകയാണ്. ഗവൺമെന്റ് ആകട്ടെ, ജനക്ഷേമ പദ്ധതികൾ മുന്നോട്ടുവച്ച് ജനങ്ങളുടെ മനസ്സിൽ ഇടംനേടി മുന്നോട്ടുപോകുകയാണ്. ഇതാണ് ആ വ്യത്യാസം. കുറെ ആക്ഷേപങ്ങൾ ഇവിടെ ചൊരിയുന്നുണ്ടല്ലോ? ഈ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുക എന്നതാണ് കേന്ദ്രഗവൺമെന്റിന്റെ നിലപാട്. അക്കൂട്ടത്തിൽ, ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ സംസ്ഥാനത്തിനുവേണ്ടി സംസാരിച്ചപ്പോൾ കുറ്റപ്പെടുത്തുകയാണെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പ്രസംഗിച്ചു. എന്താണ് കാതലായ വിഷയം? നികുതി മുഴുവൻ കേന്ദ്രഗവൺമെന്റ് പിരിച്ചെടുക്കുന്ന സന്ദർഭത്തിൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം. പ്രത്യേകിച്ച് കോവിഡ് കാലമായപ്പോൾ സാമ്പത്തികമായി വലിയ നഷ്ടമാണ് സംഭവിച്ചത്. ആ നഷ്ടം നികത്തുന്നതിനുവേണ്ടി കോമ്പൻസേഷൻ കാലാവധി നീട്ടണം. എന്നാൽ കോമ്പൻസേഷൻ നിർത്തിവയ്ക്കുകയാണ്. അത് കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെതന്നെ ആവശ്യമാണ്. ആ ആവശ്യം ഉന്നയിക്കുന്നതിനുപകരം ഇല്ലാത്തൊരു തർക്കമുയർത്തി സംസ്ഥാനത്തെ പ്രതിക്കൂട്ടിലാക്കാൻ വേണ്ടിയുള്ള ചോദ്യമുന്നയിക്കുകയാണ്. അതെങ്ങനെയാണ് സംസ്ഥാന താൽപ്പര്യമാകുന്നത്? രാഷ്ട്രീയ

ദുഷ്ടലാക്കോട്ടുകൂടിയുള്ള നീക്കങ്ങളാണ് കേരളത്തിൽ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. പിന്നൊരു വ്യാമോഹമുണ്ട്; കമ്മ്യൂണിസ്റ്റുകാരുടെ അവസാന മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയനെന്ന് ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് പ്രസംഗത്തിൽ പറയുന്നത് കേട്ടു. അദ്ദേഹത്തിന്റെ സ്വപ്നം മാത്രമാണത്. ഇതുപോലൊരു സ്വപ്നം പണ്ടൊരു മാധ്യമ മുതലാളി കണ്ടിട്ടുണ്ട്. 100 വർഷക്കാലത്തേയ്ക്ക് ഇനി കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ വരില്ല എന്ന്. ബഹുമാനപ്പെട്ട എ.കെ. ആന്റണിയും പറഞ്ഞു. ഇതൊന്നുമല്ല കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചത്. ചരിത്രം പരിശോധിച്ചാൽ ഇതൊക്കെ മനസ്സിലാകും. അങ്ങനെ സ്വപ്നം കാണാനുള്ള അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അത് മലർപൊടിക്കാരന്റെ സ്വപ്നമായി മാത്രം അവശേഷിക്കുമെന്ന് കണ്ടുകൊള്ളണം. പ്രയാസങ്ങളെ അതിജീവിക്കാനും കോർപ്പറേറ്റ് വൽക്കരണം സൃഷ്ടിച്ച സാമ്പത്തിക അസമത്വത്തേയുമൊക്കെ അതിജീവിക്കാൻ ജനപക്ഷ ബദലുയർത്തി മാതൃക കാണിച്ച ഒരു ഗവൺമെന്റാണ് ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ. ലോകംമുഴുവനും അതിന്ന് അംഗീകരിക്കുകയാണ്. ആ ബദലുയർത്തിപ്പിടിച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകും. നികുതി

വർദ്ധിപ്പിച്ചുവെന്നുംപറഞ്ഞാണ് ഇവിടെ വലിയ ആക്ഷേപമുള്ളത്. കേരളത്തിലാദ്യമായിട്ടാണ് ഒരു ഗവൺമെന്റ് നികുതി വർദ്ധിപ്പിക്കുന്നതെന്ന ധ്വനിയിലാണ് പ്രചാരവേല നടത്തുന്നത്.

2015-ൽ നിയമസഭാംഗവും പിന്നീട് സ്പീക്കറുമായിരുന്ന ശ്രീ. പി. ശ്രീരാമകൃഷ്ണൻ സഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു: 'പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം തുക സംസ്ഥാനത്ത് ഈടാക്കി വരുന്നുണ്ട്; വിശദമാക്കാമോ?' അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടി നൽകിയ മറുപടി; 'പെട്രോൾ-ഡീസൽ എന്നിവയുടെമേൽ 31.80%, 24.52% യഥാക്രമം വിൽപ്പന നികുതി ചുമത്തിവരുന്നു. കൂടാതെ വിൽപ്പന നികുതിയിന്മേൽ ഒരു ശതമാനം സോഷ്യൽ സെക്യൂരിറ്റി സെസ്സും 01-04-2015 മുതൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വിൽപ്പന നികുതിയും ചുമത്തിവരുന്നു."

അടുത്തചോദ്യം; 'റോഡ്/ഹൗസിംഗ്/സൗജന്യ മരുന്ന് വിതരണം തുടങ്ങിയ ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് അധിക സെസ്സ്?' ഉത്തരം: 'ഈ ആവശ്യങ്ങൾക്കായി പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ യാതൊരു സെസ്സും ചുമത്തുന്നില്ല. ഹൗസിംഗ്, റോഡ് തുടങ്ങിയവയ്ക്കായി ലിറ്ററിന് ഒരു

രൂപ അധിക നികുതിയാണ് ചുമത്തുന്നത്. ഇത് 01-04-2015 മുതൽ നിലവിൽ വന്നു.' കോവിഡും പ്രളയവും സൃഷ്ടിച്ച സാമ്പത്തിക പ്രയാസങ്ങളൊന്നുമില്ലാത്ത കാലത്ത്, നിങ്ങളുടെ മുഖ്യമന്ത്രി പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ ചുമത്തിയ നികുതിയുടെ കാര്യമാണിത്. നിങ്ങളുടെ സർക്കാർ നൽകിയ രേഖയിലുള്ള മറുപടിയാണിത്. ഇത് ആദ്യത്തെ സംഭവമാണോ? രണ്ടുരൂപ നികുതി ചുമത്തിയതുകൊണ്ടാണ് വിലക്കയറ്റം ആകമാനമുണ്ടായതെന്ന് പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്; പെട്രോളിന്റെയും ഡീസലിന്റെയും വില 116 രൂപവരെയാകുമ്പോൾ അതല്ല വിലക്കയറ്റം സൃഷ്ടിച്ചത്? 62 ലക്ഷം കുടുംബങ്ങൾക്ക് സാമൂഹികക്ഷേമ പെൻഷൻ മുടങ്ങാതിരിക്കാൻ നിവർത്തികേടുകൊണ്ട്, ഈ ഗവൺമെന്റിന് ലിക്വറിനും പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മാത്രമെ നികുതി ചുമത്താൻ കഴിയുകയുള്ളൂ. അങ്ങനെ നികുതി ചുമത്തിയപ്പോഴാണ് നിങ്ങൾക്ക് കൊണ്ടിളകുന്നത്. ഇപ്പോൾ പാചക വാതകത്തിന് വില വർദ്ധിപ്പിച്ചിട്ട് നിങ്ങൾക്ക് എന്തെങ്കിലും ന്യായമുണ്ടോ? നമുക്കെല്ലാം ഒരു ധാരണയുണ്ട്, പെട്രോളിയം ഉൽപ്പന്നങ്ങളുടെയും പാചക വാതകത്തിന്റെയുമടക്കമുള്ള സാധനങ്ങളുടെ വില നിയന്ത്രിക്കാനുള്ള അവകാശം കേന്ദ്ര

ഗവൺമെന്റിനില്ലായെന്ന്. അങ്ങനെ പറയാൻ സാധിക്കുമോ? ഇപ്പോൾ മൂന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് വന്നപ്പോൾ തെരഞ്ഞെടുപ്പിന്റെ വോട്ടിംഗ് കഴിഞ്ഞ് പെട്ടിയിലാകുന്നതുവരെ ഒരു നികുതിയും വർദ്ധിപ്പിച്ചില്ല. അപ്പോൾ ഗവൺമെന്റും കോർപ്പറേറ്റുകളും തമ്മിലുള്ള അന്തർധാരയ്ക്ക് കേന്ദ്ര സർക്കാരിൽ ഒരു കുറവുമില്ല. മുമ്പ് ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് നടന്നപ്പോഴും ഇതായിരുന്നു സ്ഥിതി. തെരഞ്ഞെടുപ്പ് കഴിയുംവരെ കാത്തുനിൽക്കും. ഇതൊന്നുമല്ല വിലക്കയറ്റം സൃഷ്ടിക്കുന്നതെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ യു.ഡി.എഫ്. ഇറങ്ങിപ്പുറപ്പെടാമോ? നിങ്ങൾ ജനങ്ങളിൽനിന്നും ഒറ്റപ്പെട്ടുപോകുമെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

പിന്നെ ഇവിടെ പറയുന്ന മറ്റൊരു കാര്യം സംസ്ഥാന സർക്കാരിനും എൽ.ഡി.എഫിനും കറുപ്പിനെ പേടിയാണെന്നാണ്. ഞങ്ങൾക്ക് കറുപ്പിനേയും കാവിയേയുമൊന്നും പേടിയില്ല, അതിനെയെല്ലാം നിങ്ങൾക്കാണ് ഭയം. ഇനി കരിങ്കൊടി കാണിച്ച് പ്രതിഷേധ പ്രകടനം നടത്തിയാൽ സ്വാഭാവികമായും നിയമ നടപടിയുണ്ടാകും. ഇവിടെ നടക്കുന്നത് അതാണോ? പലരും പറയുന്നത് ഇവിടെ നടക്കുന്നത്

ചാവേറാക്രമണവും ഒളിപ്പോരുമാണെന്നാണ്. ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളിലേയ്ക്ക് ചാടിച്ചാവാൻ പുറപ്പെട്ടാൽ അത്തരം ആളുകളെ ചാകാൻ അനുവദിക്കില്ല, പോലീസ് ഇടപെടും. ചാടിച്ചാകാൻ സമ്മതിക്കില്ല. അതുതന്നെയാണ് ഞങ്ങളുടെയും നിലപാട്. കരിങ്കൊടി പ്രദർശിപ്പിക്കുന്നവരെ നിങ്ങൾ ആദ്യമായിട്ടാണോ കാണുന്നത്? നിങ്ങളുടെ കാലത്ത് എന്തായിരുന്നു സമീപനം? ഇവിടെ പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് അക്കാര്യം സൂചിപ്പിച്ചതുമാണ്. 2011-ൽ അന്ന് നിയമസഭാംഗവും  ഇന്ന് ദേവസ്വം വകുപ്പിന്റെകൂടി ചുമതല വഹിക്കുന്നതുമായ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ  അതുമായി ബന്ധപ്പെട്ട് ചോദിച്ച ചോദ്യവും ഉത്തരവും നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം ചോദിച്ചത്: 'വയനാട്ടിൽ മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട്, സുരക്ഷാ സംവിധാനങ്ങളുടെ പേരിൽ ആദിവാസി സ്ത്രീയുടെ കച്ചയഴിപ്പിച്ച പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?' അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടി നൽകിയ മറുപടി: '16-09-2011-ലെ മുഖ്യമന്ത്രിയുടെ വയനാട് ജില്ലാ സന്ദർശനവേളയിൽ കൽപ്പറ്റ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽവച്ച് മുഖ്യമന്ത്രിക്ക് നിവേദനം നൽകാൻ

വേദിയിലേയ്ക്കുപോയ ആദിവാസി സ്ത്രീകളിൽ മൂന്നുപേർ മേൽവസ്ത്രത്തിനുപുറമെ കറുത്ത തുണി അരയിൽ കച്ചയായി ധരിച്ചിരുന്നതായി കാണപ്പെട്ടു. മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച് അവഹേളിക്കാനുള്ള സാധ്യത കണക്കിലെടുത്ത്, സുരക്ഷാപരമായ കാരണങ്ങളാൽ തൽക്കാലത്തേയ്ക്ക് കച്ച ഒഴിവാക്കാൻ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് പറഞ്ഞു' എല്ലാ കാലങ്ങളിലും പോലീസ് ഇതുപോലുള്ള നടപടികൾ സ്വീകരിക്കും. ഇങ്ങനെ പ്രതിഷേധങ്ങൾ ആഹ്വാനം ചെയ്യുമ്പോൾ സ്വാഭാവികമായും വരുന്ന മന്ത്രിമാരുടെ, അത് മുഖ്യമന്ത്രിയായാലും മറ്റ് മന്ത്രിമാരായാലും അവരുടെ സുരക്ഷയ്ക്കായി പോലീസ് ഇടപെടും. അതിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? ഇതിന്റെ ഉത്തരവാദി നിങ്ങളാണ്. രണ്ടുംമൂന്നും ആളുകളെ കൊടിയും പിടിച്ച്, ഓടുന്ന വണ്ടിയുടെ മുന്നിലേയ്ക്ക് ചാടാനായി എറിഞ്ഞുകൊടുക്കുന്നത് നിങ്ങളല്ലേ? ചാടട്ടെയെന്നാണോ നിങ്ങളുടെ പക്ഷം. ഇത്തരത്തിലാണ് നിങ്ങളുടെ പ്രചാരവേലകൾ മുന്നോട്ടുപോകുന്നതെന്ന് കാണാതെ പോകരുത്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം പറഞ്ഞ് ഈ ഗവൺമെന്റിന്റെ സ്വീകാര്യതയും ജനകീയതയുമൊന്നും നിങ്ങൾ തകിടം മറിക്കാൻ നോക്കണ്ട.

ഞങ്ങൾക്ക് കൊടികളെയൊന്നും ഭയമില്ല. ഞങ്ങൾക്ക് ജനങ്ങളെ ഭയമുണ്ട്, അവരെ വിശ്വാസവുമുണ്ട്. ഞങ്ങൾക്ക് ജനങ്ങൾ നൽകുന്ന പിന്തുണയിലും ആത്മവിശ്വാസത്തിലുമാണ് ഓരോ നടപടികളുമായി മുന്നോട്ടുപോകുന്നത്. സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്ര ഗവൺമെന്റ്, അതിന് കൂട്ടുപിടിക്കാൻ നിങ്ങൾ, വ്യാജ പ്രചരണങ്ങൾ, മുഖ്യമന്ത്രിയെ ആക്രമിക്കുന്നു, മുഖ്യമന്ത്രിയുടെ കുടുംബാംഗങ്ങൾക്കെതിരെവരെ ആക്ഷേപമുയർത്തുന്നു. വാർത്തകളിൽ പേരുവരാൻ നിങ്ങൾക്ക് അത്തരം പ്രവൃത്തികൾ ഉതകും. പക്ഷെ ജനങ്ങളുടെ മനസ്സിൽനിന്നും നിങ്ങൾ അനുദിനം അകന്നുപോകുന്നുവെന്നുള്ള വസ്തുത മറന്നുപോകരുതെന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ഓരോ വകുപ്പിന്റെയും കാര്യം ഇവിടെ എല്ലാവരും പറഞ്ഞതാണ്. റവന്യൂ വകുപ്പ്, 54,535 പട്ടയങ്ങളാണ് വിതരണം ചെയ്തത്.

" പാമ്പുകൾക്കുമാളമുണ്ട്

പറവകൾക്കാകാശമുണ്ട്

മനുഷ്യ പുത്രനു തല ചായ്ക്കാൻ

മണ്ണിലിടമില്ലാ" എന്നുള്ള അവസ്ഥയിൽനിന്നും എല്ലാവർക്കും ഭൂമിയും എല്ലാ ഭൂമിക്കും രേഖയുമുണ്ടാകുന്ന കാലത്തിലേയ്ക്ക് ഈ കേരളത്തിനെ

മാറ്റിയെടുത്തെങ്കിൽ അതിന്റെ എല്ലാ ക്രെഡിറ്റും അവകാശപ്പെടുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനാണ്, പിണറായി വിജയൻ ഗവൺമെന്റിനാണ്, റവന്യൂ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി, ബഹുമാനപ്പെട്ട കെ. രാജനാണ്. വളരെ ചടുലമായി അതിന്റെ ഓരോ കാര്യവും ഞാൻ പറയുന്നില്ല. അതുപോലത്തന്നെ രജിസ്ട്രേഷൻ വകുപ്പിൽ ആധുനികവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണത്തിലൂടെ, നവീനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ സേവനങ്ങൾ യഥാക്രമം ജനങ്ങളിലെത്തുകയാണ്. ദേവസ്വം വകുപ്പിനെ സംബന്ധിച്ച്, ഇത്രയധികം വിശ്വാസ്യത സംരക്ഷിച്ച, ക്ഷേത്രങ്ങൾ സംരക്ഷിച്ച ഒരു കാലമുണ്ടോ? കഴിഞ്ഞ ശബരിമല തീർത്ഥാടനകാലം നിങ്ങൾ ഓർത്തുനോക്കൂ, ഒരു കുഴപ്പവുമുണ്ടായില്ല. യാതൊരു ആക്ഷേപവും കേൾക്കാതെ ശബരിമല തീർത്ഥാടനം അവസാനിപ്പിക്കാൻ കഴിഞ്ഞുവെങ്കിൽ ഈ ഗവൺമെന്റ് നടത്തിയ നല്ല പ്ലാനിംഗ് കൊണ്ടാണത്. അങ്ങനെ ഓരോ വകുപ്പിലും ജനങ്ങൾക്ക് ആവശ്യമുള്ള കാര്യങ്ങൾ മനസ്സിലാക്കി, ക്രമീകരണങ്ങൾ നടത്തി സുശക്തമായി രാജ്യത്തിന് മാതൃകയായി മുന്നോട്ടുപോകുന്ന ഈ

ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർക്കാരിന്റെ പിടിപ്പുകേടിനും ധനകാര്യ കെടുകാര്യസ്ഥതയ്ക്കും ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്ന ഒരു ബഡ്ജറ്റാണ്. ഇതിന്റെ ഏറ്റവും വലിയ തെളിവ്, സർക്കാരിന്റെ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്), 2021 ഡിസംബറിൽ പുറത്തിറക്കിയ 'കേരള ഇക്കണോമി' എന്ന പ്രസിദ്ധീകരണത്തിലെ ഒരു ലേഖനത്തിൽ വളരെ കൃത്യമായി പരാമർശിച്ചിട്ടുണ്ട്, 'Why Kerala is not collecting comfortable revenue from GST despite ranked first in per capita consumption of goods and services among all states as debited by NSSO data.' എൻ.എസ്.എസ്.ഒ. ഡാറ്റാ പ്രകാരം യഥാർത്ഥത്തിൽ ഐ.ജി.എസ്.ടി.-യുടെ ഏറ്റവും കൂടിയ വരുമാനം ലഭിക്കേണ്ടിയിരുന്നൊരു സംസ്ഥാനമാണ് കേരളം. അതിന് കാരണം നമ്മുടേതൊരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലാണ്. എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. റേഷ്യോ രണ്ട്, മൂന്ന്

എന്ന അനുപാതത്തിലാണ് വരുന്നത്. രണ്ട്, മൂന്ന് എന്ന അനുപാതത്തിൽ വരുമ്പോൾ 50,000 കോടി രൂപ എസ്.ജി.എസ്.ടി. കളക്ട് ചെയ്യുകയാണെങ്കിൽ 75,000 കോടി രൂപ ഐ.ജി.എസ്.ടി.-യായി നമുക്ക് ലഭിക്കേണ്ടിയിരുന്നതാണ്. എന്നാൽ അത് നമുക്ക് ലഭിച്ചിട്ടില്ല. എന്താണതിന് കാരണം? ജി.എസ്.ടി. രാജ്യത്ത് നടപ്പിലാക്കി. ബഹുമാന്യനായ കെ. എൻ. ബാലഗോപാലിന്റെ ഈ പ്രയാസങ്ങളുടെ പൂർണ്ണ ഉത്തരവാദി അദ്ദേഹമല്ല. അദ്ദേഹത്തിന്റെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക് കാണിച്ച ധനകാര്യ മിസ്മാനേജ്മെന്റിന്റെ കെടുതി അനുഭവിക്കാൻ ബാദ്ധ്യസ്ഥനായൊരു ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ. പൂർണ്ണമായും അദ്ദേഹത്തിന്റെ ദുരിതമല്ല അദ്ദേഹം അനുഭവിക്കുന്നത്. കാരണം ഡോ. ടി. എം. തോമസ് ഐസക് അന്ന് 25 മുതൽ 30 ശതമാനം വരെ വളർച്ചയുണ്ടാകുമെന്നൊക്കെ പറഞ്ഞതാണ്. പക്ഷെ യഥാർത്ഥത്തിൽ 25000 കോടി രൂപയുടെ നഷ്ടമാണ് ഐ.ജി.എസ്.ടി.-യുടെ വരുമാനത്തിൽനിന്നും ജി.എസ്.ടി.-യുടെ ഒരു സിസ്റ്റം ഉണ്ടാക്കുന്നതിൽ നമുക്കുണ്ടായത്. 2011-12-ൽ 22.64 ആയിരുന്നു റവന്യൂ റെസീപ്റ്റിന്റെ ഗ്രോത്ത് റേറ്റ്, അത് 2012-13-ൽ 11 ആയിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് റവന്യൂ റെസീപ്റ്റിന്റെ ഗ്രോത്ത് റേറ്റ് രണ്ടക്കത്തിൽ താഴെ വന്നിട്ടില്ല. കഴിഞ്ഞ 6 വർഷക്കാലവും രണ്ടുതവണ മാത്രമാണ് രണ്ടക്കം കടന്നത്. 2019-20-ൽ അത് -2.83 വന്നു, നെഗറ്റീവ് ഗ്രോത്ത് കാണിക്കുന്ന സ്ഥിതിപോലും റവന്യൂ റെസീപ്റ്റിന്റെ ഗ്രോത്ത് റേറ്റിന്റെ കാര്യത്തിലുണ്ടായിട്ടുണ്ട്. ഇന്ന് അങ്ങ് അനുഭവിക്കുന്ന ഈ പ്രയാസങ്ങൾക്ക് പൂർണ്ണ ഉത്തരവാദി അങ്ങല്ലെങ്കിൽപ്പോലും ഈ സംസ്ഥാനവും ഇവിടത്തെ ജനങ്ങളും അതിന്റെ കെടുതികൾ അനുഭവിക്കുകയാണ്. 12.5 ശതമാനം ജി.ഡി.പി. വളർച്ച ബഡ്ജറ്റിലും അങ്ങ് പറഞ്ഞു, അതിന്റെ കണക്കുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിന്റെ സ്റ്റാറ്റിസ്റ്റിക്സിലേയ്ക്ക് പോകുന്നില്ല. 12.5 ശതമാനം ജി.ഡി.പി. വളർച്ചാനിരക്ക് കാണിക്കുന്നത് റിയൽ ആണെങ്കിൽ അത് ഇക്കോണമിയിൽ റിഫ്ലക്ട് ചെയ്യേണ്ടതല്ലേ? അങ്ങനെ ഇക്കോണമിയിൽ റിഫ്ലക്ട് ചെയ്യുണമെങ്കിൽ ഈ പാവങ്ങളുടെ കയ്യിൽനിന്നും എന്തിനാണ് 2 രൂപ സെസ്സ് വാങ്ങുന്നത്; എന്തിനാണ് എല്ലാ നികുതിയും വർദ്ധിപ്പിക്കുന്നത്? 12.5 ശതമാനം വളർച്ചാനിരക്ക് റിയൽ ഗ്രോത്താണെങ്കിൽ പിന്നെ ഇതിന്റെയൊന്നും ആവശ്യമില്ലല്ലോ? ജനങ്ങളുടെ മുൻപിൽ നിങ്ങൾ ഇത്രയും

അൺപോപ്പുലർ ആകുകയില്ലല്ലോ; അതിൽ ശ്രീ. നരേന്ദ്ര മോദി കാണിക്കുന്നതുപോലെ ഒരു മാജിക്ക് ഈ ജി.ഡി.പി. വളർച്ചയുമായി ബന്ധപ്പെട്ടുള്ള കണക്കുകളിലുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സാമൂഹ്യ പെൻഷൻ കൊടുക്കുന്നതിന്റെ ഭാഗമായി ഇതെല്ലാം ചെയ്യേണ്ടിവരുമെന്ന് ഇവിടെ എല്ലാവരും പറയുന്നു. നിങ്ങളുടെ കാലത്ത് ഇതൊന്നും ഉണ്ടായിരുന്നില്ലെന്ന് ഇന്ന് പ്രസംഗിച്ച ആളുകൾ പറയുകയുണ്ടായി. ഇവിടെ ലോക്കൽ കമ്മിറ്റി സെക്രട്ടറി മുതൽ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിവരെ ആവർത്തിച്ചുപറയുന്ന, സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന കാര്യം ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 18 മാസം സാമൂഹ്യ പെൻഷൻ കുടിശ്ശികയായിരുന്നുവെന്നാണ്. എന്ത് രേഖയുടെ അടിസ്ഥാനത്തിലാണ് ഇത് പറയുന്നതെന്ന് മനസ്സിലാകുന്നില്ല. എന്റെ കയ്യിലുള്ളത് മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്, നിയമസഭയിൽ ശ്രീ. കെ. ദാസൻ, എം.എൽ.എ.-യ്ക്ക് കൊടുത്ത മറുപടിയാണ്. ചോദ്യം, മുൻസർക്കാരിന്റെ കാലത്ത് അവശവിഭാഗങ്ങൾക്കുള്ള ക്ഷേമ പെൻഷനുകൾ പലതും കുടിശ്ശികയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എത്ര മാസത്തേയ്ക്ക് കുടിശ്ശികയായെന്ന്

വ്യക്തമാക്കാമോ? മറുപടി, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകതൊഴിലാളി പെൻഷൻ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2014 ഡിസംബർ വരെയുണ്ട്, മൂന്ന് മാസത്തേതാണ്. മറ്റ് ക്ഷേമ പെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നിവയുടെ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2015 ജനുവരി വരെ, അപ്പോൾ 4 മാസത്തെ കുടിശ്ശികയുണ്ട്. അതിന്റെ കാരണം അദ്ദേഹം പറയുന്നുണ്ട്. ഇത് ഡി.ബി.റ്റി.-യിലേയ്ക്ക് പെൻഷൻ പദ്ധതിപ്രകാരം പെൻഷൻ അനുവദിക്കപ്പെട്ട ഉപഭോക്താവിന്റെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതിന്റെ കാലതാമസം ഉണ്ടായതിനാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച കാലയളവിനേക്കാൾ കുടിശ്ശികയുണ്ട്. മൊത്തം കുടിശ്ശിക 1000 കോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ രണ്ടാമത് ഞാനെടുക്കുന്ന തെളിവ്, ഈ നിയമസഭയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള വൈറ്റ് പേപ്പറാണ്. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നിയമസഭയിൽ ടേബിൾ ചെയ്ത വൈറ്റ് പേപ്പറിൽ പറയുന്നത്, അടിയന്തരവും ഹ്രസ്വകാല ബാദ്ധ്യതകളും...., തീർക്കേണ്ട ബാദ്ധ്യതകളായി പറയുന്നത്

6302 കോടി രൂപയാണ്. അതിൽ സാമൂഹ്യസുരക്ഷാ പെൻഷനായി പറയുന്നത് 800 കോടി രൂപയാണ്. ഇത് നിയമസഭയിൽ ഡോ. ടി. എം. തോമസ് ഐസക് വച്ച വൈറ്റ് പേപ്പറാണ്. 800 കോടി രൂപയെന്ന് പറയുമ്പോൾ ക്ഷേമ പെൻഷന്റെ എത്രമാസത്തെ കുടിശ്ശികയാണ്? ഡോ. ടി. എം. തോമസ് ഐസക്, മുൻ എം.എൽ.എ., ശ്രീ. കെ. ദാസന് കൊടുത്ത ചോദ്യത്തിനുത്തരം കറക്ടാകുന്നതാണ് ഈ വൈറ്റ് പേപ്പറിൽ പറയുന്നത്. ഇവിടെ പറയുന്ന രണ്ടാമത്തെ കാര്യം, ഇപ്പോൾ പുതുതായി സേവന വെബ്സൈറ്റിൽ നോക്കിയപ്പോൾ 52 കോടി രൂപയാണ് സാമൂഹ്യ പെൻഷന് കൊടുത്തത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് സാമൂഹ്യ പെൻഷൻ ആകെ കൊടുത്തിരുന്നത് 12.9 ലക്ഷം ആണ്. അത് 2016 ആയപ്പോൾ, ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ 34.47 ശതമാനമായി. അതായത് 166 ശതമാനത്തിന്റെ വർദ്ധനവ്. ഇപ്പോൾ അത് 52 ആയി, 51 ശതമാനത്തിന്റെ വർദ്ധനവ്. 12 കോടിയിൽ നിന്നും 34 കോടിയിലേയ്ക്ക് വന്നപ്പോൾ 166 ശതമാനത്തിന്റെ വർദ്ധനവാണ് അതിൽ വരുത്തിയത്. 2010-ലെ സർക്കാർ ഉത്തരവാണ്. ഡോ. തോമസ് ഐസക് 7 ബഡ്ജറ്റ്

അവതരിപ്പിക്കുമ്പോഴും 300 രൂപയാണ് പെൻഷൻ ഉണ്ടായിരുന്നത്, അതിൽ 5 ബഡ്ജറ്റ് വരെ 250 രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 250 രൂപയിൽനിന്ന് 300 രൂപയായി വർദ്ധിപ്പിച്ച 2010-ലെ ഓർഡറാണ്. ഞങ്ങൾ 2011-ൽ തന്നെ 300 രൂപ 400 രൂപയായി വർദ്ധിപ്പിച്ചു. ഇതെല്ലാം മേശപ്പുറത്ത് വയ്ക്കുന്ന സർക്കാരിന്റെ ഉത്തരവുകളാണ്. 400 രൂപയിൽനിന്നും 900 രൂപയായി വർദ്ധിപ്പിച്ചു. അതുകഴിഞ്ഞ് 75 വയസ്സുകഴിഞ്ഞവർക്ക് 1500 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചു. 23-09-2020-ലെ ഉത്തരവാണ് ഞാൻ വായിക്കുന്നത്. (.....ബഹളം.....) പ്രസംഗത്തിൽ ഇതുവരെ ആരും ഇടപെട്ടിട്ടില്ല. രാവിലെ എന്റെ അടിയന്തരപ്രമേയ പ്രസംഗത്തിലും ബഹളമുണ്ടാക്കി. ഇപ്പോൾ സാമൂഹ്യ പെൻഷനെക്കുറിച്ചുള്ള എന്റെ പ്രസംഗം ഇവർ തടസ്സപ്പെടുത്തുകയാണ്. 2020-ലെ ഈ ഗവൺമെന്റിന്റെ ഉത്തരവിൽ പറയുന്നത്, വാർദ്ധക്യകാല പെൻഷൻ 75 വയസ്സിന് മുകളിലുള്ളവർക്ക് വർദ്ധിപ്പിച്ച നിരക്ക് 1500 രൂപയാണ്. 01-04-2016-ൽ ശ്രീ. പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുണ്ടോ? മെയ് മാസത്തിലാണ് നിങ്ങൾ അധികാരത്തിൽ വന്നത്. ഞങ്ങൾ 18 മാസം കുടിശ്ശികയാക്കിയിട്ടുണ്ടെങ്കിൽ ഏതെങ്കിലും മന്ത്രി....., ഞാൻ ഇത്രയും രേഖകൾ മേശപ്പുറത്തുവച്ചു. 18

മാസത്തെ കുടിശ്ശികയുടെ ഏതെങ്കിലും രേഖ ഈ നിയമസഭയിൽ ടേബിൾ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

മി. സ്പീക്കർ: നാല് മന്ത്രിമാരുടെ മറുപടിയുണ്ട്. 30 മിനിറ്റാണ്, മന്ത്രിമാർ മറുപടി പറയുമ്പോൾ ചുരുക്കി അവതരിപ്പിച്ചാൽ, പ്രത്യേകിച്ച് ആറ്റുകാൽ പൊങ്കാലയുടെ തിരക്ക് നഗരത്തെ ബാധിച്ചുകൊണ്ടിരിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ വളരെ ചുരുക്കി മറുപടി പറയാം. വീണ്ടും സഭയിൽ സംസാരിക്കാൻ ഈ സെഷനിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് അവസരമുണ്ട്. നേരത്തെ പറഞ്ഞതാണെങ്കിലും എത്ര പറഞ്ഞാലും പഴയ അതേ കാര്യങ്ങൾതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുന്നൊരു പ്രതിപക്ഷമാണെന്നുള്ളതുകൊണ്ട് കുറച്ച് കാര്യങ്ങൾ പറയാതിരിക്കാനും കഴിയില്ല, എല്ലാം ഞാൻ പറയുന്നില്ല. എത്ര പറഞ്ഞാലും അതേ കാര്യങ്ങൾ ആവർത്തിക്കുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇപ്പോൾ സംസാരിച്ച കാര്യങ്ങൾ നേരത്തെ എത്രയോ തവണ പറഞ്ഞതാണ്. ഡോ. ടി. എം. തോമസ് ഐസക് ഉള്ള

സമയത്തെതന്നെ 18 മാസത്തെ കുടിശ്ശികയുടെ കാര്യങ്ങളൊക്കെ പറഞ്ഞതാണ്. അങ്ങ് ഈ കണക്കൊക്കെ മേശപ്പുറത്ത് വച്ചോളൂ. ഞാൻ പറഞ്ഞു തുടങ്ങിയതേയുള്ളൂ. ഞാൻ തിരിച്ചുപോകാൻ ട്രെയിനൊന്നും ബുക്ക് ചെയ്തിട്ടില്ല, ഫ്ലൈറ്റും ബുക്ക് ചെയ്തിട്ടില്ല. ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുകൊണ്ട് അധികം ദീർഘിപ്പിച്ച് പറയുന്നത് ശരിയല്ല. ഈ ബഡ്ജറ്റിന്റെ ഭാഗമായി പറഞ്ഞ കാര്യങ്ങളിൽ വീണ്ടുംവീണ്ടും പറഞ്ഞിട്ടെന്താണ് കാര്യം? സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കുന്നത് 62 ലക്ഷം പേർക്കാണെന്നുള്ളതിൽ തർക്കമുണ്ടോ; ഏകദേശം 11000 കോടി രൂപയാണ് സംസ്ഥാനത്ത് ഒരുവർഷം കൊടുക്കേണ്ടതെന്നുള്ളതിന് തർക്കമുണ്ടോ; ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 3500 കോടി രൂപയാണ് ഒരു വർഷം കൊടുക്കേണ്ടിയിരുന്ന ബാദ്ധ്യതയെന്നുള്ളതിന് തർക്കമുണ്ടോ? ഇതൊക്കെ കണക്കുകളാണല്ലോ. ഈ കണക്കുകളെല്ലാം ഉള്ളതാണ്. കുടിശ്ശികയുണ്ടെന്ന് അന്നത്തെ വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, പറഞ്ഞ മറുപടി പലതവണ ഈ സഭയിൽ എടുത്തു പറഞ്ഞതാണ്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ

പ്രവർത്തനങ്ങൾ വേണ്ടത്ര എഫിഷ്യന്റല്ലെന്ന് പറഞ്ഞ് സ്ഥാപിക്കാൻ ശ്രമിച്ചാൽ ആർക്കാണ് ഗുണമുണ്ടാകുക? കഴിഞ്ഞ നാലഞ്ച് വർഷക്കാലത്തെ വരുമാനം, അതിൽ 2019-20-ലുണ്ടായ വരുമാന വർദ്ധനവിന്റെ കണക്ക്, അന്ന് നെഗറ്റീവ് ഗ്രോത്തായിരുന്നുവെന്ന് ഇവിടെ പറഞ്ഞു. ഇന്ത്യയിൽ അല്ല ലോകം മുഴുവൻ അടച്ചുകിടന്ന കോവിഡ് കാലത്ത്, ലോക ഇക്കോണമിയാകെ തകർന്ന സമയത്താണ് ഈ പറയുന്ന നെഗറ്റീവ് ഗ്രോത്തുണ്ടായത്. ബഡ്ജറ്റിലുള്ളതല്ലേ, നെഗറ്റീവ് ഗ്രോത്തുണ്ട്. 2019-20-ൽ ലോകമാകെ തകർന്നുകിടക്കുന്ന സമയത്ത് നെഗറ്റീവ് ഗ്രോത്താണ്. പക്ഷെ അന്ന് ലോകത്തെ ഏറ്റവും വലിയ മുതലാളിത്ത രാജ്യമായ അമേരിക്കയിൽ ആംബുലൻസുകളിൽ, വാഹനങ്ങളിൽ ശവശരീരങ്ങൾ അടക്കംചെയ്യാതെ ക്യൂവായി കിടക്കുകയും വല്ലാത്ത അവസ്ഥ വരികയും രോഗികൾ റോഡിലിറങ്ങി നടക്കുകയും ചികിത്സ കിട്ടാതെ വരികയും ചെയ്യുന്ന സമയത്ത്, ഈ കൊച്ചുകേരളത്തിൽ ആ സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോൾ ഒരാൾക്കും അങ്ങനെ ദുരിതം വരാതെ കാത്തുസൂക്ഷിച്ച്, എല്ലാ വീട്ടിലേയ്ക്കും ഭക്ഷണമടക്കം എത്തിക്കുന്നൊരു ഗവൺമെന്റുണ്ടായിരുന്നുവെന്നത് കേരളത്തിന്റെ പ്രത്യേകതയാണ്.

അന്നത്തെ ആ സാമ്പത്തിക സ്ഥിതിപോലും കാണാതെ അന്ന് ഇങ്ങനെയായിരുന്നുവെന്ന് പറഞ്ഞിട്ടെന്താണ് കാര്യം? ഇന്ത്യയുടെ ആകെയുള്ള സംസ്ഥാനങ്ങളുടെ കണക്കെടുക്കുമ്പോൾ റവന്യൂ വരുമാനത്തിൽ 5-ാം സ്ഥാനം കേരളത്തിനുണ്ടെന്ന് പല അംഗങ്ങളും പറഞ്ഞു. കേരളത്തിന് മുൻകാലങ്ങളിൽ ആകെ കിട്ടിയിരുന്ന റവന്യൂ വരുമാനം 55% ആയിരുന്നെങ്കിൽ ഇപ്പോൾ 63% റവന്യൂ വരുമാനവും സംസ്ഥാനം സ്വന്തമായുണ്ടാക്കുന്നതാണ്. കേരളത്തിനെപ്പോലതന്നെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ മഹാരാഷ്ട്രയും കർണ്ണാടകയും തമിഴ്നാടും തെലുങ്കാനയുമുണ്ട്. ഞാൻ സംസ്ഥാനങ്ങളെ തമ്മിൽ താരതമ്യപ്പെടുത്താൻ ശ്രമിക്കുകയല്ല. ഉത്തർപ്രദേശിന്റെ റവന്യൂ വരുമാനത്തിന്റെ 33% മാത്രമേ സംസ്ഥാനത്തിന്റെ സ്വയാർജ്ജിത വരാമാനമുള്ളൂ, ബാക്കി തുക മുഴുവൻ പലതരത്തിലുള്ള ഗ്രാന്റുകളായി ലഭിക്കുന്നതാണ്. എന്നിട്ടും ഇക്കാര്യങ്ങളെല്ലാം ചർച്ചചെയ്യുമ്പോൾ നമുക്കാർക്കും എന്തുകൊണ്ട് പൊള്ളുന്നില്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുന്നുവെന്നത് ശരിതന്നെയാണ്. ഇതെല്ലാം നശിച്ചുപോകട്ടേയെന്ന നിലയിൽ നിങ്ങൾ സംസാരിക്കുന്നത് ഒരിക്കലും

യു.ഡി.എഫ്. അധികാരത്തിലേയ്ക്ക് വരില്ലെന്നതുകൊണ്ടല്ലേ; കേരളത്തിലെ അവസാനത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റെന്ന് നിങ്ങൾ രാവിലെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി പറഞ്ഞില്ലേ? യഥാർത്ഥത്തിൽ നിങ്ങൾ അങ്ങനെ വിശ്വസിക്കുന്നില്ലെന്ന് മാത്രമല്ല, നിങ്ങൾ ഇനിയൊരിക്കലും അധികാരത്തിലേയ്ക്ക് വരില്ലെന്നും നിങ്ങൾക്കറിയാം. 'മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണുനീര് കണ്ടാൽമതി' എന്ന തരത്തിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതി ആകെ തകരട്ടേ, തകരട്ടേ, തകരട്ടേ എന്നുപറഞ്ഞുകൊണ്ടുള്ള ഇടപെടൽ നിങ്ങൾ നടത്തുന്നത് അതുകൊണ്ടല്ലേ; അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടാനുള്ള അർഹമായ വരുമാനം ലഭ്യമാകുന്നതിനുവേണ്ടി ഇന്ത്യൻ പാർലമെന്റിൽ ശബ്ദമുയർത്തില്ലേ? പ്രസ്തുത പ്രശ്നം പാർലമെന്റിൽ ഉന്നയിക്കാൻ നമ്മുടെ ബഹുമാന്യരായ എം.പി.-മാരോട് പറയുമോയെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവിനോട് ഞാൻ ഇവിടെനിന്നും രാവിലെ പലതവണ അപേക്ഷിച്ചിരുന്നെങ്കിലും അതൊന്നും അദ്ദേഹം കേട്ടതായി നടിച്ചില്ല, സാധാരണയായി അദ്ദേഹം ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതാണ്. ഇന്ത്യയിലെ ഇന്നത്തെ അവസ്ഥയെപ്പറ്റിയും കേന്ദ്ര

ഗവൺമെന്റിന്റെ നിലപാടിനെപ്പറ്റിയും നമുക്കെല്ലാവർക്കുമറിയാം. ഓരോ സംസ്ഥാനത്തിനോടും അവർ എന്തൊക്കെയാണ് ചെയ്യുന്നതെന്നും നമുക്കറിയാം. പ്രതിപക്ഷ സംസ്ഥാനങ്ങളെ തിരഞ്ഞുപിടിച്ച് കൈകാര്യം ചെയ്യുകയാണ്. നേരത്തെ ബഹുമാനപ്പെട്ട ഒരംഗം ചർച്ചയിൽ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയമായി കേരളത്തെ വേണ്ടത്ര കൈകാര്യം ചെയ്യാൻ പറ്റുന്നില്ല, അതുകൊണ്ട് സാമ്പത്തികമായി ഉപയോഗിച്ചുകൊണ്ട് അതുവഴി രാഷ്ട്രീയമായി കൈകാര്യം ചെയ്യാനല്ലേ ശ്രമിക്കുന്നത്; അങ്ങനെ ചെയ്യുന്നത് ഇടതുപക്ഷത്തോട് മാത്രമാണോ? അടുത്ത ലക്ഷ്യം കേരളമാണെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി കഴിഞ്ഞദിവസം ത്രിപുരയിലെ തെരഞ്ഞെടുപ്പിൽ പറഞ്ഞു. അങ്ങനെ പറയുമ്പോൾ കേരളത്തിനകത്ത് എങ്ങനെ കൈകാര്യം ചെയ്യാനാണ് സാധിക്കുക? അദ്ദേഹത്തിന്റെ സ്വപ്നം കഴിഞ്ഞതവണയും പറഞ്ഞെങ്കിലും കേരളത്തിലെ ജനങ്ങൾ അത് അംഗീകരിച്ചില്ല. ഇത് കേരളത്തിലെ ഇടതുപക്ഷത്തിന്റെ മാത്രം പ്രശ്നമാണോ? എല്ലാ ചർച്ചകളിലെയും കണക്ക് എടുത്തുപറയുന്നില്ല, സാമ്പത്തിക രംഗത്ത് നമ്മൾ ഒരു പെർഫോമൻസും നടത്തിയില്ലെന്ന് പറയുന്നത് ശരിയാണോ; 12.5% കോൺസ്റ്റന്റ് പ്രൈസിൽ സാമ്പത്തിക

വളർച്ചയുണ്ടെന്നത് ശരിയാണെങ്കിൽ പിന്നെന്തിനാണ് ടാക്സ് ഈടാക്കുന്നതെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞവസാനിപ്പിച്ചത്. കോൺസ്റ്റന്റ് പ്രൈസിൽ 12.5 ശതമാനവും കറന്റ് പ്രൈസിൽ 17 ശതമാനവും വളർച്ച നമുക്കുണ്ട്. വ്യാവസായിക-ഉത്പാദന-കാർഷിക-സേവന മേഖലകളിലെല്ലാം കേരളത്തിന് നല്ല പുരോഗതിയുണ്ട്, ഈ വളർച്ച ഇന്ത്യയിലെ എല്ലാ സ്ഥിതിവിവരക്കണക്കുകളിലും സൂചിപ്പിക്കപ്പെട്ടിട്ടുമുണ്ട്. എന്നിട്ടും നമുക്ക് ഇപ്പോഴും സാമ്പത്തികപ്രശ്നങ്ങളുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് നമ്മൾ ചിന്തിക്കണ്ടേ? സംസ്ഥാനത്തെ എല്ലാ നികുതി വരുമാനവും കൂട്ടിച്ചേർത്ത് 2021 മാർച്ച് മാസത്തിൽ കിട്ടിയിരുന്നത് 47000 കോടി രൂപ മാത്രമാണ്. എന്നാൽ അത് ഈ വർഷം 71000 കോടി രൂപയിലേയ്ക്ക് ഉയരുകയാണ്. രണ്ട് വർഷം കഴിയുമ്പോൾ നോൺ ടാക്സ് കൂടി കണക്കിലെടുത്താൽ 23000 കോടിയോളം രൂപ അധികമുണ്ടാകും, കഴിഞ്ഞ വർഷം ഈയിനത്തിൽ 13000 കോടി രൂപയുടെ വർദ്ധനവുണ്ടായിരുന്നു, ഈ വർഷവും ഈയിനത്തിൽ വർദ്ധനവുണ്ട്. സംസ്ഥാനത്ത് നല്ലതുപോലെ സാമ്പത്തിക വളർച്ചയുള്ളതുകൊണ്ടും നല്ലതുപോലെ നമ്മളെല്ലാവരും ഒരുമിച്ച് പ്രവർത്തിച്ചതുകൊണ്ടുമാണ് അത്തരത്തിൽ ഉയർച്ചയുണ്ടായത്,

കുറച്ചാളുകൾമാത്രം പ്രവർത്തിച്ചുവെന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. ഇവിടെ നേരത്തെ സംഭവിച്ച പ്രളയത്തിന്റെയും പിന്നീടുണ്ടായ കോവിഡിന്റെയും ഘട്ടത്തിലുണ്ടായ സാമ്പത്തിക തകർച്ചയ്ക്കുശേഷമാണ് ഈ വളർച്ചയുണ്ടായത്. എന്നാലും നമ്മുടെ നികുതി വരുമാനം ഇനിയും വർദ്ധിക്കേണ്ടതുണ്ടെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഇവിടെ GIFT (Gulati Institute of Finance and Taxation)-ന്റെ ഒരു അക്കാദമിക് ലേഖനത്തിൽ ഇത് സൂചിപ്പിച്ചിട്ടുണ്ട്. അവിടെ മാത്രമല്ല, ഇതേ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുതന്നെ ഇതുസംബന്ധിച്ച വിഷയങ്ങൾ ഉന്നയിച്ചപ്പോഴും ഇക്കാര്യം ഞാൻ പറഞ്ഞിരുന്നു. കേരളത്തിന് ഇനിയും നികുതി വരുമാനം അധികം കിട്ടാനുണ്ടെന്ന ആവശ്യം സർക്കാരിന്റെ ഭാഗത്തുനിന്നും ഔദ്യോഗികമായിത്തന്നെ ഉന്നയിച്ചിട്ടുണ്ട്, ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ അതിനായി പ്രയത്നിക്കുന്നുമുണ്ട്. ജി.എസ്.ടി. വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളും ജോലിചെയ്യുന്നുണ്ടെങ്കിലും ഇത് കണ്ടുപിടിക്കാനുള്ള മാർഗ്ഗം ഇപ്പോഴും പൂർണ്ണമായിട്ടില്ല. നികുതി വരുമാനം കുറേശ്ശെയായി വർദ്ധിച്ചുവരുന്നുണ്ട്. നമ്മുടെ നിരന്തരമായ പോരാട്ടത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്. ആദ്യത്തെ രണ്ടുവർഷം

e-Way Bill പോലുമുണ്ടായിരുന്നില്ലെന്നും അങ്ങേയ്ക്കറിയാം. എങ്ങനെയാണ് ജി.എസ്.ടി. സമ്പ്രദായം നടപ്പിലാക്കുന്നത്, അതിനെ എങ്ങനെ വിലയിരുത്തും എന്നൊക്കെയുള്ള കാര്യങ്ങളെക്കുറിച്ചും നമുക്ക് ആദ്യഘട്ടത്തിൽ അറിവില്ലായിരുന്നു. എപ്പോഴും രേഖകളിൽ തെറ്റായ കാര്യങ്ങൾ വരുത്തുന്നതിന് ശ്രമിക്കുന്നതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്. ഇന്ത്യൻ പാർലമെന്റിലുൾപ്പെടെ ഈ വിഷയത്തിൽ കേരളത്തിനെ ന്യായീകരിക്കുന്ന തരത്തിലേയ്ക്ക് പറയുന്നില്ലെന്ന പ്രശ്നമാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിന് മാത്രമല്ല, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കിട്ടേണ്ട നികുതിവിഹിതത്തെക്കുറിച്ചാണ് ഞങ്ങൾ സംസാരിക്കുന്നത്. IGST (Integrated Goods and Services Tax) എന്താണ്? സാധാരണഗതിയിൽ അങ്ങോ ഞാനോ കടയിൽപ്പോയി 100 രൂപ വിലയുള്ള സാധനം വാങ്ങുമ്പോൾ 10 രൂപ നികുതിയിനത്തിൽ നൽകുകയാണെങ്കിൽ അതിൽ പകുതി CGST (കേന്ദ്ര ജി.എസ്.ടി.)-യും പകുതി SGST (സംസ്ഥാന ജി.എസ്.ടി)-യുംമായിരിക്കും. എന്നാൽ ഇവിടെയുള്ള ഒരു കച്ചവടക്കാരൻ ഡൽഹിയിൽനിന്ന് ഒരു ലക്ഷം രൂപയുടെ തുണി വാങ്ങിക്കുന്നുവെന്നും

അവിടെ 10% നികുതി നൽകിയെന്നും കരുതുക. അദ്ദേഹം 110000 രൂപ നൽകിയായിരിക്കും തുണി വാങ്ങുന്നത്. ഡൽഹിയിലുള്ള കച്ചവടക്കാരൻ ആ തുക കാണിച്ചുകൊണ്ട് ടാക്സ് റിട്ടേൺ ഫയൽ ചെയ്യും. 110000 രൂപയ്ക്ക് ഇവിടെ കൊണ്ടുവരുന്ന സാധനം ഇവിടത്തെ കച്ചവടക്കാരൻ ചെറിയ ലാഭത്തോടെ 130000 രൂപയ്ക്ക് വിൽക്കുന്നുവെന്ന് കരുതുക. വിൽക്കുമ്പോൾ അദ്ദേഹം യഥാർത്ഥത്തിൽ കൊടുക്കേണ്ട ടാക്സ് 13000 രൂപയായിരിക്കുമെങ്കിലും ടാക്സ് റിട്ടേൺ സമർപ്പിക്കുമ്പോൾ 3000 രൂപ അടയ്ക്കുകയും 10000 രൂപ ഡൽഹിയിൽ അടച്ചതായി കാണിക്കുകയും ഡൽഹിയിൽനിന്നുള്ള അക്കൗണ്ട് അനുസരിച്ച് ടാക്സ് ഇവിടെ വരികയും ചെയ്യണം. അതുപോലെതന്നെ ഇവിടെനിന്ന് അങ്ങോട്ട് കച്ചവടം ചെയ്യുമ്പോഴും ഇതുപോലെതന്നെ സംഭവിക്കും. ഇങ്ങനെ ലക്ഷക്കണക്കിന് രൂപയുടെ കച്ചവടം ഓരോ ദിവസവും നടക്കുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും ചംക്രമണം ചെയ്യപ്പെടേണ്ട നികുതിയുടെ കണക്കാണിത്, വളരെയേറെ സങ്കീർണ്ണതയുള്ള ഒരു വിഷയമാണ്. ഇതിൽത്തന്നെ ഓൺലൈൻ കച്ചവടം നടക്കുന്നതിന്റെ കാര്യങ്ങളൊക്കെ വരാനുണ്ട്. ഓൺലൈൻ കച്ചവടം സംബന്ധിച്ച് പഠിക്കുന്നതിനായി ഹരിയാന ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ കൺവീനറായി

മന്ത്രിമാരുടെ ഒരു കമ്മിറ്റി നിലവിൽവന്നിട്ടുണ്ട്. ഇപ്പോഴും നികുതി വിഷയത്തിൽ കുറേയേറെ കാര്യങ്ങൾ പരിഹരിക്കാനുണ്ട്. ഇതെല്ലാം പരമാവധി എടുത്തെടുത്ത് കൈകാര്യം ചെയ്തുവരുന്നതിന്റെ ഭാഗമായി നല്ലൊരു മാറ്റം കാണുന്നുണ്ട്. പ്രസ്തുത വിഷയം അക്കാദമികമായ പഠനത്തിനും ഗവേഷണത്തിനും വിധേയാക്കേണ്ട പ്രശ്നങ്ങളാണ്. ഏതായാലും നമുക്ക് കിട്ടേണ്ടുന്ന കാര്യങ്ങൾ കിട്ടാനായി സംസ്ഥാനം പരമാവധി ശ്രമിക്കുന്നുണ്ട്. എന്നിട്ടും ഇതുസംബന്ധിച്ച് മറ്റെന്തൊക്കെയോ ഉണ്ടെന്ന് പ്രതിപക്ഷം പറയുകയാണ്. 26000 കോടി രൂപയുടെ നികുതി വരുമാനം അധികമായി വന്നതെല്ലാം നമ്മുടെ സംസ്ഥാനം നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾകൊണ്ടാണ്. ഒരു പ്രധാനപ്പെട്ട കാര്യംകൂടി പറയുകയാണ്, നമ്മൾ കോമ്പൻസേഷൻ വേണമെന്ന് പറയാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്? മറ്റൊന്നുംകൊണ്ടല്ല, ജി.എസ്.ടി. എന്ന പുതിയ നികുതി സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിൽ ധാരാളം പ്രശ്നങ്ങളുണ്ടായിരുന്നു. നമുക്ക് വ്യവസ്ഥാനുസാരമായ ധാരാളം പ്രശ്നങ്ങളുണ്ടെന്നും പുതിയ നികുതി വ്യവസ്ഥ നടപ്പിലാക്കിയപ്പോൾ മുൻപത്തേപ്പോലെ നികുതി പിരിവ് ഫലവത്തായി വരുന്നില്ലെന്നും

അതുകൊണ്ട് ആ നികുതി നഷ്ടത്തിന് പരിഹാരമുണ്ടാക്കാനായി നഷ്ടപരിഹാരം തരണമെന്നും ആദ്യംമുതൽതന്നെ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. രാജസ്ഥാനും ഛത്തീസ്ഗഢും, ഈ രണ്ട് സംസ്ഥാനങ്ങളും എടുത്തുപറയാൻ കാരണം ഇവരണ്ടും കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമായതുകൊണ്ടാണ്. ബംഗാളും, മറ്റ് ബി.ജെ.പി. ഇതര സംസ്ഥാനങ്ങളുമെല്ലാം നഷ്ടപരിഹാര കാലാവധി നീട്ടിത്തരണമെന്ന് പറഞ്ഞെങ്കിലും കേന്ദ്ര ഗവൺമെന്റ് അത് സമ്മതിച്ചിട്ടില്ല. നഷ്ടപരിഹാരം നീട്ടിത്തരാത്തതുകൊണ്ട് ഒരു വർഷം 12000 കോടി രൂപയുടെ നഷ്ടമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി. ഡിവിസിബിൾ പൂളിൽനിന്നുള്ള പങ്കിന്റെ സമവാക്യം മാറ്റിയതുകൊണ്ട് പത്താം ധനകാര്യ കമ്മീഷനുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ ഇപ്പോൾ 18000 കോടി രൂപയുടെ നഷ്ടമുണ്ട്, തൊട്ടുമുമ്പിലുള്ള ധനകാര്യ കമ്മീഷനെ അവലംബിച്ചാണെങ്കിൽ 10000 കോടി രൂപയുടെ നഷ്ടമുണ്ട്. കോവിഡ് സമയത്ത് GSDP (Gross State Domestic Product)-യുടെ 5% ലോൺ എടുക്കാമായിരുന്നു, എന്നാൽ കടമെടുപ്പ് പരിധി ഇപ്പോൾ 3%-3.5% ആയി കുറച്ചിരിക്കുകയാണ്, അവിടെയും വലിയ നഷ്ടമുണ്ട്. ഇതുകൂടാതെ കിഫ്ബിയുടെയും പെൻഷൻ

കമ്പനിയുടെയും പേരിൽ കടമെടുത്ത തുകകൂടി സംസ്ഥാനത്തിന്റെ ഖജനാവിൽ കൂട്ടിച്ചേർത്തു, ഇക്കാര്യം നമ്മൾ നേരത്തേ ചർച്ചചെയ്തതാണ്. ഒറ്റയടിക്ക് ഇത്രയും നഷ്ടം വന്നപ്പോൾ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് വരുമാനത്തിൽ വരുന്നത്. അവിടെയാണ് നമ്മുടെ സംസ്ഥാനത്തെ വികസിപ്പിച്ച് സ്വയാർജ്ജിതമായി 26000 കോടി രൂപ നാം കണ്ടെത്തിയതുകൊണ്ട് അത്രയും കാര്യങ്ങളിൽ നാം മുമ്പിൽവന്നത്. പക്ഷേ ചെയ്യാനുള്ള കാര്യങ്ങൾ മുന്നിൽ വീണ്ടുംകിടക്കുകയാണ്. സംസ്ഥാനം ധാരാളം കാര്യങ്ങൾ ചെയ്യുന്ന എന്നുള്ളത് എടുത്തുകാണിക്കേണ്ടതാണ്, ഞാൻ ഈ കാര്യങ്ങളെല്ലാം പറഞ്ഞത് അതുകൊണ്ടാണ്. ധനകാര്യകാര്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പല വിഷയങ്ങളും ഓരോ വകുപ്പും ചർച്ചചെയ്തുവരുന്നതും അവയെല്ലാം സംസ്ഥാനത്തെ ജനജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമായ കാര്യങ്ങളുമാണ്. സ്കൂളുകൾ, കോളേജുകൾ, ആരോഗ്യരംഗം, ആയുർദൈർഘ്യം തുടങ്ങി എല്ലാമേഖലകളിലും ഇന്ത്യയിലെ മറ്റുപല സംസ്ഥാനങ്ങളേക്കാൾ ഏറെ മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് നാം പോയിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്തെ സംബന്ധിച്ച് ലോകബാങ്കിന്റെ കണക്ക് കഴിഞ്ഞദിവസം

വന്നല്ലോ; ഇന്ത്യയിലാകെ ആയുർദൈർഘ്യം വർദ്ധിച്ചിട്ടുണ്ട്, മൊത്തത്തിൽ അത് 69 വയസ്സാണെങ്കിൽ കേരളത്തിൽ ആയുർദൈർഘ്യം 10 വർഷം അധികമാണ്. കേരളത്തിൽ ജനിച്ചാൽ 10 വർഷംകൂടി ആയുസ്സ് അധികമായി കിട്ടുമെന്ന ഗ്യാരന്റിയുണ്ട്, അത് എല്ലാവർക്കുമുണ്ട്, യു.ഡി.എഫ്.-ന് അതിൽ വ്യത്യാസമൊന്നുമില്ല. അങ്ങനെ എല്ലാ മേഖലകളിലും നേട്ടമുണ്ടാക്കുന്നതിനായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഓരോന്നായി എടുത്തുപറയുന്നില്ല.

<u>മി. സ്പീക്കർ</u>: സമയം അധികരിച്ചുകഴിഞ്ഞു.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇത്രയും ആളുകൾ ചർച്ചചെയ്തതല്ലേ, ഞാൻ ഒറ്റയ്ക്ക് ഇതിനെല്ലാം മറുപടി പറയണ്ടേ. ഞാൻ ദീർഘിപ്പിക്കുന്നില്ല. കേരളത്തിന്റെ പൊതുകടം ഇപ്പോൾ 39 ശതമാനമുണ്ട്. എന്നാൽ രാജസ്ഥാനിൽ ഇത് 42.4 ശതമാനവും പഞ്ചാബിൽ 47 ശതമാനവുമാണ്. അങ്ങനെ ഓരോ സ്റ്റേറ്റിന്റെയും കാര്യങ്ങൾ നോക്കിയാൽ സമയമെടുത്ത് പറയാനാനുള്ള വിഷയങ്ങൾ ധാരാളമുണ്ട്. വിലക്കയറ്റം ഏറ്റവും കുറവ് അനുഭവപ്പെടുന്നത് കേരളത്തിലാണ്. കേന്ദ്രം നൽകിക്കൊണ്ടിരുന്ന സ്കോളർഷിപ്പുകളിൽ 2000 എണ്ണം വെട്ടിക്കുറച്ചെങ്കിൽ

കേരളം അധികമായി 1000 എണ്ണം സ്കോളർഷിപ്പുകൾ നൽകുകയാണ് ചെയ്തത്. തൊഴിലുറപ്പ് പദ്ധതിക്കുള്ള ബഡ്ജറ്റ് വിഹിതം കേന്ദ്രം വലിയതോതിൽ വെട്ടിക്കുറച്ചത് കേരളത്തിലുൾപ്പെടെ വലിയ പ്രശ്നമുണ്ടാക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യ സബ്സിഡി പകുതിയായി വെട്ടിക്കുറച്ചു, പാചകവാതകത്തിനുള്ള സബ്സിഡിയും വെട്ടിക്കുറച്ചു. പാചകവാതക സിലിണ്ടർ ഒന്നിന് 50 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ പ്രതിഷേധിച്ച് ഒരു സംയുക്ത പ്രമേയം കൊണ്ടുവരാമെന്ന് പ്രതിപക്ഷം പറയേണ്ടതല്ലേ? നമുക്ക് വേണമെങ്കിൽ അങ്ങനെ ചെയ്യാമെന്ന് ഞങ്ങൾ പറയുന്നു. കടയിൽപ്പോയി ദോശയോ ഇഡ്ഡലിയോ കഴിക്കാമെന്നുവച്ചാൽത്തന്നെ കൊമേഴ്സ്യൽ സിലിണ്ടറിന് വർദ്ധിപ്പിച്ചത് 350 രൂപയാണ്. വീടുകളിലെ ഒരു ഗ്യാസ് സിലിണ്ടറിന് രണ്ട് വർഷംകൊണ്ട് 400 രൂപയിലധികമാണ് വർദ്ധിപ്പിച്ചത്. അതിനൊരു കരിങ്കൊടിയുമില്ല, പ്രതിഷേധവുമില്ല. നാലായിരം കോടി രൂപ നമുക്ക് അധികമാകും. ബി.ജെ.പി.-യുടെ പ്രചരണം നിർഭാഗ്യവശാൽ യു.ഡി.എഫ്.-ന്റെ ചില ആളുകളും പ്രചരിപ്പിക്കുന്നുണ്ട്. ഗ്യാസിനുള്ള 1100 രൂപയിൽ 50 രൂപയുംകൂട്ടുത്താണ് കേന്ദ്രത്തിന് നൽകുന്ന ടാക്സ്. ബാക്കി 305 രൂപ ടാക്സ് സംസ്ഥാനം വാങ്ങുന്നതിനാൽ സഖാക്കളോട് പോയി കുറയ്ക്കാൻ

പറയണമെന്നാണ് അവരുടെ വാദം. കേരളത്തിന് തനതായി ഇതിന് ടാക്സില്ല, കാരണം ഇത് ജി.എസ്.ടി.-യിലാണ്. സംസ്ഥാനത്തിന് ടാക്സ് വാങ്ങാൻ അവകാശമില്ല. അവിടെയാണ് വില വർദ്ധിക്കാതെ ഗ്യാസിന് നികുതി കൂട്ടിയത്. നേരത്തെ ഇവർ പറഞ്ഞ തിയറിയുണ്ട്. പെട്രോളിന് 20 രൂപ കേന്ദ്രം സെസ് വാങ്ങുന്നുണ്ട്. 20 rupees is much lesser than 2 rupees or 2 rupees is greater than 20 rupees എന്നതാണ് കേന്ദ്രവും സംസ്ഥാനവും തമ്മിൽ സെസ്സിന്റെ കാര്യത്തിലുള്ളത്. അതിന് കരിങ്കൊടി കാണിക്കുന്നു. ഇപ്പോൾ 50 രൂപ ഗ്യാസ് സിലിണ്ടറിന് ടാക്സ് വാങ്ങുന്നതിനെക്കുറിച്ച് അഭിപ്രായം പറയണ്ടേ? ഇത്തരം കാര്യങ്ങൾ വണ്ടി ഓടിക്കുന്നതിനേക്കാളും പ്രധാനമാണ്. സംസ്ഥാനം ഇക്കാര്യത്തിൽ ശക്തമായ നിലപാടാണെടുക്കുന്നത്. ഓരോ ജില്ലയിലും തെരഞ്ഞെടുപ്പിന്റെ കാര്യത്തിന് കേന്ദ്രനേതാക്കളും മന്ത്രിമാരും ആഭ്യന്തര വകുപ്പുമന്ത്രിയും മറ്റ് നേതാക്കന്മാരും ചാർജ്ജുള്ളവരുമൊക്കെ വരുന്നുണ്ട്. അവിടെയൊന്നും കരിങ്കൊടി കാണിക്കുന്നതായി കാണുന്നില്ല. സംസ്ഥാന താൽപ്പര്യത്തിനായി ഒരുമിച്ച് പ്രതിഷേധിക്കണം. ഇന്ന് ധനകാര്യ വകുപ്പിന്റെയും നികുതി വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും ധനാഭ്യർത്ഥനകളാണ് വന്നിരിക്കുന്നത്.

കേരളത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സഹായകരമായ തരത്തിൽ ചെയ്യാവുന്ന കാര്യങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അതിന് പ്രതിപക്ഷമുൾപ്പെടെ പിന്തുണച്ച് ധനാഭ്യർത്ഥനകൾ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വിവിധ വകുപ്പുകളുടെ ധനാഭ്യർത്ഥനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചർച്ചയാണെന്നതുകൊണ്ട് അങ്ങയുടെ അഭ്യർത്ഥന ഞാൻ മാനിക്കുന്നു. പ്രധാനമായും റവന്യൂ, സർവ്വേ, ഭവനനിർമ്മാണം, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട പ്രകൃതിക്ഷോഭങ്ങളുടെ സഹായം എന്നിവയെല്ലാം ഈ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. ശ്രീ. കെ. ബാബു (നെന്മാറ) മുതൽ ശ്രീ. പി. സി. വിഷ്ണുനാഥ് വരെ ചർച്ചയിൽ പങ്കെടുത്ത എല്ലാവരും ഈ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സർക്കാരിന്റെ നിലപാടുകളെക്കുറിച്ച് ഏതെങ്കിലും വിധത്തിലുള്ള രൂക്ഷമായ വിമർശനങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ലെന്നതുതന്നെ ഗവൺമെന്റ് ശരിയായ വിധത്തിലാണ് പോകുന്നുവെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട സൂചനയാണ്. ഈ ഫ്ലോറിൽ നിൽക്കുമ്പോൾ വളരെ അഭിമാനകരമായ കാര്യം, ഒരു വർഷക്കാലംമുമ്പ്

ഡിമാൻഡ് ഡിസ്കഷനുവേണ്ടി മറുപടി പറയുമ്പോൾ സർവ്വേ രംഗത്ത് നടപ്പിലാക്കുമെന്ന് പറയപ്പെട്ട പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടാണ് 2023-ൽ ഈ ധനാഭ്യർത്ഥനയെ അഭിസംബോധന ചെയ്യുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. 1966 മുതൽ ആരംഭിച്ച് 57 വർഷക്കാലം കഴിഞ്ഞിട്ടും 1666 വില്ലേജുകളിൽ, 915 വില്ലേജുകളിൽ മാത്രമെത്തിയ സർവ്വേ ഡിജിറ്റലായി റീ സർവ്വേ നടത്തണമെന്ന ആശയത്തിലേയ്ക്ക് കേരളം കടക്കുമ്പോൾ എത്ര വലിയ അഭ്യൂഹങ്ങളുണ്ടായിരുന്നു. അത് ആരംഭിക്കുന്നത് വെറും കഥകൾ മാത്രമാണെന്ന് പ്രചരിപ്പിച്ചിരുന്നു. ഘട്ടം ഘട്ടമായെല്ലാം പരിഹരിക്കാൻ സാധിച്ചു. ഡിജിറ്റൽ റീസർവ്വേയ്ക്കുവേണ്ടി ഉപഗ്രഹാവിഷ്കൃത സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് 28 കോർസ്റ്റേഷനുകൾ സ്ഥാപിച്ചു. ഇതുപയോഗിക്കാൻ 1500 ആർ.ടി.കെ. റോവർ മെഷീനുകളും 200 ആർ.ടി.എസ്. മെഷീനുകളും 1700 പി.സി. ടാബുകളും സമാഹരിക്കാൻ കഴിഞ്ഞു. ഇതിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയ എസ്.ഒ.പി. അംഗീകരിക്കപ്പെട്ടു. സർവ്വേ രംഗത്ത് ജീവനക്കാരില്ലെന്ന പ്രശ്നം പരിഹരിക്കാൻ താൽക്കാലികാടിസ്ഥാനത്തിൽ 1500 സർവ്വെയർമാരെയും 3200 ഹെൽപ്പർമാരെയും നിയമിക്കുകയും

അവർക്കുവേണ്ടി സമഗ്രമായ ട്രെയിനിംഗ് സംഘടിപ്പിക്കുകയും ചെയ്തു. ഡിജിറ്റൽ റീസർവ്വേ നടപടികളാരംഭിക്കുമ്പോൾ ഈ സർവ്വേ വേണ്ടവിധത്തിൽ മുന്നോട്ടുപോകുമോയെന്ന അഭ്യൂഹം നമ്മുടെ മുമ്പിലുണ്ടായിരുന്നു. എല്ലാവിധ ഒരുക്കങ്ങളും പൂർത്തിയാക്കി നവംബർ 1-ാം തീയതി കേരളത്തിന്റെ മുഖ്യമന്ത്രി ഡിജിറ്റൽ റീസർവ്വേയ്ക്ക് തുടക്കം കുറിച്ചു. ഒരുമാസക്കാലം കഴിഞ്ഞ് 200 വില്ലേജുകളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനം പരിശോധിച്ചപ്പോൾ 1000 ഹെക്ടർ ഭൂമി മാത്രമാണ് അളക്കാനായത്. യഥാർത്ഥത്തിൽ ചെറിയ ഭീതിയുണ്ടായിരുന്നു. പക്ഷേ അഭിമാനത്തോടെ പറയട്ടെ, രണ്ടുമാസക്കാലം പിന്നിട്ട പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ കേരളത്തിൽ ഇന്ന് 15111 ഹെക്ടർ ഭൂമി ഡിജിറ്റലായി അളന്ന് പൂർത്തീകരിക്കാൻ കഴിഞ്ഞ ആവേശത്തോടുകൂടിയാണ് ഇന്ന് ഡിമാൻഡ് ഡിസ്കഷനെ അഭിസംബോധന ചെയ്യുന്നത്. കേരളത്തിലുള്ള ആകെ ഭൂമിയുടെ രണ്ട് ശതമാനം ഇതിനകം അളന്ന് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃത്യമായ പ്ലാനിംഗിൽ ഇന്ത്യയിൽ കേരള സംസ്ഥാനത്ത് മാത്രമാണ് സമ്പൂർണ്ണ ഡിജിറ്റൽ റീസർവ്വേ നടത്തുന്നതെന്ന അഭിമാനബോധത്തോടെയാണ് ഈ പ്രവർത്തനത്തിലേയ്ക്ക് പോകുന്നത്.

കേരളത്തിലെ ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുമ്പോൾ നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ കേവലമൊരു ഡിജിറ്റൽ വേലി വരുന്നുവെന്ന് മാത്രമല്ല, ഞാൻ കഴിഞ്ഞദിവസത്തെ മറുപടിയിൽ സൂചിപ്പിച്ചതുപോലെ, registration department's PEARL, revenue department's ReLIS and the survey department's e-Maps എന്നിവ കൂട്ടിയോജിപ്പിച്ചുകൊണ്ട് "എന്റെ ഭൂമി" എന്നപേരിൽ ഒരു ഇന്റഗ്രൽ പോർട്ടൽ ആരംഭിക്കാനുള്ള ശ്രമത്തിലാണ്. ഇന്റഗ്രൽ പോർട്ടൽ ആരംഭിക്കുന്നത് ഡിജിറ്റൽ റീസർവ്വേ കഴിഞ്ഞിട്ടാണോയെന്ന് പലരും ചോദിച്ചു. ഗവൺമെന്റിന്റെ രണ്ടാം വാർഷികത്തിനോടനുബന്ധിച്ചുള്ള നൂറുദിന പരിപാടി പൂർത്തീകരിക്കുമ്പോൾ ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിലെ 15 വില്ലേജുകളിൽ 'എന്റെ ഭൂമി' എന്ന ഇന്റഗ്രൽ പോർട്ടൽ നിലവിൽ വരാൻ പോകുകയാണെന്ന് ഈ സഭയെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ ഉറപ്പുതരുന്നു. അതിനുവേണ്ടി ഒരു സെറ്റിൽമെന്റ് ആക്ടിലേയ്ക്ക് കേരളം കടക്കേണ്ടിവരും. മലബാറിലും തിരുവിതാംകൂറിലും കൊച്ചിയിലും നേരത്തെയുണ്ടായിരുന്ന സെറ്റിൽമെന്റുകളെക്കുറിച്ച് ഞാൻ വിശദീകരിച്ചു. എന്നാൽ കേരളം രൂപീകരിച്ചതിനുശേഷം അധികവിസ്തീർണ്ണത്തെ

അഭിസംബോധന ചെയ്യാൻ നിയമങ്ങളിലും ചട്ടങ്ങളിലുമുള്ള സാധാരണ വഴികളല്ലാതെ മറ്റുവഴികൾ നമ്മുടെ മുമ്പിലില്ല എന്നുള്ളതുകൊണ്ടുതന്നെ ആ പ്രശ്നങ്ങളെ സമഗ്രമായി ചർച്ചചെയ്ത് കേരളത്തിലൊരു സെറ്റിൽമെന്റ് ആക്ട് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ അനുഭവങ്ങൾ കൈമാറാൻ കഴിയുന്ന വിപുലമായ വിധത്തിലുള്ള തയ്യാറെടുപ്പ് നടപ്പിലാക്കാനായിട്ടുണ്ട്. നമ്മുടെ മുമ്പിലുണ്ടായിരുന്ന presumptive title-ൽ നിന്ന് conclusive title-ലേയ്ക്കുള്ള കേരളത്തിന്റെ യാത്രയാണ് ഡിജിറ്റൽ റീസർവ്വേയിലൂടെ നടപ്പിലാക്കാൻ പോകുന്നത്. കേരള ചരിത്രത്തിൽ അടയാളപ്പെടുത്താൻ കഴിയുന്നവിധത്തിൽ 1666 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്തേണ്ട 1550 വില്ലേജുകളിലും ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാൻ കഴിയുന്നവിധത്തിൽ അതിന്റെ സംവിധാനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്.

ഭവനനിർമ്മാണ ബോർഡ് ഏതോ വലിയ അപകടത്തിൽപ്പെട്ടിരിക്കുകയാണെന്നും ഭവനനിർമ്മാണ വകുപ്പ്

മുന്നോട്ടുകൊണ്ടുപോകാനുള്ള സാഹചര്യമുണ്ടോയെന്നും ഇവിടെ ചില അംഗങ്ങൾ ചോദിച്ചിരുന്നു. അത് ഞാൻ വിശദീകരിക്കുന്നില്ല. 50 വർഷത്തെ സമുജ്ജ്വലമായ പാരമ്പര്യം, യശ:ശരീരനായ എം. എൻ. ഗോവിന്ദൻ നായർ ഭവനനിർമ്മാണ വകുപ്പുമന്ത്രിയായിരിക്കുന്ന കാലത്ത് 1971-ൽ ആരംഭിച്ച ഭവനനിർമ്മാണ ബോർഡ് ഏഴ് ലക്ഷത്തിലധികംപേരുടെ പാർപ്പിട സ്വപ്നങ്ങൾ സാക്ഷാത്കരിച്ച് എം. എൻ. ലക്ഷം വീട് ഭവന പദ്ധതി, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി, സുനാമി ഭവന പദ്ധതി, ഗോത്രവർഗ്ഗക്കാർക്കായുള്ള ഭവന പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഭവന പദ്ധതി, സാഫല്യം പദ്ധതി, ഇന്നവേറ്റീവ് പദ്ധതി, റവന്യൂ ടവറുകൾ, ലാത്തൂർ ദുരിതാശ്വാസ പദ്ധതി, വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ ഇങ്ങനെ നിരവധി പദ്ധതികളിലൂടെ മുന്നോട്ടുപോകുകയാണ്. കേരളത്തിൽ ഇപ്പോൾ 142 ഇടങ്ങളിലായി 127 ഏക്കറോളം ഭൂമി ഹൗസിംഗ് ബോർഡിന് സ്വന്തമായിട്ടുണ്ട്. 57 കെട്ടിടങ്ങളിലായി 14,42,969 സ്ക്വയർ ഫീറ്റിന്റെ പിൻബലത്തോടെ ഹൗസിംഗ് ബോർഡ് ശക്തമായ ആസ്തിയോടെ മുന്നോട്ടുപോകുകയാണ്. ഹൗസിംഗ് ബോർഡ് ആരംഭിക്കാൻപോകുന്ന ചില

പദ്ധതികൾ മാത്രം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിന്റെ വ്യവസായകേന്ദ്രമെന്ന് വിളിക്കപ്പെടുന്ന കൊച്ചിയിലെ മറൈൻ ഡ്രൈവിലുള്ള 18 ഏക്കർ ഭൂമിയിൽ പി.പി.പി. മോഡലിൽ ആയുർ ഹബ്ബ്-കം-ഓക്സിജൻ സിറ്റിയെന്ന 3200 കോടി രൂപ മുതൽമുടക്കുന്ന ഇന്ത്യയിലെത്തന്നെ ആദ്യത്തെ ഇക്കോ ബിസിനസ് ഹബ്ബിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ബോർഡ് ആരംഭിച്ചുകഴിഞ്ഞു. ബാക്ക്വേർഡ് ക്ലാസസ് ഡിപ്പാർട്ടുമെന്റിന്റെയും എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെയും ആർ.എ.ടി.ടി.സി.-യുടെയും കൊല്ലം ജില്ലാ പഞ്ചായത്തിന്റെയും നേതൃത്വത്തിലുള്ള പരിപാടികൾ ഇപ്പോൾ ഏറ്റെടുത്തുകഴിഞ്ഞു. എരുമേലിയിലുള്ള ആറര ഏക്കർ സ്ഥലത്ത് ഡിവോഷണൽ ടൂറിസം ഹബ്ബ് പി.പി.പി. മോഡലിൽ ഈ വർഷംതന്നെ ആരംഭിക്കും. ഇടുക്കി മെഡിക്കൽ കോളേജിന് സമീപം ബോർഡിന്റെ വാഴത്തോപ്പിലുള്ള ഭൂമിയിൽ ഡോക്ടേഴ്സ് റെസിഡന്റ്സ്, സ്റ്റുഡന്റ്സ് നഴ്സ് ഹോസ്റ്റലുകൾ ഈ വർഷംതന്നെ ആരംഭംകുറിക്കും. കുട്ടിക്കാനത്തും മാനന്തവാടിയിലുമുള്ള ഭൂമികളിൽ ബഡ്ജറ്റ് ഹോട്ടലുകൾ ഇത്തവണ ആരംഭിക്കും. എറണാകുളം കുമാരനാശാൻ നഗറിലും ജഗതിയിലും പി.ടി.പി. നഗറിലും കലൂരിലും കോഴിക്കോടും പാരമ്പര്യ

മാതൃകയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ ആരംഭിക്കും. ഇവിടെയുണ്ടായ പ്രധാനപ്പെട്ട ചർച്ചയാണ് എം.എൻ. ലക്ഷം വീടിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നം. പലരും ഇരട്ടവീടുകളിലാണ് ഇപ്പോൾ താമസിക്കുന്നത്. അങ്ങനെ അയ്യായിരത്തോളം വീടുകളുണ്ട്. ആ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കാനുള്ള ഒരു പദ്ധതിക്ക് സർക്കാരിന്റെ സഹായത്തോടെ കഴിഞ്ഞവർഷം തുടക്കം കുറിച്ചു. ലക്ഷം വീട് പദ്ധതി 50 വർഷം പൂർത്തീകരിക്കപ്പെട്ട ഘട്ടത്തിൽ, എം.എൻ. സുവർണ്ണ ഭവന പദ്ധതിയിൻകീഴിലെ ഇരട്ട വീടുകൾ ഒറ്റവീടുകളാക്കാനുള്ള പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് സംസാരിച്ചിട്ടുണ്ട്. ഇത്തവണത്തെ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയാൽ മാത്രമേ സർക്കാരിന് ആ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതുമാത്രമല്ല, എം.എൻ.സി.-കളുടെ സി.എസ്.ആർ. ഫണ്ടുപയോഗിച്ച് ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്നതിനായി 'എം.എൻ. നവയുഗ ലക്ഷം വീട്' എന്ന പേരിൽ ഒരു പുതിയ പദ്ധതികൂടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുകയാണ്.

അതിധനികരല്ലാത്ത പ്രവാസികളുടെ ഭവന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി പ്രവാസി ഹൈറ്റ്സ് എന്ന പേരിൽ ഒരു ഭവന

സമുച്ചയം കോഴിക്കോട് ആരംഭിക്കാൻ പോകുന്നു. നാം കാണേണ്ട ഗൗരവമേറിയ മറ്റൊരുകാര്യം, സർക്കാരിന്റെയും സർക്കാർ ഇതരക്ഷേമ സ്ഥാപനങ്ങളിലും താമസിക്കുന്ന പെൺകുട്ടികൾക്ക് 18 വയസ് പൂർത്തിയാകുമ്പോൾ അവർ ടി സ്ഥാപനങ്ങളിൽനിന്ന് പുറത്താക്കപ്പെടുന്നു. അവർക്ക് സ്വന്തമായി വീടോ, ബന്ധുക്കളോ, സ്ഥിര സംവിധാനങ്ങളോ ഇല്ലാത്ത ഘട്ടത്തിൽ അവർക്കായി വനിത-ശിശുക്ഷേമ വകുപ്പുമായി സംയുക്തമായി ചേർന്നുകൊണ്ട് 'തന്റെയിടം' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിരിക്കുന്നു.

'ആശ്വാസ് വാടക വീട്' എന്ന പേരിൽ മെഡിക്കൽ കോളേജുകളോട് ചേർന്ന് ബൈസ്റ്റാൻഡേഴ്സിന് താമസിക്കാൻ കഴിയുന്ന സമുച്ചയങ്ങൾ ആരംഭിക്കാൻ പോകുകയാണ്. ആലപ്പുഴ, തൃശ്ശൂർ, പരിയാരം എന്നീ മൂന്നുസ്ഥലങ്ങളിൽ ഇത് ആരംഭിച്ചുകഴിഞ്ഞു. കോട്ടയത്തും കോന്നിയിലും ഈ വർഷവും അടുത്തഘട്ടത്തിൽ ഇടുക്കിയിൽക്കൂടി ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകളുമായാണ് സർക്കാർ നീങ്ങുന്നത്.

ഇന്ത്യയിലെത്തന്നെ ഏറ്റവും പ്രധാനപ്പെട്ട ഭവന പാർക്കിന്, നാഷണൽ/ഇന്റർനാഷണൽ ഹൗസിംഗ് പാർക്കിന് തിരുവനന്തപുരത്ത്

വേദിയൊരുങ്ങാൻ പോകുന്നു. ഏകദേശം ആറര ഏക്കറോളം സ്ഥലത്ത് നാൽപ്പതിലേറെ നിർമ്മാണങ്ങൾ നേരിട്ട് കാണാനും പരിചയപ്പെടാനും കഴിയുന്ന വിധത്തിൽ തിരുവല്ലം വില്ലേജിൽ 6.95 ഏക്കർ സ്ഥലം ഏറ്റെടുത്തുകൊണ്ട് 20 കോടിരൂപയുടെ പദ്ധതികൾക്ക് കെസ്നിക്കിന്റെ (കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര) നേതൃത്വത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുഖമുദ്രാവാക്യത്തോടെ കേരളത്തിലെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ വേഗതയിലാക്കുന്നതിനുവേണ്ടി ശ്രദ്ധേയമായ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് പട്ടയ മിഷനാണ്. അക്കാര്യം പലതവണ സഭയിൽ സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ എല്ലാവർക്കും ഭൂമി നൽകുന്നത് സംബന്ധിച്ച് ഇവിടെ സംസാരിച്ചവരെല്ലാം സൂചിപ്പിച്ചല്ലോ; ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇപ്പോൾ സഭയിലില്ലെന്ന് തോന്നുന്നു. അദ്ദേഹം വയനാടിന്റെ പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ശ്രീ. ഐ. സി. ബാലകൃഷ്ണനും ശ്രീ. ടി. സിദ്ദിഖും ശ്രീ. ഒ.

ആർ. കേളുവും ഞാനും ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഒരുമിച്ചിരുന്ന് ഒരുവർഷത്തിനിടയിൽ പരിഹരിച്ച പ്രശ്നങ്ങൾ എത്രയാണ്; പാരിസൺ എസ്റ്റേറ്റിലെ മിച്ചഭൂമി 661 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി. നരിക്കൽ, വെള്ളറട പ്രദേശങ്ങളിലെ 189 കുടുംബങ്ങൾക്ക് അവിടെ പട്ടയം നൽകുകയുണ്ടായി. 51 വർഷമായി തീർക്കാത്ത വുഡ് ലാൻഡ് എസ്റ്റേറ്റിന്റെ കാര്യത്തിൽ, ഇപ്പോൾ 32 പേർക്ക് പട്ടയം തയ്യാറാക്കി നൽകുകയും 452 പേർക്ക് നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി പട്ടയ വിതരണം നടത്തുകയും ചെയ്യും. ചീങ്ങേരിയിലെ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു. ബഹുമാന്യരായ പി. എസ്. സുപാൽ എം.എൽ.എ.-യുടെയും കെ. ബി. ഗണേഷ് കുമാറിന്റെയുംകൂടി സ്ഥലമായ പുനലൂരിലെ പേപ്പർ മില്ലുമായി ബന്ധപ്പെട്ട് 30 വർഷമായി നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കാൻ സാധിച്ചു. അതുപോലെ, Codacal Tile Factory പ്രശ്നത്തെ സംബന്ധിച്ച് മലപ്പുറം ജില്ലയിലെ ആളുകൾക്ക് അറിയാം. നൂറുദിവസത്തിനകം പട്ടയം നൽകി ആ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

പട്ടയമിഷൻ എന്ന സംവിധാനത്തിലേയ്ക്ക് നാം കടന്നിരിക്കുകയാണ്.

പട്ടയമിഷനിൽ മലയോര ആദിവാസികൾക്ക് പട്ടയം നൽകാൻ പ്രത്യേക എസ്.ഒ.പി. തയ്യാറാക്കി. പട്ടയം നഷ്ടപ്പെട്ട കേസുകളിൽ നിയമപരമായി അത് തിരിച്ചെടുക്കാനുള്ള ആലോചനയിലേയ്ക്ക് നാം കടന്നിരിക്കുകയാണ്. അസൈൻമെന്റ് ഓർഡർ ലഭിച്ചിട്ടും ഒരു കാലത്ത് പണം അടയ്ക്കാൻ കഴിയാത്തവർക്ക് വീണ്ടും പണം അടയ്ക്കാൻ കഴിയുന്നില്ല. അവരത് അസൈൻമെന്റ് ലെറ്ററാണെന്ന് കരുതിയിരിക്കുകയാണ്. അവർക്ക് പണം അടയ്ക്കാൻ സാധിക്കുമോയെന്ന വിഷയം സംബന്ധിച്ച് പരിശോധിക്കാനും സർക്കാർ അനുവദിച്ച ഫ്ലാറ്റുകളിലും കെട്ടിട സമുച്ചയങ്ങളിലും താമസിക്കുന്നവർക്ക് അൺഡിവൈഡഡ് ഷെയർ എന്നപോലെ ഭൂമിയുടെ ആനുപാതിക അവകാശം നൽകാനും സർക്കാരിന് കഴിയും.

കോളനിയുടെ കാര്യം വളരെ ഗൗരവമേറിയ പ്രശ്നമാണ്. പലയിടത്തും കോളനികളിൽ പട്ടയം നൽകാൻ സാധിക്കുന്നില്ല. നേരത്തെ പഞ്ചായത്ത് വാങ്ങിച്ച സ്ഥലത്തിന് പഞ്ചായത്തിൽ രേഖയുണ്ടാകില്ല. പഞ്ചായത്തിൽ പ്രമാണം ലഭ്യമാകണമെങ്കിൽ പഞ്ചായത്ത് എൻ.ഒ.സി. നൽകിയാൽ മതിയാകും. അത് ലഭ്യമല്ലെങ്കിൽ എസ്.ആർ.ഒ. വഴി അധികാരപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടി വരും. പഞ്ചായത്തിൽ

വെസ്റ്റ് ചെയ്യപ്പെട്ടതാണെങ്കിൽ റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്യാം. മുൻഉടമയുടെ പേരിൽത്തന്നെയാണെങ്കിൽ പോക്കുവരവ് ചട്ടത്തിലെ ചട്ടം 28 പ്രകാരം പഞ്ചായത്തിലേയ്ക്ക് പോക്കുവരവ് ചെയ്തുകൊടുത്തതിനുശേഷം സർക്കാരിലേയ്ക്ക് ഡീവെസ്റ്റ് ചെയ്തുകൊണ്ട് ആ പട്ടയം നൽകാം. കുളം പുറമ്പോക്ക്, റോഡ് പുറംമ്പോക്ക്, പുഴ പുറംമ്പോക്ക് എന്നിവ സംബന്ധിച്ച് ചട്ടം 64-ലെ 11 (2) പ്രകാരം നൽകാൻ പാടില്ലെന്ന് രേഖപ്പെടുത്തിയ ചില പ്രശ്നങ്ങൾ നിയമപരമായി കൈകാര്യം ചെയ്യേണ്ടതായിവരും. എന്നാൽ തോടും കുളവുമൊന്നുമില്ലാത്ത സ്ഥലങ്ങളിൽ സർവ്വെ നടത്തി ഇനം മാറ്റി അവർക്ക് പട്ടയം നൽകാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്. അക്കാര്യത്തിൽ ആവശ്യമാണെങ്കിൽ ചട്ടഭേദഗതി നടത്തുന്നതിനും ഗവൺമെന്റ് തയ്യാറാണ്.

പട്ടയമിഷന്റെ പ്രധാനപ്പെട്ട ലക്ഷ്യം എന്ന നിലയിൽ എല്ലാ നിയോജകമണ്ഡലത്തിലും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ പ്രത്യേക യോഗം ചേർന്ന് ഓരോ നിയോജകമണ്ഡലത്തിനും തഹസിൽദാരുടെ മുകളിലുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി കുറഞ്ഞകാലംകൊണ്ട് പട്ടയ പ്രശ്നങ്ങൾ ഡാഷ് ബോർഡിൽ തയ്യാറാക്കി നൽകുന്നതിനുള്ള

സൗകര്യമേർപ്പെടുത്തും.

ലോക കേരളസഭ കേരളത്തെ ഇതുവരെയില്ലാത്ത പുതിയ ഒരു ചരിത്രത്തിലേയ്ക്ക് നയിക്കുന്നു. ലോക കേരളസഭയിലൂടെ പ്രവാസികളാൽ അംഗീകരിക്കപ്പെടുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കഴിഞ്ഞ ലോക കേരളസഭയിൽ നാം ചർച്ച ചെയ്ത പ്രശ്നം പ്രവാസികളായവർ ഇവിടെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ പല കാര്യങ്ങളുടെയും പ്രശ്ന പരിഹാരത്തിനോ അതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് അറിയാനോ അവർക്ക് പലപ്പോഴും സാധിക്കുന്നില്ലെന്നതാണ്. ആ സാഹചര്യത്തിൽ പ്രവാസികളുടെ പ്രശ്നങ്ങൾ മാത്രം ചർച്ച ചെയ്യുന്നതിനുവേണ്ടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു അസിസ്റ്റന്റ് കമ്മീഷണറെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്ന് ആരംഭിച്ച് താലൂക്ക് ഓഫീസുവരെ ഉത്തരവാദിത്വപ്പെട്ട ആളുകളെ ചുമതലയേൽപ്പിക്കുന്ന വിധത്തിൽ ലോക മലയാളത്തിലെ മുഴുവൻ പ്രവാസികളുടെയും പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടാൻ കഴിയുന്ന തരത്തിൽ പ്രവാസി സെല്ലിന് തുടക്കം കുറിക്കും.

2023 നവംബർ 1-ാം തീയതിയോടെ വില്ലേജ് ഓഫീസ് മുതൽ

സെക്രട്ടേറിയറ്റ് വരെയുള്ള റവന്യൂ വകുപ്പിന്റെ എല്ലാ ഓഫീസുകളും സമ്പൂർണ്ണ ഡിജിറ്റലൈസേഷനിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഡിജിറ്റലൈസേഷനിലേയ്ക്ക് പോകുമ്പോഴുള്ള പ്രധാനപ്പെട്ട പ്രശ്നം മുമ്പ് അപേക്ഷ എഴുതി സ്റ്റാമ്പ് ഒട്ടിച്ച് നൽകിയിരുന്ന ആളുകൾക്ക് ഓൺലൈനായി അപേക്ഷിക്കുമ്പോൾ ധാരാളം പണം നൽകി പലരേയും ആശ്രയിക്കേണ്ട സ്ഥിതി വരുന്നുവെന്നതാണ്. അതിനാൽ ഒരു വീട്ടിൽ ഒരാൾക്കെങ്കിലും അനിവാര്യമായ റവന്യൂ സേവനങ്ങൾ തങ്ങളുടെ ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ചെയ്യാൻ കഴിയുന്ന വിധത്തിൽ റവന്യൂ സാക്ഷരത കൈവരിക്കാൻ കഴിയുന്ന വിധത്തിൽ 'റവന്യൂ ഇ-സാക്ഷരത' എന്ന പദ്ധതിക്ക് ഗവൺമെന്റിന്റെ കാലത്ത് നേതൃത്വം നൽകാനും 2023-ൽ പ്രസ്തുത പദ്ധതി ആരംഭിക്കാനും തീരുമാനമായിട്ടുണ്ട്.

പുതിയ സോഫ്റ്റ്‌വെയറുകൾ ആരംഭിക്കും. അനധികൃതമായ നിലം നികത്തലും മണൽവാരലും ഭൂമി കയ്യേറ്റവും സംബന്ധിച്ച പരാതികൾ ഫോട്ടോയും ജിയോടാഗിംഗുമടക്കം പൊതുജനങ്ങൾക്ക് തത്സമയം റിപ്പോർട്ട് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് കടക്കുന്നു. കേരളത്തിലെ 14 കളക്ടറേറ്റുകളിലും 10000 സ്ക്വയർഫീറ്റ് വരുന്ന 'സംസ്ഥാന

ചേമ്പർ' ഈ ഗവൺമെന്റിന്റെ ഭരണകാലയളവിൽ ആരംഭിക്കുമെന്ന് ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും അതിനായി 70 കോടിരൂപ നീക്കിവച്ചിട്ടുമുണ്ട്. കേരളത്തിലെ വില്ലേജ് ഓഫീസ് മുതൽ കളക്ടറേറ്റുവരെ ഐ.എസ്.ഒ. സർട്ടിഫിക്കേഷന് ചുമതലകൊടുക്കുന്ന വിധത്തിൽ അതിനുവേണ്ട സംഗതികളും സംവിധാനങ്ങളും ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ഇവിടെ നേരത്തെ സംസാരിച്ചവർ സൂചിപ്പിച്ചതുപോലെ, ഭൂമി സംബന്ധമായ പ്രശ്നങ്ങളിൽ ഒരാൾക്കും കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തെ മറികടക്കാൻ കഴിയാത്ത വിധത്തിൽ സമ്പൂർണ്ണ യൂണിക് തണ്ടപ്പേരിലേയ്ക്ക് കേരളം പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലയളവ് കേരളത്തിലെ ശ്രദ്ധേയമായ നിയമനിർമ്മാണങ്ങളുടെ വേദികൂടിയാണ്. കേരളത്തിൽ ദീർഘകാലമായി ചർച്ച ചെയ്തിരുന്ന സെറ്റിൽമെന്റ് ആക്ട് ഈ ഗവൺമെന്റിന്റെ കാലയളവിൽ ചർച്ച ചെയ്യും. ഭൂപതിവ് നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഭൂപതിവ് നിയമം 1960-ന്റെ അനുബന്ധ ചട്ടങ്ങൾ, അതിൽ വരുത്തേണ്ട അനിവാര്യമായ ഭേദഗതികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഭൂപതിവ് നിയമത്തിലെ ഭേദഗതി ഈ

ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ അവതരിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് നീങ്ങുകയാണ്.

ബഹുമാനപ്പെട്ട ചെയറിന്റെ അഭിപ്രായം മാനിച്ചുകൊണ്ട് ഞാൻ പ്രസംഗം ചുരുക്കുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് റവന്യൂ വകുപ്പിൽ ശ്രദ്ധേയമായ ഒട്ടനവധി പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ മുന്നോട്ടുപോകുകയാണ്. അതിൽ പ്രധാനപ്പെട്ട ഒരു പ്രശ്നം, ദുരന്തങ്ങളുമായി ബന്ധപ്പെട്ടുള്ളതും സഭയിൽ ചർച്ച ചെയ്യുന്നതുമാണ്. ദുരന്തങ്ങളെ നേരിടുന്നതിൽ കേരളം കാണിച്ചതുപോലെ ശ്രദ്ധേയമായൊരു മാതൃക ലോകത്ത് മറ്റ് എവിടെയും കാഴ്ചവയ്ക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേരളം അനുഭവിച്ച ദുരന്ത മുഹൂർത്തങ്ങൾ ധാരാളമുണ്ടായിരുന്നു. 2018-ലെ പ്രളയം മുതൽ കോവിഡിന്റെ ഭീകരതവരെ കേരളത്തിലുണ്ടായപ്പോൾ, ദുരന്തത്തിന്റെ സമയത്ത് ആരെയെങ്കിലും ഒഴിവാക്കുകയല്ല മറിച്ച് ഹൃദയത്തോട് ചേർത്തുപിടിച്ച് അവരെ അംഗീകരിക്കാനും മുന്നോട്ടുകൊണ്ടുപോകാനും കേരളത്തിലെ ഗവൺമെന്റ് ശ്രദ്ധകാണിച്ചു. അതുകൊണ്ട് ഈ കാര്യങ്ങളിലെല്ലാം വളരെ ശ്രദ്ധയോടുകൂടി

മുന്നോട്ടുപോകാൻ റവന്യൂ വകുപ്പിനും അതിന്റെ അനുബന്ധ വകുപ്പുകൾക്കും സാധിച്ചുവെന്ന ആത്മവിശ്വാസത്തോടെ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് കാര്യമായ വിമർശനങ്ങളൊന്നുമുണ്ടായില്ല. എന്നാൽ ഒന്നുരണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. ജില്ലയിലെ ഏത് ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാകണമെന്നതാണ് അതിലൊന്ന്. അതിനുള്ള സൗകര്യം നടപ്പിലാക്കിക്കഴിഞ്ഞിരിക്കുന്നുവെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്. ഈ ഡിപ്പാർട്ടുമെന്റിൽ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള മോഡേണൈസേഷൻ ഏതാണ്ട് അവസാനഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ആധാരം രജിസ്റ്റർ ചെയ്യുന്ന അന്നുതന്നെ പോക്കുവരവ് ചെയ്തുകൊടുക്കാനുള്ള സമീപനത്തിലേയ്ക്ക് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് എത്തിച്ചേർന്നിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പുതിയതായി പ്രഖ്യാപിക്കാനുള്ള ഒരു കാര്യം. 315 സബ് രജിസ്ട്രാർ ഓഫീസുകളിൽ

ഇതിനായി സ്കാനറുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് അടുത്ത ദിവസംതന്നെ മീറ്റിംഗ് വിളിച്ചിട്ടുണ്ട്. നിലവിൽ ഭൂമി പോക്കുവരവ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നുവെന്നുള്ള നിരന്തരമായ പരാതി ഉയർന്നുവന്നതിനെത്തുടർന്നാണ് രജിസ്റ്റർ ചെയ്യുന്ന അന്നുതന്നെ പോക്കുവരവ് ചെയ്ത് കിട്ടാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കുന്നത്. ഇത് ഇടപാടുകാരെ സംബന്ധിച്ച് ഏറ്റവും ആശ്വാസം പകരുന്ന ഒരു കാര്യവുമാണ്. ഈ മേഖലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനമെല്ലാം ഓൺലൈനാണ്. Encumbrance സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങി ഏത് സർട്ടിഫിക്കറ്റുകളുടെയും ഫീസ് ഓൺലൈനായി ഒടുക്കാൻ കഴിയും. Encumbrance സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി പണമടച്ചശേഷം ഓഫീസിൽ പോകാതെതന്നെ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുന്ന സാഹചര്യത്തിലേയ്ക്ക് മാറുകയാണെന്നത് അഭിമാനകരമായ മുന്നേറ്റമാണ്.

മറ്റൊന്ന്, കേരളത്തിലെ ആധാര ഭാഷ ഏകീകരിക്കുന്നതിനായി എല്ലാത്തരം ആധാരങ്ങളുടെയും ലളിതമായ മാതൃകകൾ വകുപ്പിന്റെ

വെബ്സൈറ്റിൽ ലഭ്യമാക്കുകയും ഇതിലൂടെ ഏതൊരു വ്യക്തിക്കും താൻ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന വസ്തുവിന്റെ ആധാരം സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കി കഴിഞ്ഞിരിക്കുകയാണ്. നിലവിലുള്ള ഒരു ആധാരമെഴുത്തുകാരുടെയും ജോലി നഷ്ടപ്പെടാനിടവരാത്ത വിധമാണ് ഈ സംവിധാനങ്ങളും പരിഷ്കാരങ്ങളുമെല്ലാം നടപ്പിലാക്കുന്നത്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. കൂടാതെ ഈ മേഖലയിൽ ഓൺലൈൻ വഴി ഗഹാൻ സമ്പ്രദായം നടപ്പിലാക്കുകയും മുഴുവൻ മുൻ ആധാരങ്ങളും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ആരംഭിക്കുകയും ചെയ്തു. ആറ് ജില്ലകളിൽ ഇതിന്റെ പുരോഗതി ഉറപ്പാക്കിക്കഴിഞ്ഞിരിക്കുന്നു. സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷനുകൾ മുൻകൂട്ടി നടത്തുന്നതിനും ടോക്കണെടുത്ത് മുൻകൂട്ടി സമയം നിശ്ചയിച്ച് ആധാരം വളരെ ലളിതമായി നടപ്പാക്കുന്നതിനുമുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇത്തരത്തിൽ ഈ വകുപ്പിൽ ആധുനികവത്കരണം പൂർണ്ണമാക്കുന്ന രൂപത്തിലേയ്ക്ക് ടെംപ്ലേറ്റുകൾപ്പെടെ നടപ്പാക്കാൻപോകുകയാണ്. ഇതെല്ലാം നടപ്പാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുമോയെന്ന ആശങ്ക ഇവിടെ പ്രകടിപ്പിച്ചു. അത്തരത്തിൽ ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്.

ഈ വർഷം ഫെബ്രുവരി മാസം വരെയുള്ള കണക്കെടുക്കുമ്പോൾ രജിസ്ട്രേഷൻ വകുപ്പിൽ 4700 കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട് എന്നതാണ് മറ്റൊരു അഭിമാനകരമായ നേട്ടം. മാർച്ച് മാസത്തെ കണക്കുകൂടിയെടുക്കുമ്പോൾ സർവ്വകാല റിക്കോർഡ് ഭേദിച്ച് അയ്യായിരം കോടിരൂപയ്ക്ക് മുകളിൽ വരുമാനമുണ്ടാകും. വകുപ്പിന് ഈ രംഗത്ത് നല്ല രീതിയിലുള്ള പുരോഗതിയുണ്ടായിരിക്കുന്നുവെന്നാണ് ഈ റിസൾട്ടെല്ലാം ചൂണ്ടിക്കാണിക്കുന്നത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കാം.+

ശ്രീ. പിണറായി വിജയൻ അവസാനത്തെ മുഖ്യമന്ത്രിയായിരിക്കുമെന്ന് ഇവിടെ ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ ആഗ്രഹം അദ്ദേഹം പറഞ്ഞോട്ടെ. സ്വപ്നം കാണുമ്പോൾ കഞ്ഞികുടിക്കുന്നതായല്ല, പാൽപ്പായസം കുടിക്കുന്നതായിത്തന്നെ കാണാം.

+ അനുബന്ധമായി ചേർക്കുന്നു.

ഈ ഗവൺമെന്റിന്റെ തുടർച്ചയായി മൂന്നാം ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുമെന്നാണ് അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത്. ആ സമയത്ത് കോൺഗ്രസിന് പ്രതിപക്ഷനേതാവ് സ്ഥാനം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. ഇല്ലെങ്കിൽ ആ സ്ഥാനം ഘടകകക്ഷി കൊണ്ടുപോകും. അതായിരിക്കും വരാൻപോകുന്ന അവസ്ഥയെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ദേവസ്വവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയും ഇതിന്റെ കൂടെയുണ്ട് എന്നുള്ളത് പലരും അറിഞ്ഞിട്ടില്ല. ദേവസ്വം വകുപ്പിനെ റവന്യൂ, ധനകാര്യം, രജിസ്ട്രേഷൻ എന്നീ വകുപ്പുകളോടൊപ്പമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകളെ ഏറ്റവും പ്രസക്തമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളെ

മുൻകാലങ്ങളിൽനിന്നെല്ലാം വ്യത്യസ്തമാക്കുന്ന ഒട്ടേറെ കാര്യങ്ങളുമായി മുന്നോട്ടുപോകുകയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ചൂണ്ടിക്കാണിച്ചതുപോലെ,വെള്ളപ്പൊക്കത്തിന്റെയും കോവിഡിന്റെയുമൊക്കെ കാലഘട്ടത്തിൽ കേരള ജനത വലിയ ദുരിതത്തിലും കഷ്ടപ്പാടിലുമായിരുന്നു. ആ സന്ദർഭത്തിൽ ക്ഷേത്രങ്ങളും ദേവസ്വം ബോർഡുകളുമെല്ലാം വലിയ പ്രയാസത്തിലായിരുന്നു. ജനങ്ങളെ സേവിക്കുന്നതോടൊപ്പംതന്നെ ദേവസ്വം ബോർഡുകളെയും ക്ഷേത്രങ്ങളെയും സംരക്ഷിക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. അതുകൊണ്ടാണ് 2018 മുതൽ 2022 വരെ 467 കോടിരൂപ ദേവസ്വം ബോർഡുകളെ സഹായിക്കുന്നതിനുവേണ്ടി ലഭ്യമാക്കാൻ ഗവൺമെന്റ് സന്നദ്ധമായത്. ദേവസ്വം ബോർഡിലെ ജീവനക്കാരെയും അവിടെനിന്നും പെൻഷനായവരെയുമെല്ലാം സംരക്ഷിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്. 2022-23 വരെ 467 കോടിരൂപയാണ് കൊടുത്തതെങ്കിൽ ഈ സാമ്പത്തിക വർഷം 88 കോടി 71 ലക്ഷം രൂപയാണ് ദേവസ്വം ബോർഡുകളെ സഹായിക്കുന്നതിനായി നീക്കിവച്ചിരിക്കുന്നത്. എല്ലാ ക്ഷേത്രങ്ങളുടെയും ഭൗതികസാഹചര്യം

മെച്ചപ്പെടുത്തുന്നതിനുള്ള വലിയ ഇടപെടലാണ് ഇപ്പോൾ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. പലപ്പോഴും ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഭൗതിക സാഹചര്യങ്ങളിൽ പരിമിതിയുണ്ടായിരുന്നു. ദേവസ്വം ബോർഡുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതോടൊപ്പം ആ പരിമിതികൾ മറികടന്നുകൊണ്ട് ക്ഷേത്രങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള വലിയ ഇടപെടൽ സർക്കാർ നടത്തുകയുണ്ടായി. ജനങ്ങളുടെ ഭാഗത്തുനിന്നും നല്ല രീതിയിലുള്ള സഹായമാണുണ്ടാകുന്നത്. ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെ സംരക്ഷിക്കുന്നതിന് ജനങ്ങളും മുന്നോട്ടുവരുന്ന സ്ഥിതിയാണുണ്ടായത്.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടനമാണ് ശബരിമല തീർത്ഥാടനം. വെള്ളപ്പൊക്കത്തിന്റെയും കോവിഡ് ദുരന്തത്തിന്റെയുമെല്ലാം പശ്ചാത്തലത്തിൽ ശബരിമല തീർത്ഥാടനം വളരെ പ്രയാസം നേരിട്ട കാലഘട്ടമായിരുന്നു ഇത്. എന്നാൽ കോവിഡ് പശ്ചാത്തലമെല്ലാം മാറി ഈ വർഷം ശബരിമല തീർത്ഥാടനം നടത്തിയപ്പോൾ അത് കേരള

ചരിത്രത്തിലെ ഏറ്റവും വലിയ തീർത്ഥാടനമായി മാറുകയായിരുന്നു. അരക്കോടിയോളം ഭക്തരാണ് നമ്മുടെ രാജ്യത്തിന്റെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽനിന്നും അവിടേയ്ക്കെത്തിയത്. അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ കഴിഞ്ഞു. കേവലം ഗവൺമെന്റിന്റെയോ ദേവസ്വം വകുപ്പിന്റെയോ ഭാഗത്തുനിന്നുമാത്രമല്ല, കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ഭാഗത്തുനിന്ന് ഇതിനുള്ള സഹകരണമുണ്ടായിയെന്നതാണ് പ്രത്യേകത. നമ്മുടെ ക്ഷേത്രങ്ങളിൽ ഭക്തർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. ക്ഷേത്രങ്ങൾ മാത്രമല്ല, പള്ളികളിലും മോസ്കുകളിലുമെല്ലാംതന്നെ ശബരിമല ഭക്തർക്കുവേണ്ട എല്ലാ സൗകര്യവും ചെയ്തുകൊടുത്തുകൊണ്ട് ശബരിമല തീർത്ഥാടനം മതേതരത്വത്തിന്റെ മഹാസംഗമമാണെന്ന് തെളിയിച്ചുവെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. തീർച്ചയായും അത് കേരളത്തിന് മാതൃകയാക്കാൻ കഴിയുന്നതാണ്. കേരളം എല്ലാ രംഗത്തും മാതൃകയാണെന്ന് പറയുന്നതിൽ ഏറ്റവും എടുത്ത് പറയാൻ കഴിയുന്ന ഒരു കാര്യം ഹിന്ദുവും മുസൽമാനും ക്രൈസ്തവരുമെല്ലാം ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുകയും അങ്ങനെ ജീവിക്കുന്നുവെന്ന്

കാണിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു സംഭവമായി നമ്മുടെ തീർത്ഥാടന കാലഘട്ടത്തെ മാറ്റിയെന്നതാണ്.

ദേവസ്വം ബോർഡുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. അത് പ്രധാനമായും നിലവിലുള്ള നിയമങ്ങളിലെ അപാകതകൾമൂലമാണ്. അതുകൊണ്ട് ദേവസ്വം ബോർഡുകളിലെ നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് തോന്നുന്നു. മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നത് 2008-ലാണ്. അതിനുശേഷം അതിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സമഗ്രമായ മലബാർ ദേവസ്വം നിയമം ഇല്ലാത്തതിന്റെ കുറവുണ്ട്. അതുകൊണ്ട് സമഗ്രമായ മലബാർ ദേവസ്വം നിയമ ഭേദഗതി കൊണ്ടുവരുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിവരികയാണ്. അത് ഈ നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവരാനുള്ള ശ്രമം നടത്തുന്നുണ്ട്. അതിന് കഴിഞ്ഞില്ലെങ്കിൽ അടുത്ത സമ്മേളനത്തിൽ മലബാർ ദേവസ്വം ഭേദഗതി നിയമം കൊണ്ടുവരുന്നതിന് കഴിയുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. മറ്റൊരു കാര്യം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ

കാര്യക്ഷമമാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്. ദേവസ്വം ബോർഡുകളിൽ വലിയ രീതിയിലുള്ള അഴിമതിയും കെടുകാര്യസ്ഥതയുമുണ്ടെന്നാണ് പറയപ്പെടുന്നത്. അക്കാര്യത്തിൽ നല്ലരീതിയിലുള്ള ഇടപെടലാണ് ദേവസ്വം വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. ദേവസ്വം ബോർഡുകളിലെ ഇന്റേണൽ ആഡിറ്റ് കൃത്യമായി പരിശോധിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തിരുന്നില്ല. അതിനാൽ എല്ലാ ദേവസ്വം ബോർഡുകളിലെയും ഇന്റേണൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്താനും ധനകാര്യ വകുപ്പിന്റെകൂടി സഹായത്തോടെ ദേവസ്വം ബോർഡുകളിലെ ഇന്റേണൽ ആഡിറ്റ് കൃത്യമായി നടത്താനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുവഴി അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കാനും ക്ഷേത്രങ്ങളിൽ ലഭിക്കുന്ന വരുമാനം ചോർച്ചയില്ലാതെ ക്ഷേത്രങ്ങളുടെയും നാടിന്റെയും പുരോഗതിക്കായി ഉപയോഗപ്പെടുത്താനും കഴിയും.

ബഹുമാനപ്പെട്ട പല അംഗങ്ങളും ക്ഷേത്രങ്ങളിലെ സ്ഥലങ്ങൾ പ്രയോജനകരമായി ഉപയോഗപ്പെടുത്തണമെന്ന് സൂചിപ്പിച്ചിരുന്നു. അത് പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ നല്ല രീതിയിൽ നടത്തുന്നുണ്ട്.

അതിന്റെ ഫലമായി വഴിപാട് ഇതര വരുമാനങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുന്നുണ്ട്. നമ്മുടെ ക്ഷേത്രങ്ങളിലെ തരിശായി കിടക്കുന്ന സ്ഥലങ്ങൾ എങ്ങനെ ക്രിയേറ്റീവായി ഉപയോഗപ്പെടുത്താമെന്ന ചർച്ചകൾ നടന്നുവരികയാണ്. ക്ഷേത്രങ്ങളിലെ വഴിപാട് ഇതര വരുമാനങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട്; ക്ഷേത്രങ്ങളിലെ ഇന്നത്തെ ഭൗതികാന്തരീക്ഷത്തിൽ കൂടുതൽ മാറ്റങ്ങൾ വരുത്താനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ക്ഷേത്രങ്ങൾ സംരക്ഷിക്കുകയും അവിടെനിന്നുള്ള വരുമാനം വർദ്ധിക്കുകയും ചെയ്യുമ്പോൾ അതിന്റെ ഫലം ഗവൺമെന്റിന് ലഭ്യമാക്കുകയല്ല, അത് തിരിച്ച് ക്ഷേത്രങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ വേണ്ടിയാണ് വിനിയോഗിക്കുന്നത്. ചില കോണുകളിൽ നിന്നെല്ലാം ക്ഷേത്രങ്ങളിലെ വരുമാനം പിടിച്ചുപറ്റാൻ ഗവൺമെന്റ് ശ്രമിക്കുന്നുവെന്ന ആക്ഷേപങ്ങളുണ്ടാകുന്നുണ്ട്. ഒരു നയാപൈസ പോലും ക്ഷേത്രങ്ങളിൽനിന്നോ ദേവസ്വം ബോർഡിൽനിന്നോ പിടിച്ചുപറ്റുകയല്ല, മറിച്ച് അങ്ങോട്ട് കൊടുക്കുകയെന്നുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. അത് തുടർന്നും ചെയ്തുകൊണ്ട് നമ്മുടെ ദേവസ്വം ബോർഡുകളെ കേരളത്തിന്റെ ഏറ്റവും

മഹത്തായൊരു പ്രസ്ഥാനമായി മാറ്റിയെടുക്കാനുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകുമ്പോൾ എല്ലാവരുടെയും സഹായ സഹകരണങ്ങളും പിന്തുണയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് പാസാക്കിത്തരണമെന്ന് ഞാൻ പറയുന്നില്ല, സാധാരണഗതിയിൽ റവന്യൂ വകുപ്പിന്റെ ഹെഡ് പാസ്സാകുന്നതിന്റെ കൂടെ ഇതുംപാസാകും.

ദേവസ്വത്തിനുവേണ്ടി പ്രത്യേകമായൊരു ഹെഡ് രൂപീകരിക്കുന്നതിനെ കുറിച്ച് കഴിഞ്ഞ വർഷം ഡിമാൻഡ് ചർച്ചയിൽ ഞാൻ പറഞ്ഞതാണ്. അടുത്ത സാമ്പത്തിക വർഷമെങ്കിലും ദേവസ്വത്തിനുവേണ്ടി പ്രത്യേകമായൊരു ഹെഡ് രൂപീകരിക്കുന്ന കാര്യംകൂടി പരിഗണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് എല്ലാവർക്കും നന്മകൾ നേർന്നുകൊണ്ട് നിർത്തുകയാണ്.

<u>മി. സ്പീക്കർ</u>: സർവ്വശ്രീ എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, ഐ. സി. ബാലകൃഷ്ണൻ, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, ഐ. സി. ബാലകൃഷ്ണൻ, സി. ആർ. മഹേഷ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, എം. വിൻസെന്റ്, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് <u>ഹു</u>സൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക്

നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, സണ്ണി ജോസഫ്, പി. ഉബൈദുള്ള, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, എൽദോസ് പി. കുന്നപ്പിള്ളിൽ, സജീവ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം

നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ്

അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, അൻവർ സാദത്ത്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, എം. വിൻസെന്റ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, അൻവർ സാദത്ത്, ഐ. സി. ബാലകൃഷ്ണൻ, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, സജീവ് ജോസഫ്, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ

അംഗങ്ങൾ ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ്

അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, സി. ആർ. മഹേഷ്, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, പി. സി. വിഷ്ണുനാഥ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, അൻവർ സാദത്ത്, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, സണ്ണി ജോസഫ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ,

ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 13-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.26-ന് പിരിഞ്ഞു.)

* * * * * * * * *